# സംഘടിത

സംഘടിത/ജൂലൈ 2021/ വോള്യം 18/ലക്കം 14






**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**ഗസ്റ്റ് എഡിറ്റർ :**
അഹാന മേഘൽ
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ജ്യോതി നാരായണൻ
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഡോ.ഷർമ്മിള ആർ.
ഗാർഗി ഹരിതകം
ഡോ.മുത്തുലക്ഷ്മി കെ.
ശ്രീജിത
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ :**
സുവിജ കെ.
**വെബ്സൈറ്റ് :**
വസന്ത പി.



**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413



ഒരു സഹയാത്രികയുടെ ഓർമ്മകൾ
ദീപ വാസുദേവൻ
വിവർത്തനം : ശ്രീജിത പി. വി., ഗാർഗി 8

കൺവെർഷൻ വ്യാജചികിത്സ ഇനിയും തുടരണോ?
ഡോ: ജയശ്രീ എ.കെ. 24

'ഗ'
ചിത്തിര വിജയകുമാർ/ വിവർത്തനം - ഗാർഗി 30

ജൻഡർ പുനർനിർണ്ണയവും കീഴാള പുനർകേന്ദ്രീകരണവും
സുനിൽമോഹൻ ആർ. 35

നിലനിൽപ്പിന്റെ താളം
സുൽഫത്ത് ലൈല 41

താഴ് തുറന്നപ്പോൾ....
കവിത/രമ്യ രാമചന്ദ്രൻ 43

മാറേണ്ടത് ഞങ്ങളല്ല നിങ്ങളാണ്
വിദ്യ എം. 44

ദ്വന്ദ്വവത്കൃത പുരുഷാധിപത്യസമൂഹവും അരികുവത്കരണങ്ങളും
അർജ്ജുൻ ഗീത 45

ലെസ്ബിയൻ ഓർമ്മകൾ : ഹോസ്റ്റൽ ഡേയ്സ് 1999
കവിത/നിധി സിത്താര 50

ബഹുകാ[കോ]ലങ്ങൾ : വിജയരാജമല്ലികയുടെ കവിതകളെപ്പറ്റി
ഉപ്പും മുളകും/ഗീത 51

ഞാൻ- ട്രാൻസ്മാൻ
നതാൻ മാധവി 53

എനിക്ക് അറിയില്ല
കവിത/പ്രവീൺ നാഥ് 55

പോർട്രൈറ്റ് ഓഫ് എ ലേഡി ഓൺ ഫയർ
അമൃത ബർസ 57

സ്തീധനം- സമൂഹം ഉള്ളിലേക്കെടുത്ത ഒരു ഭീകര തിന്മ
പെൺപക്ഷം/അജിത കെ. 61

തോറ്റു കൊടുക്കരുത്
വാസ്തവം/ഡോ.ജാൻസി ജോസ് 65

മൗനികൾ
കവിത/ശ്രീജിത പി. വി. 66

ചീരുവിന്റെ ഓൺലൈൻ സമസ്യകൾ
വഴിത്താരകൾ/ജാനകി 67

ആടിമാസം
കവിത/മഹിത്ത് 70

സാറാ ഗിൽബർട്ടിന്റെ വാക്സിൻ വിജയഗാഥ
ശാസ്ത്രം/സീമ ശ്രീലയം 71

# മുഖവുര



**ഷീബ കെ.എം.**

സമാധാനപരമായി ജീവിച്ചുപോന്ന ഒരു ജനതയെയും അവരുടെ ഭൂപ്രദേശത്തെയും അസ്ഥിരമാക്കുകയും അവ്യവസ്ഥയിലേക്ക് നയിക്കുകയും ചെയ്യുന്ന നടപടികളാണ് കേന്ദ്രസർക്കാർ ലക്ഷദ്വീപിനോട് കൈക്കൊണ്ടത്. കേരളവുമായി ദ്വീപിനുണ്ടായിരുന്ന പൊക്കിൾക്കൊടി ബന്ധം വിച്ഛേദിക്കാനുള്ള കുൽസിതമായ നിശ്ചയദാർഢ്യമാണ് ഭരണ പരിഷ്ക്കാരങ്ങളിൽ ഉടനീളം പ്രതിഫലിക്കുന്നത്. ഇതിനിടയിൽ, പ്രതിഷേധിക്കുന്നവരെ തുറങ്കിലടയ്ക്കുക എന്ന ഫാഷിസ്റ്റ് അധികാരതന്ത്രത്താൽ ഐഷ സുൽത്താനയെപ്പോലുള്ളവരെ വേട്ടയാടി രാജ്യദ്രോഹിയായി മുദ്രകുത്താൻ നടന്ന നീക്കം അങ്ങേയറ്റം അപലപനീയമാണ്. ദ്വീപിലെ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സമരത്തിൽ കണ്ണിചേർന്നുകൊള്ളുന്നു.

ദില്ലിയിലെ സി.എ.എ. വിരുദ്ധ സമരത്തിനിടയിലുണ്ടായ സംഘർഷത്തിൽ പങ്കുണ്ടെന്ന ആരോപണത്തിൽ യു.എ.പി.എ. ചുമത്തപ്പെട്ട് ഒരു വർഷത്തോളം ജയിൽവാസം അനുഷ്ഠിക്കേണ്ടി വന്ന ദേവാംഗന കലിത, നതാഷ നർവാൽ,അസിഫ് ഇഖ്ബാൽ തൻഹ എന്നിവർക്ക് ജാമ്യമനുവദിക്കപ്പെട്ടത് ഏറെ ആശ്വാസവും പ്രത്യാശയും നൽകുന്നു. കോടതി അനുവദിച്ചിട്ടും ദുർബല ന്യായങ്ങൾ നിരത്തി ദില്ലി പൊലീസ് അവരെ ജയിലിൽ നിന്നും പുറത്തുവിടുന്നത് നീട്ടിക്കൊണ്ടുപോവുകയായിരുന്നു എന്നതിനാൽ കോടതി വീണ്ടും ഇടപെട്ടാണ് അവർ പുറത്തിറങ്ങിയത് എന്നതും ശ്രദ്ധേയമാണ്. സ്വതന്ത്ര പ്രതിഷേധങ്ങൾക്കുമേൽ അധികാര കേന്ദ്രങ്ങളുടെ പിടിമുറുക്കൽ എത്ര ശക്തവും ആസൂത്രിതവുമാണെന്ന് ഒന്നുകൂടി തെളിയിക്കുന്നതായിരുന്നു ഈ സംഭവങ്ങൾ .


ഭർതൃവീടുകളിൽ ദുരൂഹ സാഹചര്യങ്ങളിൽ മരണപ്പെട്ട അനേകം സ്ത്രീകളുടെ ദുരന്തങ്ങളെ മുൻനിർത്തി എഴുപതുകളിൾ സ്ത്രീധനവിരുദ്ധ സമരങ്ങൾ ഉയർന്നുവരികയുണ്ടായി. ഇന്ത്യയിൽ സ്ത്രീവാദപ്രസ്ഥാനങ്ങളുടെ തുടക്കങ്ങൾ തന്നെ ഈ പ്രശ്നമേറ്റെടുത്തു കൊണ്ടായിരുന്നു എന്നത് ഓർക്കേണ്ടതാണ്. അരനൂറ്റാണ്ട് പിന്നിട്ടിട്ടും ഈ ദുരവസ്ഥയ്ക്ക് മാറ്റമുണ്ടായില്ലെന്ന പരമഗൗരവതരമായ സ്ഥിതിവിശേഷമാണ് നമ്മൾ ഇന്ന് അഭിമുഖീകരിക്കുന്നത്. പ്രബുദ്ധതയ്ക്ക് പേരുകേട്ട കേരളം ലിംഗനീതിയുടെ കാര്യത്തിൽ അതിദുർബലമാണെന്ന് വീണ്ടും വീണ്ടും തുറന്നുകാട്ടുന്ന സംഭവങ്ങളാണ് കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ഉണ്ടായത്. സ്ത്രീധനപീഡനത്തിന്റെ പേരിൽ ഗാർഹികാതിക്രമങ്ങൾക്ക് വിധിപ്പെട്ട് ഒന്നിലധികം പെൺകുട്ടികളാണ് ആത്മഹത്യ ചെയ്തത്. വിവാഹം മാരകമായ സാമൂഹ്യക്രമമായി നിലനിർത്തുന്നതിൽ ഓരോ മലയാളിയും കുറ്റകരമായ പങ്ക് വഹിക്കുന്നുണ്ടെന്ന് നാം തിരിച്ചറിയണം. ഒന്നുകിൽ അതിനെ പ്രോത്സാസാഹിപ്പിച്ചോ അതല്ലെങ്കിൽ അതിന്റെ നടത്തിപ്പിനെ ചോദ്യം ചെയ്യാതെയോ.

ആണധികാരക്രമങ്ങളാൽ ഇരയാക്കപ്പെട്ടവരെച്ചൊല്ലിയുള്ള ഏറിയ ദുഃഖത്തിനും അമർഷത്തിനുമിടയിൽ അതിജീവനത്തിന്റെ ഉജ്ജ്വലപ്രതീകമായി ആനി ശിവ തിളങ്ങുന്നു. ഗാർഹികാതിക്രമത്തിന് ഇരയായിട്ടും സ്വന്തം വീട്ടിൽ ഇടം കിട്ടാതെ വന്നിട്ടും തോറ്റുകൊടുക്കാൻ തയ്യാറല്ലാതെ കൈക്കുഞ്ഞുമായി കഠിനപ്രയാസങ്ങളെ നേരിട്ട് ആനി സബ് ഇൻസ്പെക്ടറായി. ആത്മഹത്യ വ്യക്തിപരമോ സാമൂഹ്യപരമോ ആയ പരിഹാരമല്ലെന്നും മറിച്ച് വ്യവസ്ഥയെ മാറ്റിത്തീർക്കാനുള്ള അതിജീവന പ്രയത്നങ്ങളാണ് ഉണ്ടാവേണ്ടതെന്നുമുള്ള സന്ദേശം സ്വന്തം ജീവിതം കൊണ്ട് നമ്മെ ഓർമ്മിപ്പിച്ച ആനിക്ക് നന്ദി. നിറയെ അഭിനന്ദനങ്ങൾ!

വിവാഹബന്ധങ്ങൾക്കകത്തുണ്ടാകുന്ന ഹിംസയിലൂടെ കടന്നുപോകുന്ന സ്ത്രീകൾ അനുഭവിക്കുന്ന മാനസികവും ശാരീരികവുമായ അവസ്ഥ പൊതുസമൂഹം എത്രകണ്ട് ഉൾക്കൊള്ളുന്നുണ്ടെന്നത് ഇപ്പോഴും സംശയകരമാണ്. പീഡനം നിറഞ്ഞ ബന്ധങ്ങളിൽ തുടരാനാണ് വീട്ടുകാരും നാട്ടുകാരും പലപ്പോഴും പ്രേരിപ്പിക്കുക. വ്യവസ്ഥ അത്രമേൽ സ്ത്രീവിരുദ്ധമാണ്. എന്നാൽ സംരക്ഷണം നൽകേണ്ടുന്ന വനിത കമ്മീഷൻ പോലുള്ള സംവിധാനങ്ങൾ എത്ര പിൻതിരിപ്പൻ സമീപനത്തോടെയാണ് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതെന്നതിന്റെ ഞെട്ടിക്കുന്ന തെളിവായിരുന്നു അദ്ധ്യക്ഷ ശ്രീമതി ജോസഫൈന്റെ പെരുമാറ്റം. ഇതിനെ ശക്തമായി അപലപിക്കുന്നതോടൊപ്പം അവർ തൽസ്ഥാനം രാജിവെയ്ക്കാൻ പൊതുസമൂഹം ചെലുത്തിയ സമ്മർദ്ദത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു.

ലിംഗലൈംഗികസ്വത്വങ്ങളുടെ ജീവിതസാഹചര്യങ്ങളും രാഷ്ട്രീയവും സംഘടിത നിരന്തരം ചർച്ചചെയ്യാറുണ്ട്. സ്ത്രീയായി അടയാളപ്പെടുത്തപ്പെട്ട ക്വിയർമനുഷ്യരുടെ വിഷയങ്ങളാണ് അഹാന മേഘൽ അതിഥിപത്രാധിപയായ 'സഹയാത്രിക' എന്ന ഈ ലക്കത്തിൽ. ഗൗരവ വായനയ്ക്കായി സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്



**അഹന മേഘൽ**
ക്വീർ, ബൈസെക്ഷ്വൽ സ്ത്രീ, ക്വീർ മനുഷ്യാവകാശ പ്രവർത്തക, പ്രോഗ്രാം കോർഡിനേറ്റർ -സഹായത്രിക ഫോർ ഹ്യൂമൻ റൈറ്റ്സ്.

ന്യൂനപക്ഷങ്ങളിൽ ന്യൂനപക്ഷങ്ങളാണ് ഓരോ ക്വിയർ മനുഷ്യരും.വളരെ സങ്കീർണ്ണവും വ്യത്യസ്തവുമായ വെല്ലുവിളികളെ നേരിടുന്നവരാണ് ലിംഗലൈംഗിക ന്യൂനപക്ഷ സമുദായങ്ങൾ. സ്വന്തം കുടുംബത്തിൽ നിന്നും മാതാപിതാക്കളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ഏറ്റവും പ്രിയപ്പെട്ടവരിൽ നിന്നുപോലും അംഗീകാരവും പരിഗണനയും കിട്ടാത്തവരാണ്.തങ്ങളുടെ തെരഞ്ഞെടുപ്പും ഇഷ്ടങ്ങളും നിരന്തരം വിചാരണ ചെയ്യപ്പെടുന്ന ലോകത്ത് ജീവിക്കേണ്ടി വരുന്നതും സമൂഹത്തോടും തങ്ങളോടുതന്നെയും കലഹിച്ചും ബോധിപ്പിച്ചും ജീവിക്കേണ്ടിവരുന്നവരും ആണ്. ഇത്തരത്തിലെല്ലാം അങ്ങേയറ്റം ഒറ്റപ്പെടുന്ന മനുഷ്യരോട് പുറം തിരിഞ്ഞുള്ള പൊതുസമൂഹത്തിന്റെ നിശബ്ദതയിൽ ഒരുപാട് ജീവിതങ്ങളിപ്പോഴും ഇല്ലാതാകുന്നുണ്ട്. ലിംഗലൈംഗിക ന്യൂനപക്ഷങ്ങളായ ഓരോ വ്യക്തിയുടെയും ജീവിതം വ്യത്യസ്തങ്ങളായ അടയാളപ്പെടുത്തലുകളിലൂടെ കടന്നുപോകുന്നവയാണ്. അതിലെ സങ്കീർണതകൾ ജാതിയുടെയും മതത്തിന്റെയും

വർഗം നിറം, ലിംഗപദവി എന്നിവയിലെ വ്യത്യാസങ്ങൾ കൊണ്ടും വ്യത്യാസപ്പെടാം. ഈ വിഷയങ്ങളെ മനസ്സിലാക്കിയുള്ള ചേർത്തുനിർത്തൽ ഇവിടെ സാധ്യമാകുന്നുണ്ടോ എന്ന് സംശയമാണ്. ചർച്ചകൾക്ക് സമീപിക്കുന്ന ആളുകൾക്ക് കേൾക്കാൻ താല്പര്യം പലപ്പോഴും അക്കാദമിക് ആയി ഈ വിഷയങ്ങളെ അഭിസംബോധന ചെയ്യുന്ന കമ്മ്യൂണിറ്റി അംഗങ്ങളെയാണ്. ഭാഗികമായും ഒരു അടിസ്ഥാനവർഗം അല്ലെങ്കിൽ വിദ്യാഭ്യാസം കുറഞ്ഞ കമ്മ്യൂണിറ്റി ആളുകൾ,സെക്സ് വർക്ക് ചെയ്യേണ്ടിവരുന്നവർ കൂലിവേല ചെയ്യുന്നവർ, ജനനാവസ്ഥയിൽ പെണ്ണായി അടയാളപ്പെടുത്തപ്പെട്ട കമ്മ്യൂണിറ്റി, തുടങ്ങിയ പ്രിവിലേജ് കുറഞ്ഞ ലിംഗലൈംഗിക ന്യൂനപക്ഷങ്ങളുടെ സംഘർഷങ്ങളെ അടയാളപ്പെടുത്താനുള്ള സാദ്ധ്യതകൾ നഷ്ടപ്പെടുന്നുണ്ട്.ഇവർ നേരിടുന്ന വെല്ലുവിളികൾ വ്യത്യസ്തമാകാം. അവയും അടയാളപ്പെടുത്തേണ്ടതുണ്ട്. പല ഘടകങ്ങളാൽ അടിച്ചമർത്തപ്പെടുന്ന ഇത്തരം സ്വത്വങ്ങളുടെ സവിശേഷമായ പ്രശ്നങ്ങളെയും ദൗർബല്യങ്ങളും മനസിലാക്കി അവയെക്കൂടെ കേൾക്കാൻ തയ്യാറാകേണ്ടതുണ്ട്. അവർക്കും ഇടങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

LGBTQIA+ സമുദായങ്ങളെല്ലാം നേരിടുന്ന പ്രശ്നങ്ങൾ ഗൗരവമുള്ളതാണെങ്കിലും നിരന്തരം പീഡനങ്ങൾക്ക് വിധേയമാകുകയും സാമൂഹ്യപരമായ ഭ്രഷ്ട് നേരിടേണ്ടി വരികയും ചെയ്യുന്നവരാണ് പ്രധാനമായും ജനനാവസ്ഥയിൽ സ്ത്രീ ആയി അടയാളപ്പെടുത്തപ്പെട്ട, അല്ലെങ്കിൽ സ്ത്രീയായി പരിഗണിക്കപ്പെട്ട് ജീവിക്കേണ്ടി വരുന്ന ലിംഗലൈംഗിക ന്യൂനപക്ഷങ്ങൾ. സ്ത്രീവാദങ്ങൾക്കിടയിലും ലിംഗനീതിയെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്ന നവസൂമൂഹിക മുന്നേറ്റങ്ങളിലും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നു. യഥാർത്ഥത്തിൽ ലെസ്ബിയൻ, ബൈസെക്ഷ്വൽ സ്ത്രീകൾ, സ്ത്രീ ശരീരങ്ങളിൽ അകപ്പെട്ട പുരുഷന്മാർ, ഇന്റർസെക്സ് ആളുകൾ, ജൻഡർ നോൺ കൺഫോംമിംഗ് ആളുകൾ തുടങ്ങിയ മറ്റ് ലിംഗന്യൂനപക്ഷങ്ങൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ അതിലും എത്രയോ കൂടുതൽ ഭീകരമാണ്. ഇത്തരത്തിൽ ഒരു പുരുഷാധിപത്യ- സദാചാര സമൂഹത്തിൽ ജീവിക്കേണ്ടിവരുന്നതിനാലാണ് ഈ ആളുകൾക്ക് മറ്റുള്ള വിഭാഗങ്ങളെ അപേക്ഷിച്ച് ദൃശ്യത കുറയുന്നത്.

എല്ലാ ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾക്കും അവരുടെ സ്വത്വം തുറന്നുപറഞ്ഞുകൊണ്ട് ജീവിക്കുക എന്നത് ഒരു സദാചാരസമൂഹത്തിൽ വളരെ സങ്കീർണമായിരിക്കും എന്ന് നമുക്കറിയാം.സ്വയം ഒരു കാഴ്ചവസ്തുവായി ജീവിക്കുക എന്ന വെല്ലുവിളി ഏറ്റെടുക്കാൻ പലപ്പോഴും ഈ വ്യക്തികൾ തയ്യാറാകാറില്ല. അത്രയും അജ്ഞത ലിംഗലൈംഗികന്യൂനപക്ഷങ്ങളെക്കുറിച്ച് സമൂഹത്തിനുണ്ട്. സാമൂഹ്യമാധ്യമങ്ങൾ സജീവമായി ഇടപെടുന്ന കാലഘട്ടത്തിൽ ഇത്തരം വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങൾക്ക് മുൻപത്തെക്കാൾ സാദ്ധ്യതകൾ ഉണ്ട്. എന്നാൽ അതിനൊന്നും ശ്രമിക്കാതെ ഈ അന്ധതയെ ഒഴിവുകേടായി മാറ്റുന്നതാണ് കപടത. കേരളത്തിൽ ട്രാൻസ് പോളിസി നടപ്പിലാക്കിയിട്ടും ട്രാൻസ് വ്യക്തികളുടെ പ്രശ്നങ്ങളെ മനസിലാക്കുന്ന സമൂഹം ഇന്നും നമുക്കി

ല്ല. സർക്കാരിനും  ഇതേ അന്ധതയുണ്ട് . ലെസ്ബിയൻ ഗേ, ഇന്റർസെക്സ് മറ്റ് കമ്മ്യൂണിറ്റി ആളുകളെല്ലാം തന്നെ ദൃശ്യതയോടെ ജീവിക്കുകയും തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്തുതുടങ്ങിയിട്ട് എത്രയോ നാളുകളായിരിക്കുന്നു.എന്നാലിപ്പോഴും ഇത്തരം വാർത്തകൾ ആളുകൾക്ക് കൗതുകമാണ്.

ആണധികാരത്തിന്റെ ഇരകളാകുന്നത് സിസ് ജെണ്ടർ സ്ത്രീകൾ മാത്രമാണ് എന്നുള്ള ഒരു ഉദാരതാവാദ ചിന്ത പല ആളുകൾക്കിടയിലുമുണ്ട്, പല സ്ത്രീവാദചർച്ചകളിലും പിന്തുടർന്നിരുന്ന ഹെറ്ററോ നോർമറ്റീവ് ചിന്തകളുടെ അപ്പുറത്തേക്കുള്ള മനസിലാക്കൽ ക്വിയർ രാഷ്ട്രീയത്തെക്കുറിച്ചുണ്ടാകേണ്ടതുണ്ട്. ഇത് ശരീരം, ജാതി, ലൈംഗികത ,ലിംഗപദവി ,നിറം അങ്ങനെ എല്ലാത്തിന്റെയും അടിസ്ഥാനത്തിൽ വ്യത്യാസപ്പെടുന്നുണ്ട് താനും. സിസ്,ട്രാൻസ് സ്ത്രീകളും പുരുഷന്മാരും ,നോൺ ബൈനറി ആളുകൾ ,ലൈംഗിക ന്യൂനപക്ഷങ്ങൾ തുടങ്ങി എല്ലാവരെയും ഉൾകൊള്ളിച്ചുകൊണ്ടുള്ള ചർച്ചകൾ നടക്കണം .അതുപോലെത്തന്നെ ദളിത് , ആദിവാസി, മുസ്ലിം ഇതര പിന്നോക്കസമുദായങ്ങൾക്കുള്ളിൽ ക്വിയർ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടണം. നിലവിൽ പിന്തുടരുന്ന രാഷ്ട്രീയത്തിൽ ഉണ്ടാകുന്ന കാലികമായ ഇടപെടലുകളെ തിരിച്ചറിയാൻ കഴിയാത്തത്തവരാണ് ഭൂരിഭാഗം ആളുകളും.

ക്വിയർ മനുഷ്യരോട് എങ്ങനെ ഇടപെടാം, അവരുടെ മാനസികാരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയാവാം ഇത്രയേ ഏറ്റവും അടിസ്ഥാനമായി നോൺകമ്മ്യൂണിറ്റി ആളുകൾ മനസിലാക്കേണ്ടതുള്ളു. ഉദാഹരണമായി ഒരു ട്രാൻസ് വ്യക്തിയെ പരിചയപ്പെടുമ്പോൾ അവരുടെ പഴയ പേര് കേൾക്കാനുണ്ടാകുന്ന കൗതുകം, അവരുടെ ലൈംഗിക അവയവങ്ങളെക്കുറിച്ചുണ്ടാകുന്ന സംശയങ്ങൾ, പങ്കാളിയുമായിട്ടുള്ള ലൈംഗികബന്ധത്തക്കുറിച്ചുള്ള ആകാംക്ഷ, സ്വവർഗാനുരാഗികളായ സ്ത്രീകൾകുടെയോ ,അല്ലെങ്കിൽ ട്രാൻസ് പുരുഷന്മാരുടെ പങ്കാളികളായ സ്ത്രീകളുടെയോ ലൈംഗികത ഹെറ്ററോ സെക്ഷ്വൽ ലൈംഗികതയുടെ അത്ര തൃപ്തികരമായിരിക്കില്ല എന്നുള്ള ഒരു ഒരു നിഗമനം , അത്തരത്തിലുണ്ടാകുന്ന സംസാരങ്ങൾ, ട്രാൻസ് ആളുകളെ അസൈൻഡ് ജൻഡറിൽ തന്നെ അഭിസംബോധന ചെയ്യുക -  ഇതൊക്കെ ഇവിടുത്തെ ശരാശരി ഹെട്രോനോർമേറ്റീവ് കൗതുകങ്ങളാണ്. ലൈംഗികതയിലെ വൈവിധ്യങ്ങൾ എല്ലാ മനുഷ്യരിലും സർവസാധാരണമായി നിലനിൽക്കുന്ന സ്വാഭാവികമായ ഒന്നാണെങ്കിലും അവയെ അംഗീകരിക്കാനോ ഉൾക്കൊള്ളാനോ കാണിക്കുന്ന വിമുഖത സാമ്പ്രദായികമായ രീതികളെ പിന്തുടരുന്ന പൊതുചിന്തയിൽ നിന്നുണ്ടാകുന്നതാണ്.

കേരളത്തിൽ ട്രാൻസ് പോളിസി രൂപീകരിക്കപ്പെട്ടതും ട്രാൻസ് സമുദായത്തെ അംഗീകരിച്ചതും LGBTQIA+സമുദായത്തെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമായ സമരനേട്ടമാണ്.എന്നിരുന്നാലും ട്രാൻസ് ജെൻഡർ പോളിസിയുടെ ഭാഗമായി സർക്കാർ തലത്തിൽ ട്രാൻസ് വ്യക്തികൾക്കായ് നടപ്പിലാക്കുന്നു എന്ന് പറയുന്ന പല സംവിധാനങ്ങളും  തൃപ്തികരമാണോ എന്നത് കമ്മ്യുണിറ്റി പരിശോധിക്കേണ്ടിയിരിക്കുന്നു.  ട്രാൻസ് പുരുഷനും ട്രാൻസ് സ്ത്രീയ്ക്കും വ്യത്യസ്തങ്ങളായ ജീവിത സാഹചര്യങ്ങളും പ്രതിസന്ധികളുമാണ് ഉള്ളതെന്ന് മനസിലാക്കിയിട്ടുള്ള നടപടികൾ അല്ല സർക്കാർ സംവിധാനങ്ങളിൽ ഉള്ളത്. ആരോഗ്യപ്രശ്നങ്ങൾ മറ്റ്  അടിസ്ഥാന ആവശ്യങ്ങൾ ഇവയിലൊന്നും ട്രാൻസ് ആളുകൾക്ക് പരിരക്ഷ ലഭിക്കുന്ന തരത്തിലുള്ള പദ്ധതികൾക്കൊന്നും തുടക്കം കുറിച്ചിട്ടില്ല. സാമൂഹ്യനീതി / ക്ഷേമ വകുപ്പുകൾ അവരുടെ കീഴിൽ നടപ്പിലാക്കേണ്ട ജോലികൾ കൃത്യമായി നടപ്പിലാക്കുന്നില്ല .കഴിഞ്ഞ ലോക്ക് ഡൗൺ കാലത്ത് ലഭ്യമാക്കേണ്ട സാമ്പത്തികസഹായം ഇപ്പോഴും ലഭ്യമാകാത്ത ആളുകളുണ്ട് , ഫുഡ് കിറ്റ് കിട്ടാത്ത ആളുകൾ ഉണ്ട് .അതിനൊന്നും ഒരു കൃത്യമായ മോണിറ്ററിങ് സംവിധാനം നിലവിലില്ല.

ട്രാൻസ്ജെൻഡർ ആളുകൾക്കായി നടപ്പിലാക്കിയ ഷെൽട്ടർ ഹോമുകളിൽ തന്നെ മുൻപ് അതിന്റെ നടത്തിപ്പവകാശം സമുദായാധിഷ്ഠിത സംഘടനകൾക്കായിരുന്നു .എന്നാൽ ഇപ്പോൾ ഇആഛ കളെ ഒഴിവാക്കി മറ്റ് ചഏഛ കൾക്ക് നടത്തിപ്പവകാശം നൽകിയിട്ടുണ്ട് .ഈ ചഏഛ ഭാരവാഹികൾക്ക് ക്വിയർ മനുഷ്യരുടെ ജീവിതങ്ങളുമായി പരിചയമില്ലാത്തതിനാൽത്തന്നെ അതിന്റേതായ ബുദ്ധിമുട്ടുകൾ കമ്മ്യൂണിറ്റി നേരിടേണ്ടി വരുന്നുണ്ട്.ചഏഛ കൾക്ക്  വേണ്ടുന്ന കൃത്യമായ മാർഗനിർദേശങ്ങൾ നൽകിയിട്ടില്ല. രാജ്യത്ത്  ക്വിയർ സമുദായങ്ങൾക്കായി ഒരു കേന്ദ്ര സംഘടനാസംവിധാനം നിലവിലില്ലാത്തതിനാൽത്തന്നെ ഇവർക്കായി പ്രവർത്തിക്കുന്ന പ്രാദേശികസംഘടനകളുമായി കൂടിയാലോചിച്ചാണ് എല്ലായിടത്തും പദ്ധതികൾ  നടപ്പിലാക്കുന്നത്.എന്നാൽ കേരളത്തിൽ സംഘടനകൾ നൽകുന്ന അഭിപ്രായങ്ങളും നിർദേശങ്ങളും ഉൾകൊള്ളുന്ന സംവിധാനങ്ങൾ നിലവിലില്ല. സംഘടനാപരമായി നൽകുന്ന പരാതികൾക്ക് വ്യക്തമായ മറുപടി നൽകുകയോ അവയെ പരിഗണിക്കുകയോ ചെയ്യാറില്ല. പ്രവിലേജ് ഇല്ലാത്ത  കമ്മ്യൂണിറ്റി എന്ന നിലയിൽ പലപ്പോഴും സർക്കാരിനെ വിമർശിക്കാൻ ആളുകൾക്ക് പേടിയുണ്ടാകാം . നിലവിലെ ആനുകൂല്യങ്ങൾ തന്നെ നഷ്ടപ്പെട്ടാലോ എന്നുള്ള ഭയവും ആ

ളുകളുടെ അരക്ഷിതാവസ്ഥയും അതിനൊരു കാരണമാകാറുണ്ട്. ടി ജി കാർഡ് പോലെയുള്ള ഐഡന്റിറ്റി തെളിയിക്കുന്ന രേഖകൾ നിർബന്ധമാക്കുമ്പോൾ അത് ലഭിക്കാനുള്ള സംവിധനങ്ങൾ സജീവമല്ല.കാർഡില്ലാതെ ആളുകൾക്ക് പലപ്പോഴും സർക്കാർ ആനുകൂല്യങ്ങളുടെ സഹായം ലഭിക്കാൻ പറ്റാതെ വരുന്നുണ്ട് .അതുപോലെത്തന്നെ ക്രൈസിസ് ഇന്റർവെൻഷൻ പോലുള്ള സംവിധാനങ്ങൾ സർക്കാർതലത്തിൽ നടക്കുന്നില്ല. ട്രാൻസ് ആളുകൾക്ക് നേരെ നടക്കുന്ന അക്രമങ്ങളിൽ കൃത്യമായ നിയമ നടപടികൾ കൈകൊള്ളുന്നില്ല .പലപ്പോഴും അത്തരം അക്രമങ്ങൾ നടക്കുന്നത് പോലീസിന്റെ ഭാഗത്തുനിന്നുപോലും ആണ്. ക്രൈസിസ് ഇന്റർവെൻഷന്റെ ഭാഗമായി സമീപിക്കുന്ന ഭൂരിഭാഗം പോലീസ് ഉദ്യോഗസ്ഥർക്കും ട്രാൻസ്ജെൻഡർ വ്യക്തികളെക്കുറിച്ചോ ,ഹോമോസെക്ഷ്വാലിറ്റിയെക്കുറിച്ചോ  യാതൊരു അറിവുമില്ല. അതുകൊണ്ടു തന്നെ കമ്മ്യൂണിറ്റിക്കു പോലീസിന്റെ ഭാഗത്തുനിന്നും ഒരു സഹായവും ലഭിക്കാറില്ല .പലരും നിർബന്ധിതരായി വീടുകളിലേക്ക് തിരികെപോകേണ്ടിവരുന്നവരും അപമാനിതരാകുന്നവരുമാണ്. വൈകാരികമായിട്ടുള്ള മനസിലാക്കലുകൾ ഘഏആഠഝകഅ+ ആകുകളുടെ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.യഥാർത്ഥത്തിൽ ചില ആനുകൂല്യങ്ങൾ നൽകി ഒരു സമുദായത്തെ മുഴുവൻ നിശ്ശബ്ദരാക്കുകയാണ് സർക്കാർ ചെയ്തുവരുന്നത്.


ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങളായ ആളുകൾ കുടുംബത്തിനകത്തുനിന്നും നേരിടാൻ സാധ്യതയുള്ള ബുദ്ധിമുട്ടുകളെ പൊലീസോ കോടതിയോ പലപ്പോഴും അംഗീകരിക്കാൻ തയ്യാറല്ല .കുടുംബം ഒരു സുരക്ഷിതമായ ഇടമാണ് എന്നുള്ള സദാചാരചിന്തയിൽ നിന്നുകൊണ്ട് വീട്ടുകാർക്ക് ഒരു വ്യക്തിയുടെ മേൽ അധികാരം ഉണ്ടെന്നു പറഞ്ഞുകൊണ്ട് പല ആളുകളെയും തിരികെ വീടുകളിലേക്ക് അയയ്ക്കുകയും നിർബന്ധിത വിവാഹത്തിനും, നിർബന്ധിത ചികിത്സയ്ക്കും വിധേയരാക്കാൻ മുൻകൈ എടുക്കുന്നതായും കാണാറുണ്ട്.

ഈ അടുത്തയിടെ 21 വയസ്സുള്ള പെൺകുട്ടികൾ ആത്മഹത്യചെയ്തതും,രണ്ട്  ഗേ പുരുഷന്മാർ ആത്മഹത്യ ചെയ്തതും കൺവെർഷൻ തെറാപ്പിക്ക് വിധേയയാക്കിയ  പെൺകുട്ടി ആത്മഹത്യ ചെയ്തതും ,ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്യാനാഗ്രഹിച്ച ഒരാളെ സഹോദരൻ കൊലപ്പെടുത്തിയതുമായ ഒട്ടേറെ സംഭവങ്ങൾ കേരളത്തിൽ ഉണ്ടായി. ഈ വാർത്തകളൊന്നും പൊതുമനസാക്ഷിയെ  സ്പർശിക്കുന്നില്ലയെങ്കിൽ, ഈ സമൂഹം അവകാശപ്പെടുന്ന സഹജീവി സഹിഷ്ണുതകളെല്ലാം  കപടമാണെന്ന് മനസിലാക്കേണ്ടിവരും. ഉള്ളിലുള്ള സദാചാരബോധത്തെ ആത്മപരിശോധന നടത്തേണ്ടി വരും. ഈ ലക്കം സംഘടിതയിലെ എഴുത്തുകൾ അത്തരമൊരു ആത്മ പരിശോധനയ്ക്ക് സഹായകമാകും എന്നു കരുതട്ടെ .

ക്യുവെർ  കമ്മ്യൂണിറ്റി നേരിടുന്ന ഇത്തരം അതിക്രമങ്ങളെ  ഡൊമസ്റ്റിക് വയലൻസ് ആയി പോലും കണക്കാക്കപെടുന്നില്ല. മറ്റൊരു  പ്രതിസന്ധി താമസസ്ഥലമാണ്.  ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് താൽക്കാലികമായെങ്കിലും ഒരു ഷെൽട്ടർ സംവിധാനം ഉള്ളത്  ആശ്വാസകരമാണെങ്കിലും വീട് വിട്ടിറങ്ങി വരുന്നവരും വീട്ടിൽ നിന്ന് പുറത്തക്കുന്നവരുമായിട്ടുള്ള  ലെസ്ബിയൻ ,ബൈസെക്ഷ്വൽ സ്ത്രീകൾ ട്രാൻസ് പുരുഷന്മാരുടെ സിസ്സ്ത്രീ പങ്കാളികൾ  തുടങ്ങിയ കമ്മ്യൂണിറ്റി അംഗങ്ങൾക്ക് അവരുടെ പ്രതിസന്ധിഘട്ടങ്ങളിൽ താമസിക്കാൻ ഇടമുണ്ടാകാറില്ല .സ്വവർഗ്ഗാനുരാഗികളും ട്രാൻസ്  പുരുഷന്മാരുടെ പങ്കാളികളും ആയ സ്ത്രീകളെ വീട്ടുകാർ തടവിൽ വെക്കുന്നതും  നിർബന്ധിത പരിവർത്തന ചികിത്സയ്ക്ക് വിധേയമാകുന്നതും പെൺകുട്ടികളുടെ സമ്മതമില്ലാതെ വിവാഹം തീരുമാനിക്കുകയും ചെയ്യുന്ന  അനുഭവങ്ങളിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുകയാണ്.വളരെ മനുഷ്യത്വ വിരുദ്ധവും കുടുംബങ്ങളെ പിന്തുണക്കുകയും  ചെയ്യുന്ന  സമീപനങ്ങളാണ്  പോലീസിന്റെ ഭാഗത്ത് നിന്നും  ലഭിച്ചിട്ടുള്ളൂ. സ്വന്തം മക്കളുടെ ഇഷ്ടങ്ങളെയും സന്തോഷത്തെയും അംഗീകരിക്കാത്ത,  അവരെ പല ചികിത്സാ രീതികൾക്ക് വിധേയമാക്കുന്ന മാതാപിതാക്കളെക്കുറിച്ച് അത്യധികം ആശങ്കയും പേടിയും മാത്രമേയുള്ളൂ. സ്വന്തം  കുഞ്ഞുങ്ങളെ മരണത്തിന് വിട്ട് കൊടുക്കുന്ന ഈ സ്നേഹത്തെ ന്യായീകരിക്കാൻ കഴിയുന്നതല്ല. നിർബന്ധിത വിവാഹവും,  പെൺകുട്ടികൾക്ക് നേരയുള്ള വീട്ടുകാരുടെ അധികാര മനോഭാവത്തെയുമൊക്കെ ഇനിയും മാറിയിട്ടില്ല.കുടുംബത്തിന്റെ ഇത്തരത്തിലുള്ള സ്നേഹം ഒരിക്കലും നിസ്വാർത്ഥമല്ല, തികഞ്ഞ സദാചാരമാണ്.കുടുംബത്തിൽ നിന്ന് തന്നെ മാറ്റങ്ങളുണ്ടായെങ്കിൽ മാത്രമേ ക്വീർ മനുഷ്യർക്ക് അഭിമാനത്തോടെയും അന്തസോടെയും ജീവിക്കാനൊനുള്ള സാഹചര്യം ഉണ്ടാകുകയുള്ളൂ.

ചർച്ചാവിഷയം

**ദീപ വാസുദേവൻ**
ക്വിവർ ഇന്റർസെക്ഷണൽ ഫെമിനിസ്റ്റും സഹയാത്രികയുടെ മാനേജിങ് ട്രസ്റ്റിയുമാണ്. എഴുത്തുകാരിയും കലാസ്വാദകയുമാണ്.



ഇംഗ്ലീഷിൽ നിന്ന് പരിഭാഷ : **ശ്രീജിത പി. വി., ഗാർഗി**

# ഒരു സഹയാത്രികയുടെ ഓർമ്മകൾ



2008ലെ വാലൻറ്റൈൻസ് ഡേയോടടുപ്പിച്ച് ഒരു ദിവസം ഞാനും ഡോക്ടർ ജയശ്രീയും രേഷ്മ ഭരദ്വാജും 'ലാബിയ' യിലെ മീന ഗോപാലും അടങ്ങുന്ന ഒരു സംഘം കേരളത്തിലെ ലെസ്ബിയൻ ആത്മഹത്യകൾ എന്ന വിഷയത്തിൽ ഞങ്ങളുടെ ആദ്യത്തെ തെളിവെടുപ്പിനായി പുറപ്പെട്ടു. നീണ്ട ഭീമാകാരമായ മലനിരകൾ, കുഞ്ഞുകുഞ്ഞു ചാലുകൾ, പാറക്കെട്ടുകൾ എന്നിവയാൽ സമൃദ്ധമായ ഒരു പച്ചപ്പു നിറഞ്ഞ പ്രദേശമായിരുന്നു അവിടം .അവിടത്തെ പ്രകൃതിസൗന്ദര്യം ഞങ്ങൾ അന്വേഷിക്കാനായിറങ്ങിയ ദുരന്തത്തിന് എത്ര വിരുദ്ധമാണെന്ന് ഞാനോർത്തു . രണ്ട് കൂട്ട ആത്മഹത്യകളെക്കുറിച്ചായിരുന്നു ഞങ്ങൾക്ക് വിവരങ്ങൾ ശേഖരിക്കേണ്ടിയിരുന്നത്. ജനങ്ങളുടെ വ്യത്യസ്തമായ അഭിപ്രായങ്ങളും കൂടുതൽ സംഭവവികാസങ്ങളും ഞങ്ങളെ കാത്തിരിക്കുന്നുണ്ടായിരുന്നു. അഭിപ്രായങ്ങളിൽ ഒരു വശം കരുതലിന്റെയും ശ്രദ്ധയുടെയും ആയിരുന്നെങ്കിൽ മറ്റൊന്ന് വേദനയുടെതായിരുന്നു . ആത്മഹത്യ ചെയ്തവരിൽ ഒരാളുടെ ബന്ധു പറഞ്ഞത് മുൻപേ അറിഞ്ഞിരുന്നെങ്കിൽ ഞങ്ങൾക്ക് അവരെ രക്ഷിക്കാമായിരുന്നു എന്നാണ് . എന്നാൽ മറ്റൊരാളുടെ കുടുംബം ഇങ്ങനെയൊരാൾ ജീവിച്ചിരിക്കുന്നതിലും

ഭേദം മരിക്കുകയാണ് എന്ന മട്ടിൽ തീർത്തും തള്ളിപ്പറയുകയായിരുന്നു.

'സഹയാത്രിക'യുടെ തുടക്കം പത്തു മാസത്തേക്കുള്ള ഒരു പ്രോജക്ട് എന്ന നിലക്കായിരുന്നു . ഇതായിരുന്നു ആദ്യത്തെ പ്രധാന ദൗത്യവും . ഇതിനുള്ള സഹായവും മാർഗ്ഗനിർദ്ദേശങ്ങളും ഞങ്ങൾക്ക് ലഭിച്ചത് തിരുവനന്തപുരത്തെ 'ഫേം' ൽ നിന്നും ബാംഗ്ലൂരിലെ 'സംഗമ' യിൽ നിന്നും ആയിരുന്നു. എന്റെ ഇടപെടലിനെക്കുറിച്ച് പറയുകയാണെങ്കിൽ – മലയാളികളായ മാതാപിതാക്കൾ ഉള്ള കാനഡയിൽ വളർന്ന ഒരു ക്വിയർ സ്ത്രീ എന്ന നിലയിൽ സ്വന്തം വേരുകൾ അന്വേഷിച്ച് ഞാൻ ഇവിടെ എത്തിയതായിരുന്നു . ആ കാലത്ത് എനിക്ക് കാണാൻ കഴിഞ്ഞ അപൂർവം ചില ക്വിയർ വ്യക്തികൾ തന്നെ വളരെയധികം കഷ്ടപ്പെടുന്ന ജീവിത സാഹചര്യങ്ങളിൽ തീർത്തും ഒറ്റപ്പെട്ട അവസ്ഥയിലായിരുന്നു. അതേസമയം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ എൽജിബിടി പ്രസ്ഥാനങ്ങളും സംഘടനകളും ഉണ്ടായിരുന്നു . ഇവ മിക്കവയും വലിയ നഗരങ്ങളിൽ മാത്രമായിരുന്നു . ആ കാലത്ത് 'സംഗമ' യിലും 'സംഗിണി' യിലും പ്രവർത്തിച്ചിരുന്നവർ ഇവിടെ ഒരു പ്രോജക്ട് തുടങ്ങാൻ എന്നെ പ്രോത്സാഹിപ്പിച്ചു.

'സംഗമ'യിൽ തന്നെ പ്രവർത്തിച്ചിരുന്ന മനോഹർ ആയിരുന്നു ലെസ്ബിയൻ ആത്മഹത്യകളെക്കുറിച്ചുള്ള പല ന്യൂസ്പേപ്പർ റിപ്പോർട്ടുകളിലേക്ക് എന്റെ ശ്രദ്ധ തിരിച്ചതും ഒരു ഫാക്റ്റ് ഫൈൻഡിങ് സംഘം രൂപീകരിക്കാനും നിർദ്ദേശിച്ചത്. ആ അഭിപ്രായപ്രകാരം ഞങ്ങൾ ലെസ്ബിയൻ ബൈസെക്ഷ്വൽ സ്ത്രീകൾക്കുവേണ്ടി ഒരു ഹെൽപ്പ് ലൈൻ സംവിധാനം ആരംഭിച്ചു. കേരളത്തിൽ ആ കാലത്ത് LGBTQIA+ ഇഷ്യൂസ് ഒരു സോഷ്യൽ മൂവ്മെൻറ് ആയി പരിഗണിച്ചുള്ള ചർച്ചയൊന്നും നടക്കുന്നുണ്ടായിരുന്നില്ല. പുരുഷന്മാരുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്ന പുരുഷന്മാരെ ഉദ്ദേശിച്ചുള്ള എച്ച്ഐവി പ്രിവൻഷൻ പ്രോജക്റ്റുകളും സ്വന്തം അവകാശസംരക്ഷണത്തിനായി യുദ്ധം ചെയ്യുന്ന ലൈംഗിക തൊഴിലാളികളുടെ സമരങ്ങളും കൂട്ടായ്മകളും സജീവമായിരുന്നു. ലൈംഗികത്തൊഴിലാളികളുടെ ഫോറങ്ങളിൽ ആൺ പെൺ സാന്നിധ്യങ്ങൾ ഉണ്ടായിരുന്നു. (ആ സമയത്ത് ട്രാൻസ് സെക്സ് വർക്കേഴ്സിൽ മിക്കവരും ട്രാൻസ്ജെൻഡർ എന്ന സ്വത്വപദവിയുമായി പുറത്തേക്ക് വന്നിരുന്നില്ല) . സെക്സ് വർക്കേഴ്സ് മൂവ്മെന്റ്സിനെക്കുറിച്ചും ഇത്തരത്തിൽ ഉരുത്തിരിഞ്ഞുവന്ന സെക്ഷ്വാലിറ്റി മൂവ്മെന്റ്സിനെക്കുറിച്ചും അക്കാലത്ത് സാമൂഹ്യ പ്രവർത്തകർക്കിടയിൽ വ്യത്യസ്ത അ







ഭിപ്രായങ്ങളും എതിർപ്പുകളും ഉയർന്നുവന്നിട്ടുണ്ട് . ഞാൻ കേരളത്തിലെത്തുന്നത് 1999 ഒടുവിലായിരുന്നു. എന്നെ വിശേഷിപ്പിക്കാവുന്നത് Diasporic Malayali Queer Woman ( പ്രവാസി മലയാളി ക്വിയർ സ്ത്രീ) എന്നായിരിക്കും. എന്നെ ബന്ധിപ്പിച്ചിരുന്ന ഘടകം എന്ന് പറയുന്നത് അച്ഛനമ്മമാരുടെ സംസ്കാരവും ചരിത്രവും അറിയാനുള്ള ഒരു ത്വരയായിരുന്നു. കാനഡയിൽ ഏറെ അന്വേഷണങ്ങൾക്കൊടുവിലാണ് മുഖ്യധാരയ്ക്ക് പുറത്ത് ക്രിയാത്മകമായ രാഷ്ട്രീയവുമായി പല മുന്നേറ്റങ്ങളിലും പ്രവർത്തിച്ചിരുന്ന പല ആദിമനിവാസികളായ കറുത്ത ട്രാൻസ് ക്വിയർ വ്യക്തികളെ ഞാൻ പരിചയപ്പെടുന്നത് . കേരളത്തിലെ ഒരു മധ്യവർഗ്ഗ നായർ കുടുംബത്തിൽ എത്തിച്ചേർന്ന ശേഷം എന്റെ ചിന്തകളിൽ ഉണ്ടായിരുന്ന ചോദ്യമായിരുന്നു ഇവിടുത്തെ ക്വിയർ ട്രാൻസ് മനുഷ്യർ എല്ലാവരും എവിടെപ്പോയെന്ന് . ഇന്റർനെറ്റിലാണ് ക്വിയർ സാന്നിധ്യം ഏറെയും കാണപ്പെട്ടത്. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നവർ




അക്കാലത്ത് അന്താരാഷ്ട്ര തലത്തിൽ പരസ്പരം ബന്ധപ്പെടുവാൻ തുടങ്ങിയിരുന്നു. എനിക്ക് കേരളത്തിൽ കുറച്ചു ക്വിയർ ആയ സൗഹൃദങ്ങൾ ഉണ്ടാക്കാൻ സാധിച്ചു. അവരിലൂടെയാണ് കുറെ കാര്യങ്ങൾ അറിയാൻ കഴിഞ്ഞത് .അന്ന് ഇൻറർനെറ്റിൽ പരസ്പരം കമ്മ്യൂണിറ്റി തിരയുന്നവരിൽ പ്രത്യേകിച്ചും പെൺ സ്വത്വമുള്ളവർക്ക് അപകടസാധ്യത ഉണ്ടായിരുന്നതിന് ഒരു കാരണം ആണുങ്ങൾ ഫേക്ക് ഐഡിയിൽ വന്ന് ലെസ്ബിയൻ സ്ത്രീകളോട് സംസാരിക്കാൻ ശ്രമിച്ചിരുന്നു എന്നതാണ് . മാധവിക്കുട്ടിയുടെ എഴുത്തുകളുടെ വിവർത്തനം വായിച്ചതിലും ടിവിയിൽ ക്വിയർ ബന്ധങ്ങളെക്കുറിച്ചുള്ള പടം എന്നവതരിപ്പിക്കപ്പെട്ട 'ദേശാടനക്കിളികൾ കരയാറില്ല' എന്ന സിനിമയിലും മാത്രമാണ് ഞാൻ ലെസ്ബിയൻ പ്രതിനിധാനം മലയാളത്തിൽ കണ്ടിട്ടുള്ളത് . പിന്നീടൊരിക്കൽ ഒരു ലെസ്ബിയൻ മസാല കഥ പോലെ അവതരിപ്പിച്ച കഥ വായിച്ചിട്ടുള്ള അനുഭവം ഉണ്ടായത് ട്രെയിനിൽവച്ച് ഫയർ മാഗസിൻ വായിച്ചപ്പോഴാണ് .ക്വിയർ സ്ത്രീകളുടെയും ട്രാൻസ് വ്യക്തികളുടേയും ജീവിതത്തിൽ നടക്കുന്ന യഥാർത്ഥ സംഭവങ്ങളെ

പൊലിപ്പിച്ചും പൊടിപ്പും തൊങ്ങലും വെച്ച്  അവതരിപ്പിച്ചും തങ്ങൾ ഇവരെ തുറന്നു കാണിക്കുന്നു എന്ന വ്യാജേന കള്ളവും മസാലയും ചേർത്ത് അവതരിപ്പിക്കൽ ആണ് ഇവർ ചെയ്യുന്നത് എന്ന് പിന്നീട് മനസ്സിലായി .അതുപോലെ തന്നെ  യഥാർത്ഥ ജീവിതത്തിൽ നിന്നും തീർത്തും വ്യത്യസ്തമായിരുന്നു ഓൺലൈനായും അല്ലാതെയും സമൂഹത്തിലേക്ക് എത്തുന്ന എല്ലാ ലെസ്ബിയൻ (പോൺ) അവതരണങ്ങളും. രണ്ടായിരത്തി ഒന്നിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ LGBTQIA+ സംഘടനകളുടെ സ



ഹായത്തോടെ ക്വിയർ സ്ത്രീകളുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന ഒരു പ്രോജക്ടിലേക്കാവശ്യമായ സഹകരണം തേടി കേരളത്തിലെ സ്ത്രീവാദ സംഘടനകളെയാണ് ഞാൻ സമീപിച്ചത് . ഇതിന് ഒരു കാരണവും ഉണ്ട് . എന്റെ തന്നെ ക്വിയർ സ്വത്വം മനസ്സിലാക്കാൻ എന്നെ സഹായിച്ചത് മറ്റു സ്ഥലങ്ങളിലെ സ്ത്രീവാദ ഇടങ്ങളാണ് എന്നതുകൊണ്ട് സ്ത്രീവാദ പ്രസ്ഥാനങ്ങളാണ്  രാഷ്ട്രീയത്തിൽ എന്റെ അഭയകേന്ദ്രമായി ഞാൻ കണക്കാക്കിയത്. പക്ഷേ കേരള രാഷ്ട്രീയാന്തരീക്ഷത്തിൽ മറ്റു സാമൂഹിക പ്രവർത്തകരെ പോലെതന്നെ ഫെമിനിസ്റ്റുകളുടെ ഇടയിലും ലൈംഗികതയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പൊതുപ്രവർത്തത്തിന്റെ ഭാഗമാക്കുന്നതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണ് ഉയർന്നുവന്നത്. അവർ രഹസ്യമായ പിന്തുണ മാത്രം പ്രഖ്യാപിച്ചു .പിന്നീട് ഞാൻ ഡോക്ടർ ജയശ്രിയെ കാണാനിടയായി . അവർ എന്നെ അവരുടെ സംഘടനയായ ഫേം (FIRM ) ലേക്ക് ക്ഷണിച്ചു .ലൈംഗികതയുമായി ബന്ധപ്പെട്ട അവരുടെ പ്രോജക്റ്റ് കേരളത്തിൽ വ്യക്തിപരമായതും സംഘടനാപരമായതുമായ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയിരുന്നു.  അവർ ലൈംഗിക തൊഴിലാളികളെ പൊതുരംഗത്തേക്ക് കൊണ്ടുവരികയും   എച്ച്.ഐ.വി. രോഗബാധ തടയാനുള്ള പ്രോജക്ടുകളിൽ ഏർപ്പെടുത്തുകയും ചെയ്തു. ഇത്തരത്തിൽ സഹയാത്രികയുടെ ആദ്യത്തെ ഇടം എന്നു പറയാവുന്നത് ആൺ പെൺ ട്രാൻസ് ലൈംഗികത്തൊഴിലാളി പിന്തുണയോടെ ഉടലെടുത്തു. ഞങ്ങൾ കേരളത്തിലെ ലെസ്ബിയൻ ആത്മഹത്യകളെക്കുറിച്ചുള്ള പത്ര റിപ്പോർട്ടുകളും ലേഖനങ്ങളും ശേഖരിക്കുകയും അവയെക്കുറിച്ച് പലരോടും സംസാരിക്കുകയും ചെയ്തു . അന്ന്  ലെസ്ബിയൻ ആത്മഹത്യാ ഫാക്ട് ഫൈന്റിംഗിന്റെ ഉദ്ദേശം കേരളത്തിൽ ലെസ്ബിയൻ സ്

ത്രീകൾ ഉണ്ടോ എന്ന് അന്വേഷിക്കലാണോ എന്ന് ചിലർ ചോദിച്ച ത് 2001 കാലത്തൊക്കയുള്ള ക്വിയർ ട്രാൻസ് പൊതുസാന്നിധ്യ ത്തിന്റെ അഭാവം സുചിപ്പിക്കുന്നു.മറ്റൊരു അനുഭവം ഹൈദരാ ബാദിലേതാണ്. ഒരു കോൺഫറൻസിൽ പ്രബന്ധം അവതരിപ്പി ക്കാനുള്ള അവസരം കിട്ടിയപ്പോൾ പല ചോദ്യങ്ങളും കേൾക്കു കയും പല പ്രതിസന്ധികളും അഭിസംബോധന ചെയ്യുകയുമുണ്ടാ യി .അന്ന് നിലനിന്ന ഒരു ധാരണ എൽജിബിടി സ്വത്വം എന്ന് പറ യുന്നത് പാശ്ചാത്യസമൂഹങ്ങളിൽ മാത്രം കണ്ടുവരുന്നതാണ് എ ന്നായിരുന്നു . കേരളത്തിലും ഹൈദരാബാദിലും ഒക്കെ ഇത് വ രേണ്യവർഗ്ഗ / ജാതി ഇടങ്ങളിൽ നിന്നും വരുന്നവരുടെ വിഷയ മായാണ് കണ്ടത്. അതിൽ എന്നെയും അവർ ഉൾപ്പെടുത്തി. എ ന്നാൽ പത്രവാർത്തകളിൽ ആത്മഹത്യ ചെയ്തവരിൽ മിക്കവരും അരികുവൽക്കൃത യുവാക്കളും പെൺകുട്ടികളുമായി അടയാള പ്പെടുത്തപ്പെട്ടിരുന്നു. സ്വവർഗ്ഗ പ്രണയിതാക്കളും വ്യവസ്ഥാപി തമായി വീട്ടുകാരൊരുക്കുന്ന ഹെട്രോ സെക്ഷ്വൽ വിവാഹത്തിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിച്ചവരുമായിരുന്നു ഇവർ എന്നാണ് ക ണ്ടെത്താൻ കഴിഞ്ഞത്. ദളിത്-ആദിവാസി മുസ്ലിം കമ്മ്യൂണിറ്റിയിൽ നിന്നുള്ളവരോ മുസ്ലീങ്ങളോ ആയിരുന്നു ഇവരിൽ കൂടുതൽ. ആ







യതുകൊണ്ട് ഇവരെ ബാധിച്ച പ്രശ്നം കൂടുതലും ദാരിദ്ര്യവും ലൈംഗികപീഡനങ്ങളും ആയിരിക്കുമെന്നും ലൈംഗികത ആയിരിക്കില്ല എന്നുമായിരുന്നു വാദം.

ഹൈദരാബാദ് കോൺഫറൻസിൽ വെച്ച് പരിചയപ്പെടാൻ ഇടയായ രേഷ്മയും മാ യ എസ്സും എന്നോടൊപ്പം FIRM മായി ഒത്തുചേർന്നുള്ള സഹയാത്രികയുടെ ആദ്യ ത്തെ പ്രൊജക്റ്റ് ൽ 2002 മുതൽ പ്രവർത്തിച്ചു. ഫാക്ട് ഫൈൻഡിങ്സ് സംഘടിപ്പിച്ചതു കൊണ്ട് ആത്മഹത്യചെയ്ത കുറേ യുവാക്കളുടെ കുടുംബക്കാരോടും ഒപ്പം സുഹൃത്തു ക്കളോടും വളരെയധികം സങ്കീർണമായ സംഭാഷണങ്ങൾ സാധ്യമായി . വെല്ലുവിളി കൾ ഏറെയായിരുന്നു . ഒട്ടേറെ കാരണങ്ങളാൽ അടിച്ചമർത്തപ്പെട്ടവരിൽ ഒരു രീതിയിൽ മാത്രമുള്ള (ലൈംഗികതയുമായി ബന്ധപ്പെട്ടുള്ള) മർദ്ദിതാവസ്ഥ കണ്ടു മനസ്സിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നുവെങ്കിൽ കൂടി മരണം വരിക്കേണ്ടി വന്നവരിൽ ഭൂരിപക്ഷവും അവരുടെ സ്വവർഗാനുരാഗം , നിർബന്ധിച്ചുള്ള വീട്ടുകാർ കണ്ടുപിടിക്കുന്ന വിവാഹ

ത്തിലേക്കുള്ള തള്ളിവിടൽ, അല്ലെങ്കിൽ ലിംഗഭേദം സ്ഥിരീകരിക്കപ്പെടായ്ക തുടങ്ങിയ കാരണങ്ങളാൽ ഉള്ള ബുദ്ധിമുട്ടുകളാണ് ഏറെ അനുഭവിച്ചത് എന്ന് കാണാൻ കഴിഞ്ഞു . സഹയാത്രികയുടെ ആദ്യ പ്രൊജക്റ്റിലൂടെ  അരികുവൽകൃത വിഭാഗത്തിൽപ്പെടുന്ന പെണ്ണായി അടയാളപ്പെടുത്തപ്പെട്ടവരെ പരിചയപ്പെട്ടപ്പോൾ അവരുടെ ജീവിതാനുഭവങ്ങൾ ആത്മഹത്യ ചെയ്തവരെക്കുറിച്ച് ഫാക്ട് ഫൈണ്ടിങ്ങിൽ കണ്ടെത്തിയവരുടേതുമായി  സമാനതയുള്ളതായി മനസ്സിലാക്കി. ഈ സംരംഭത്തിന് സഹയാത്രിക എന്ന് പേരിട്ടത് ഉചിതമല്ല എന്നു തോന്നിച്ച സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട് . ഇടുക്കി ജില്ലയിൽ ആത്മഹത്യയുടെ വക്കിൽ എത്തിയ രണ്ട് ആദിവാസി യുവാക്കളെക്കുറിച്ചും തൃശൂരിൽ  ഒരു ദളിത് വിദ്യാർത്ഥിയെക്കുറിച്ചും ഞങ്ങൾ ഫാക്ട് ഫൈൻഡിങ്സിലൂടെ അടുത്തറിഞ്ഞ മിക്ക സംഭവങ്ങളിലും വ്യക്തികളുടെ ലിംഗഭേദം സ്ഥിരീകരിക്കപ്പെടാത്ത അവസ്ഥകൾ ചർച്ച ചെയ്യപ്പെട്ടിരുന്നു. ഇപ്പോഴത്തെ ചർച്ചകളിൽ നിന്ന് വ്യക്തമാവുന്നത് പോലെ അന്ന് ട്രാൻസ്മെൻ എന്നായിരുന്നില്ല അവരുടെ വിളിപ്പേര്. ലെസ്ബിയൻ ആത്മഹത്യ എന്ന വിശാലമായ പദത്തിൽ വളരെയധികം വൈവിധ്യങ്ങൾ  ഉൾക്കൊള്ളിക്കാൻ ശ്രമിക്കേണ്ടിയിരുന്നു. അതുപോലെ ഞങ്ങൾ ഇടപെട്ട മിക്ക കേസുകളിലും ലെസ്ബിയൻസും ക്വിയർ ബൈസെക്ഷൽ സ്ത്രീകളും ലിംഗഭേദം സ്ത്രീകൾ സ്ഥിരീകരിക്കപെടാത്ത വിഭാഗങ്ങളിൽ പെട്ടവരുമാണ് ഉണ്ടായിരുന്നത്. അവർ സ്ത്രീയായി അടയാളപ്പെടുത്തപ്പെടാൻ ഇഷ്ടപ്പെട്ടിരുന്നില്ല . അവരിൽ പലരിലൂടെയും ലിംഗഭേദത്തെക്കുറിച്ചും ലൈംഗികതയെക്കുറിച്ചുമുള്ള ഞങ്ങളുടെ അറിവുകൾ വളർന്നു. പലരും സ്വയം ട്രാൻസ്ജെൻഡർ മെൻ എന്ന് വിശേഷിപ്പിക്കപ്പെടാൻ ആഗ്രഹിച്ചു. അങ്ങനെ സഹയാത്രികയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച ആദ്യകാല ക്വിയർ ട്രാൻസ് വ്യക്തികൾ പലതരത്തിലുള്ള  അരികുവത്കൃത  അവസ്ഥകൾ  അനുഭവിച്ചവരും വ്യത്യസ്ത ജാതി വർഗ്ഗ ലിംഗ ഭേദങ്ങളിൽ നിന്നുള്ളവരുമായിരുന്നു. സുനിൽ മോഹൻ , സോനു നിരഞ്ജൻ, ബീന അനീഷ് , അച്ചു ഷീല തുടങ്ങിയവർ അവർ അനുഭവിച്ചുകൊണ്ടിരുന്ന  വിവേചനങ്ങളെക്കുറിച്ച്  സംസാരിച്ചു








കൊണ്ടിരുന്ന സമയമായിരുന്നു അത് . ഞങ്ങളുടെ ലിംഗഭേദ രാഷ്ട്രീയത്തെയും ലൈംഗികതയുടെ രാഷ്ട്രീയത്തെയും മാത്രമല്ല അതിന്റെ ജാതി വർഗ ഇടങ്ങളുമായി കൂടിച്ചേരുന്ന രാഷ്ട്രീയത്തേയും ഇത് ശക്തിപ്പെടുത്തി. ആദ്യത്തെ പ്രോജക്ട് മുതൽത്തന്നെ ഞങ്ങൾ കേരളത്തിൽ രൂപീകരിച്ച എൽജിബിടി വ്യക്തികളുടെ കൂട്ടായ്മ ഇന്ത്യയിലുണ്ടായിരുന്ന മറ്റു നഗരകേന്ദ്രിതമായ എൽജിബിടി കൂട്ടായ്മകളിൽ നിന്നും വ്യത്യസ്തമായിരുന്നു. പല ജാതി വർഗ്ഗ പ്രദേശങ്ങളിൽ നിന്നും വരുന്ന ആളുകളാൽ സമ്പന്നവും വൈവിധ്യം നിറഞ്ഞതുമാണ് അന്നും ഇന്നും ഞങ്ങളുടെ കമ്മ്യൂണിറ്റി. മുമ്പ് സൂചിപ്പിച്ചതുപോലെ എന്റെ വീട് ഒരു ഓഫീസ് ആയി മാറുകയായിരുന്നു. അവിടെ ഒരുപാട് പത്രറിപ്പോർട്ടുകളും പുസ്തകങ്ങളും ആത്മഹത്യകളെക്കുറിച്ചുള്ള ഫാക്ട് ഫൈൻഡിങ് ട്രാൻസ്ക്രിപ്റ്റുകളും എല്ലാം ശേഖരിക്കപ്പെട്ടു. അവയെല്ലാം മറ്റു ഗവേഷകരും സാമൂഹ്യപ്രവർത്തകരുമായി പങ്കുവെച്ചു. ബീന അനീഷ്, നീതു ഷാജി പിന്നീട് ശിവാനി എന്നിങ്ങനെ കമ്മ്യൂണിറ്റി അംഗങ്ങൾ എന്നോടൊപ്പം പല കേസുകളിലും പ്രവർത്തിക്കുകയും ഇന്ത്യയിലൊട്ടാകെ യാത്ര ചെയ്ത് എൽജിബിടി മീറ്റിങ്ങുകളിലും ഐപിസി 377 നെതിരെയും (ബന്ധങ്ങളിൽ ഉള്ള സ്വയം തെരഞ്ഞെടുപ്പ് അവകാശങ്ങൾക്കുവേണ്ടിയും) ഉള്ള കാമ്പയിനുകളിലും പ്രവർത്തിക്കുകയും ചെയ്തു . 2006 ൽ ബീന എനിക്ക് തുടരെത്തുടരെ കത്തുകൾ അയക്കാൻ തുടങ്ങി .ആ കത്തുകളിൽ പ്രധാനമായും അവൾ ചൂണ്ടിക്കാട്ടിയ വിഷയം പെണ്ണായി അടയാളപ്പെടുത്തപ്പെട്ട ക്വിയർ ട്രാൻസ് സുഹൃത്തുക്കളുടെ സഹായത്തിനായി കേരളത്തിൽ നടക്കേണ്ടിയിരുന്ന പ്രവർത്തനങ്ങളുടെ അഭാവം ആയിരുന്നു. സഹയാത്രിക പുനരാരംഭിക്കേണ്ടത് പ്രധാനമാണെന്ന് അവർ ചൂണ്ടിക്കാട്ടി. 2007 ൽ അവരോടൊത്ത് ഞാൻ ഒരു സീരീസ് ഓഫ് കമ്മ്യൂണിറ്റി കൺസൾട്ടേഷൻസ് നടത്തി. ഞങ്ങൾ പ്രധാനമായും ഉന്നയിച്ച ഒരു ചോദ്യം കേരളത്തിലെ LGBT ഏതുതരം സംഘടനയാണ് ആവശ്യപ്പെടുന്നത് എന്നായിരുന്നു. ബീന അന്ന് എഴുതാൻ തുടങ്ങിയില്ലായിരുന്നെങ്കിൽ സഹയാത്രിക മറ്റനേകം ചരിത്രപരമായ സംരംഭങ്ങളുടെയും തുടക്കം പോലെ ഓർമ്മകളിൽ മാഞ്ഞുപോകുമായിരുന്നു . ഒരിക്കലും ഇന്നത്തെ പോലെ ഒരു സംഘടനയായി തുടരില്ലായിരുന്നു. ഞങ്ങൾക്ക് 2007ൽ 'സംഗമ' യിൽ നിന്ന് ഒരു ഹെൽപ്പ്‌ലൈൻ തുടങ്ങാനും ബോധവൽകരണ ക്യാമ്പയി





14 സംഘടിത/ജൂലൈ 2021/ വോള്യം 18/ലക്കം 15

നുകൾ നടത്താനുമായി ചെറിയ ഒരു ഗ്രാൻറ് ലഭിച്ചു . പക്ഷേ ശമ്പളമോ ഓഫീസോ ഒന്നും ഇല്ലാതിരുന്നതിനാൽ ഞങ്ങൾ ഞങ്ങളുടെ മീറ്റിങ്ങുകൾ ഹോട്ടലിലോ പാർക്കിലോ വീടുകളിലോ ഒക്കെയായി നടത്തി. 2008 ജൂണിൽ ഒരു സംഘടനയായി രജിസ്റ്റർ ചെയ്തു. 2008 മുതൽ ഇന്നുവരെ ഞങ്ങൾ വലിയ സംഘടനകളുമായി ഓൺ- ഓഫ് അടിസ്ഥാനത്തിൽ പ്രോജക്ടുകളിൽ സഹകരിച്ചു .ഇത് ഒരു ഓഫീസ് എടുത്തു മുന്നോട്ട് പോവാനും കമ്മ്യൂണിറ്റി അംഗങ്ങൾക്ക് ശമ്പളം കൊടുക്കാനും ആവശ്യമായ സാഹചര്യം ഒരുക്കി . ഹെൽപ് ലൈൻ കമ്മ്യൂണിറ്റി മീറ്റിംഗുകൾ, സാമൂഹിക ഇടങ്ങൾ എന്നിവയിലൂടെ ഞങ്ങൾ കമ്മ്യൂണിറ്റിക്ക് പിന്തുണ നൽകി. നിയമപോരാട്ടങ്ങളിലും പ്രതിസന്ധികളിൽ നടത്തുന്ന ഇടപെടലുകളിലും ഏർപ്പെട്ടു . ആദ്യവർഷങ്ങളിൽ ക്വിയർ ട്രാൻസ് മൈഗ്രേഷന്റെ പ്രശ്നങ്ങളിൽ ഇടപെട്ട് ഞങ്ങൾ പ്രവർത്തിച്ചിരുന്നു . ഇന്ന് കൂടുതലായും അവരെ കേരളത്തിൽ തന്നെ താമസിപ്പിച്ച് പ്രശ്നങ്ങൾ പരിഹരിക്കാനും പ്രതിസന്ധികൾ തരണം ചെയ്യാനുമുള്ള പിന്തുണ നൽകാനും കഴിയുന്നുണ്ട് . ഇപ്പോൾ വർക്ക്ഷോപ്പുകളിൽ ലിംഗഭേദം, ലൈംഗികത എന്നിവയെക്കുറി


സ്വീറ്റ് മരിയ

ച്ചുള്ള ചർച്ചകൾ സംഘടിപ്പിക്കുകയും ചലച്ചിത്ര പ്രദർശനങ്ങൾ, പൊതു പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കാൻ മറ്റു സംഘടനകളോടൊപ്പം പ്രവർത്തിക്കുകയും ചെയ്തുപോരുന്നു.2008 ൽ ഞങ്ങൾ ലൈംഗിക ന്യൂനപക്ഷ അവകാശങ്ങൾക്കായി കൺവെൻഷൻ സംഘടിപ്പിച്ചു. 2009 ൽ തൃശ്ശൂരിലെ ആദ്യത്തെ കേരള ക്വിയർ പ്രൈഡ് മാർച്ച് സംഘടിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു . തുടർന്നും അടുത്ത 10 വർഷം ആ പരിപാടി സംഘടിപ്പിക്കുന്നതിൽ ഞങ്ങൾ കൂട്ടുത്തരവാദിത്വം ഏറ്റെടുത്തു. ദളിത് യുവജന സംഘങ്ങളുമായും മറ്റ് സാമൂഹ്യ പ്രസ്ഥാനങ്ങളുമായി ഞങ്ങൾ സഖ്യമുണ്ടാക്കുകയും ഇന്ത്യയിൽ ഒട്ടാകെയുള്ള ക്വിയർ ട്രാൻസ് കൂട്ടായ്മകളുമായി കണ്ണി ചേരുകയും ചെയ്തു. ഞങ്ങളുടെ സംഘടനയുടെയും കേരളത്തിലെ ക്വിയർ ട്രാൻസ് വ്യക്തികളുടെയും മുന്നേറ്റത്തിന്റേയും വളർച്ചയോടൊപ്പം തന്നെ ഞങ്ങൾക്ക് പല തീരാനഷ്ടങ്ങളും ഉണ്ടായി. അവയിൽ ഏറ്റവും തീവ്രമായത് രോഗങ്ങൾക്കും ആത്മഹത്യക്കും കീഴടങ്ങിയ കമ്മ്യൂണിറ്റി അംഗങ്ങളുടെ മരണവും കൊലപാതകത്തിന് ഇരയായവരുടെ ദുരന്തങ്ങളുമായിരുന്നു . സ്വന്തം ഊർജ്ജസ്വലതയിലൂടെ സാമൂഹ്യ അനീതിയോടുള്ള പോരാട്ടത്തിൽ ഞങ്ങൾക്കൊക്കെ എന്നും പ്രചോദനമായ ആ ആത്മാക്കളോടുള്ള ആദരം സൂചിപ്പിക്കാതെ സഹയാത്രികയുടെ ചരിത്രം മുഴുമിപ്പിക്കാനാവില്ല .ട്രാൻസ് ക്വിയർ ആക്ടിവിസ്റ്റ് സ്വീറ്റ് മരിയ ക്വിയർ പ്രൈഡിന്റെ രോമാഞ്ചവും മലയാളം മുഖ്യധാരാ മാധ്യമങ്ങളിലെ നിറസാന്നിധ്യവുമായി തുടരവെയാണ് മൃഗീയമായി കൊല്ലപ്പെട്ടത്. ഹോർമോൺ ട്രീറ്റ്മെൻറ് തുടങ്ങിയിരുന്ന സഹയാത്രിക കമ്മ്യൂണിറ്റിയിലെ ആദ്യത്തെ ട്രാൻസ്മാൻ ആയ ദീപു ആത്മഹത്യ ചെയ്തു. മുൻപ് സഹയാത്രികയിൽ ജോലിചെയ്തിരുന്ന അടിസ്ഥാന വർഗ്ഗത്തിൽ

പ്പെട്ട ഒരു തീയറ്റർ ആക്ടിവിസ്റ്റും ഒപ്പം പ്രതിഭാശാലിയായ ഗായകനും ആയിരുന്നു ദീപു. കാൻസർ കൊണ്ടുപോയ മറ്റൊരു വിലപ്പെട്ട ജീവൻ ആണ് കരീനയുടേത്. ഞങ്ങളോടൊപ്പം ജോലി ചെയ്തിരുന്ന ചെറുപ്പക്കാരിയും സുന്ദരിയും എപ്പോഴും സജീവമായി പ്രവർത്തിച്ചവളുമായ ഒരു വ്യക്തിത്വമായിരുന്നു കരീനയുടേത്. ശിവാനി ആണ് മറ്റൊരു വ്യക്തി. ഏറെക്കാലം സഹയാത്രികയിൽ പ്രവർത്തിച്ചിരുന്നു ശിവാനി. എപ്പോഴും തമാശകൾ പറഞ്ഞു നടന്നിരുന്ന അവൾ ആർട്ടിസ്റ്റിക് ആയ ഒരു പെൺകുട്ടി ആയിരുന്നു. ഏറെ ആത്മാർത്ഥതയും സൗന്ദര്യവും സ്വാതന്ത്ര്യവും ഒക്കെയുള്ള ഒരു കൂട്ടുകാരിയായിരുന്നു അവൾ . ഒട്ടും പ്രതീക്ഷിക്കാ



ത്തതായിരുന്നു അഞ്ചു വർഷം മുന്നേ അവൾ ആത്മഹത്യ തെരഞ്ഞെടുത്ത സംഭവം. അതിനുശേഷം ഞങ്ങൾ അന്വേഷണങ്ങളിൽ ഇടപെടുകയും മാധ്യമങ്ങളിൽ വരികയും ചെയ്ത എത്രയോ ആത്മഹത്യകൾ . ഇതെല്ലാം കഴിഞ്ഞ 20 വർഷത്തിൽ നടന്നതും ഞങ്ങൾ ആദ്യത്തെ ലെസ്ബിയൻ ആത്മഹത്യയുടെ ഫാക്ട് ഫൈൻഡിംഗ്സുമായി ബന്ധപ്പെട്ട് ഇറങ്ങിയതിനു ശേഷം സംഭവിച്ചതുമായ കാര്യങ്ങൾ. ജെൻഡർ അഫേർമിംഗ് സർജറിക്കായി ചെന്നപ്പോൾ അച്ഛനമ്മമാരുടെ സമ്മതപ്രകാരം മാത്രമേ ചെയ്യാനാവൂ എന്ന് ഡോക്ടർമാർ പറഞ്ഞ ശേഷം ആത്മഹത്യ ചെയ്ത പാച്ച 22 വയസ്സുള്ള ട്രാൻസ് മാൻ ആയിരുന്നു. കൺവെർഷൻ തെറാപ്പിക്കെതിരെ രാജ്യവ്യാപകമായുള്ള പ്രചരണ പരിപാടികൾക്ക് തുടക്കം കുറിച്ച ആത്മഹത്യയായിരുന്നു അഞ്ജന ഹരീഷിന്റേത് . നമ്മുടെയെല്ലാം സുഹൃത്തായിരുന്ന അഞ്ജന ആത്മഹത്യ ചെയ്യുന്നത് കോവിഡ്19 നോടനുബന്ധിച്ച് ലോക്ഡൗൺ തുടങ്ങിയ സമയത്താണ് . ഈ വർഷം തുടക്കത്തിൽ സ്വവർഗാനുരാഗികളായ രണ്ട് സ്ത്രീകളുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട ഒരു ഫാക്ട് ഫൈൻഡിങ് ടീം സഹയാത്രിക സംഘടിപ്പിച്ചു. ഇനിയും ഒരുപാട് പേരുകൾ അനുസ്മരിക്കാനുണ്ട്. നമ്മൾ സ്നേഹിച്ചവരും നമുക്ക് നഷ്ടമായവരും എന്നാൽ അറിയപ്പെടാത്ത അതിലേറെ പേരും ചിലപ്പോൾ ഉണ്ടാവാം. കേരളത്തിൽ 20 വർഷങ്ങൾക്കു മുന്നേ,ഞാൻ പ്രവർത്തനം തുടങ്ങിയ കാലത്ത്, ഇന്നു കാണുന്ന പോലെയുള്ള ക്വിയർപ്രസ്ഥാനങ്ങൾ ഭാവനയിൽ പോലും കാണാനാകുമായിരുന്നില്ല. അന്നത്തെ പുരോഗമനകാരികൾ പോലും വിശ്വസിച്ചിരുന്നത് ഇവിടെ ക്വി

യർ/ ട്രാൻസ് ആളുകൾ ഇല്ല എന്നായിരുന്നു. കേരളത്തിന്റെ ക്വിയർ ചരിത്രവും സഹയാത്രികയുടെ പ്രവർത്തനങ്ങളുമെല്ലാം ചേർന്നതാണ് എന്റെ കേരളത്തിലെ ജീവിതത്തിന്റെ വഴിത്താരകൾ. ക്വിയർ സ്ത്രീകളും ട്രാൻസ്മെനും ഇന്റർസെക്സ് ആളുകളും സഹയാത്രികയോട് ചേർന്നു പ്രവർത്തിച്ച മറ്റുള്ളവരും, ആദ്യത്തെ എം. എസ് .എം .(മെൻ ഹാവിംഗ് സെക്സ് വിത്ത് മെൻ) സി.ബി.ഓ. കളും ലൈംഗികത്തൊഴിലാളികളുടെ കൂട്ടായ്മകളും എച്ച് .ഐ . വി. തടയാൻ ഇടപെടൽ നടത്തുന്ന പ്രവർത്തകരും പുതുതായി ദൃശ്യതയുണ്ടാക്കിയ ക്വിയർ, ട്രാൻസ് ആക്റ്റിവിസ്റ്റുകളും  പുത്തൻ സി. ബി. ഓ .കളുടെ കൂട്ടങ്ങളും, പുറത്തു വരുന്ന LGBTIQA+ ആളുകളും കാഴ്ചയിൽപ്പെടാത്ത കമ്മ്യൂണിറ്റി അംഗങ്ങളും പിന്നെ മറ്റു സാമൂഹ്യമുന്നേറ്റങ്ങളിൽ നിന്ന് സഹകരിക്കുന്നവരും ഫെമിനിസ്റ്റുകളും അങ്ങിനെ പലരും ചേർന്നുണ്ടാക്കിയ, ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ചരിത്രം. പലരാലെഴുതപ്പെട്ട, എഴുതപ്പെടുന്ന ചരിത്രം.



ഞങ്ങൾ ആത്മഹത്യകളുമായി ബന്ധപ്പെട്ട് ഫാക്ട് ഫൈൻഡിങ് ചെയ്തിരുന്ന കാലത്ത് ആളുകൾക്ക് അവരുടെ ലിംഗത്വമോ ലൈംഗികതയോ വിവരിക്കാൻ മലയാളത്തിൽ വാക്കുകളുണ്ടായിരുന്നില്ല, അല്ലെങ്കിൽ അതൊരു സ്വത്വത്തിന്റെ ഭാഗമായി മനസിലാക്കപ്പെട്ടിരുന്നില്ല. ഇന്നും കേരളത്തിലുള്ളവർ ഉപയോഗിക്കുന്ന പ്രയോഗങ്ങൾ ഇംഗ്ലീഷിൽ നിന്നോ മറ്റു ഭാഷകളിൽ നിന്നോ ഒക്കെയാണ്. തമിഴ്, ഹിന്ദി, കന്നട തുടങ്ങിയ ഭാഷകളിൽ ട്രാൻസ് സ്വത്വങ്ങൾക്ക് അരവാണി, ഹിജ്റ, കോത്തി, ജോഗപ്പ തുടങ്ങിയ പ്രാദേശിക പ്രയോഗങ്ങൾ ഉണ്ടെങ്കിലും കേരളത്തിൽ അത്തരത്തിലൊരു ഭാഷാ പ്രയോഗമോ സംസ്ക്കാരമോ ചരിത്രത്തിലത്ര വെളിപ്പെട്ടിട്ടില്ല.

കമ്മ്യൂണിറ്റിയിലുള്ള പലർക്കും ഇത് ലിംഗത്വം, ലൈംഗികത തുടങ്ങിയവ തിരിച്ചറിയുന്ന യാത്ര മാത്രമല്ല, ഭാഷാപരമായി സ്വത്വം കണ്ടെത്തുന്ന ഒന്നു കൂടിയാണ്. ഉദാഹരണത്തിന് ആഗോള എച്ച്. ഐ .വി . പ്രൊജക്റ്റ് വന്ന കാലത്താണ് ആണായി അടയാളപ്പെടുത്തപ്പെട്ട ക്വിയർ, ട്രാൻസ് ആളുകൾ സ്വയം എം. എസ്. എം.  എന്ന് അടയാളപ്പെടുത്താൻ തുടങ്ങിയത്. ലൈംഗിക ന്യൂനപക്ഷ സംഘടനകളോടുണ്ടായ ബന്ധങ്ങളിൽ നിന്നാണ് സ്ത്രീകളായി അടയാളപ്പെട്ട  ക്വിയർ ആളുകൾ 2000 ത്തിന്റെ തുടക്കകാലത്ത് സ്വയം എഫ് ടു എം (ഫീമെയ്ൽ ടു മെയ്ൽ)എന്ന് വിളിക്കാൻ തുടങ്ങിയത്. 2014-15 ലെ കൺസൾടേഷനും അതിനുശേഷം ട്രാൻസ് പോളിസിയും വന്നപ്പോൾ പുതുതലമുറ പൊതുസമൂഹത്തിനു മുന്നിൽ തങ്ങളെ ട്രാൻസ് മെൻ, ട്രാൻസ് സ്ത്രീകൾ എന്ന് അഭിസംബോധന ചെയ്തു തുടങ്ങി. ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, പാൻസെക്ഷ്വൽ, ക്വിയർ , നോൺബൈനറി തുടങ്ങിയ ഇംഗ്ലീഷ്, ആഗോളതല സ്വത്വപദങ്ങളിലും ഒരുപാടു പേർ സ്വയം കണ്ടെത്തിത്തുടങ്ങി. ആത്മഹത്യാ ഫാക്ട് ഫൈൻഡിംങിന്റെ കാലത്ത് കണ്ടുമുട്ടിയത് ലെസ്ബിയൻ

എന്ന വാക്ക് കേട്ടിട്ടുപോലുമില്ലാത്തവരെയായിരുന്നു. 'ലെസ്ബിയൻ' എന്ന വാക്ക് സഹയാത്രിക ഉണ്ടാവുന്നതിനൊക്കെ മുൻപുതന്നെ സാഹിത്യത്തിലും മാദ്ധ്യമങ്ങളിലും ഉണ്ടായിരുന്നതു കൊണ്ട് മലയാളം തന്നെയാണെന്നാണ് ഞങ്ങളന്ന് വാദിച്ചത്. ഒരുപക്ഷേ, ക്വിയർ ട്രാൻസ് യാഥാർഥ്യങ്ങളെ ഉൾക്കൊള്ളാനാവുന്ന മലയാളഭാഷ ഇനിയും അന്വേഷണം നടക്കേണ്ട ഒന്നാണ്.

ഒരുപാട് കാലമായി സഹയാത്രിക എന്ന പ്രൊജക്റ്റ്, നെറ്റ്വർക്ക് അല്ലെങ്കിൽ സംഘടന ദൃശ്യത എന്ന പ്രശ്നത്തോട് മല്ലിടുന്നു. സ്വത്വം തുറന്നുപറഞ്ഞ ചിലർക്ക് പൊതുമണ്ഡലത്തിലെ സമരം എളുപ്പമായിരിക്കുമ്പോൾത്തന്നെ, കമ്മ്യൂണിറ്റിയിലെ പലർക്കും തുറന്നു പറഞ്ഞ സ്വത്വത്തിന്റെ പേരിൽ പലതും നേരിടേണ്ടി വരുന്നു – ജോലിയും വീടും നഷ്ടപ്പെടുന്നു, കുടുംബത്തിൽ നിന്ന് അതിക്രമങ്ങൾ നേരിടേണ്ടി വരുന്നു, സാമൂഹ്യമായി ഒറ്റപ്പെടുത്തപ്പെടുന്നു, ലൈംഗികാതിക്രമങ്ങൾക്ക് വരെ ഇരയാകുന്നു. എപ്പോൾ, എങ്ങിനെ ദൃശ്യതയിലേക്ക് വരണമെന്ന്, അല്ലെങ്കിൽ അത് വേണോ



എന്നുതന്നെ തീരുമാനിക്കാൻ കഴിയുന്ന വിധം കമ്മ്യൂണിറ്റിക്ക് വഴികളുണ്ടാക്കാനാണ് ഞങ്ങൾ ശ്രമിച്ചത്. എന്നാണ് വേണ്ടത്ര സംഘടനകളും ആളുകളും ഉണ്ടായത്, എന്നാണ് വേണ്ടത്ര സാമൂഹ്യ ബോധമുള്ള മിത്രങ്ങളുണ്ടായത്, വേണ്ടത്ര പ്രൈഡുകൾ നടന്നത്, രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ വികസനമുണ്ടായത്, വേണ്ടത്ര സാമൂഹ്യ/ ഭരണതല അംഗീകാരം ഉണ്ടായത് – ഞങ്ങളുടെ പ്രസ്ഥാനങ്ങൾ നിർണായകമായ ആ അവസ്ഥയിലേക്കെത്തിയ നിമിഷം ചൂണ്ടിക്കാണിക്കാൻ ബുദ്ധിമുട്ടാണ് – എന്നാൽ കഴിഞ്ഞ വർഷങ്ങളിൽ തങ്ങളുടെ കഥകൾ തുറന്നു പറയുന്ന, പൊതുവായി തങ്ങളുടെ സ്വത്വങ്ങളിലേക്കെത്തുന്ന ക്വിയർ, ട്രാൻസ് ആളുകളുടെ എണ്ണം വർദ്ധിക്കുക തന്നെയാണ്. ദൃശ്യതയും പരസ്പരം ചേരലുമെല്ലാം കൂടുതൽ സാദ്ധ്യമാക്കുന്നവയാണ് മലയാളത്തിൽത്തന്നെയോ മറ്റു പ്രാദേശികഭാഷകളിലോ ഇംഗ്ലീഷിലോ ഒക്കെ പെരുമാറാൻ പറ്റുന്ന രീതിയിലുള്ള സമൂഹമാദ്ധ്യമങ്ങൾ. എന്നാൽ സഹയാത്രിക ഉണ്ടാക്കപ്പെട്ട കാലത്തുണ്ടായിരുന്നതിനേക്കാൾ വിപുലവും വൈവിദ്ധ്യമാർന്നതുമാണ് ഇന്ന് ട്രോളുകളും.

പുതിയ നിയമങ്ങളും പോളിസികളും ഇവിടത്തെ ക്വിയർ ട്രാൻസ് ആളുകൾക്ക് നൽകുന്നത് സുരക്ഷയെക്കുറിച്ചും ലൈംഗികത/ ലിംഗത്വം എന്ന തുറന്നുപറച്ചിലുകൾക്കുമൊക്കെ പ്രതീകാത്മകമായ ഒരു പ്രഭാവമാണ്.

2014 ലെ നാൾസ ജഡ്ജ്മെന്റിനും 2015ലെ ട്രാൻസ് പോളിസിക്കും ശേഷം കേരളത്തിലുണ്ടായ ട്രാൻസ് ആക്റ്റിവിസത്തിന്റെ കുതിപ്പുനോക്കിയാൽ അത് മേൽപ്പറഞ്ഞതിന് ഒരു പ്രധാനപ്പെട്ട ഉദാഹരണമാണ്. ട്രാൻസ് / ക്വിയർ ആളുകൾ ഇവിടെ നിലനിൽക്കുന്നില്ല എന്ന പഴയ വാദത്തിനെതിരായി, കേരളത്തിലെ ലിംഗത്വ, ലൈംഗിക വൈവിദ്ധ്യങ്ങളെക്കുറിച്ച് പൊതുവേദികളിൽ തുറന്നുപറയുന്നവരാണ് ഇന്ന് ട്രാൻസ് ആക്റ്റിവിസ്റ്റുകൾ. മുൻ സഹയാത്രിക പ്രവർത്തകനും ലോക്സഭ തെരഞ്ഞെടുപ്പിൽ സ്ഥാനാർഥിയുമായിരുന്ന ചിഞ്ചു അശ്വതി 2016 മുതൽ സംസാരിച്ചുകൊണ്ടിരിക്കുന്നത് ഇന്റർസെക്സ്, ദളിത്, ട്രാൻസ് എന്നീ സ്വത്വങ്ങളുടെ കൂടിച്ചേരൽ (ഇന്റർസെക്ഷൻ) നെക്കുറിച്ചാണ്. ട്രാൻസ്മാൻ ഇഷാന്റെയും ട്രാൻസ് സ്ത്രീ സൂര്യയുടെയും വിവാഹം, ആദം ഹാരി എന്ന ട്രാൻസ്മാനിന്റെ പൈലറ്റ് ട്രെയിനിംഗ് തുടങ്ങി അനേകം പ്രതീക്ഷാവഹമായ മാറ്റങ്ങൾ ഉണ്ടായി. കേരള സർക്കാരും ട്രാൻസ് ആളുകൾക്കായി പണം ചിലവാക്കിത്തുടങ്ങി. ട്രാൻസ് സ്ത്രീകളെ വച്ചു നോക്കുമ്പോൾ ട്രാൻസ് ആണുങ്ങൾക്കും സ്ത്രീകളായി അടയാളപ്പെടുത്തപ്പെട്ടവർക്കും സഹായങ്ങളുടെ ലഭ്യത കുറവാണ് എന്നത് പറയാതിരിക്കാനാവില്ല. പോലീ



സ് ക്രൂരതകളും സാമൂഹ്യ ഒറ്റപ്പെടുത്തലുകളും മറ്റു ക്രൂരതകളും തുടർന്നുകൊണ്ടിരിക്കുമ്പോൾ ഈ ഭരണകൂട കാഴ്ചപ്പാടിലുള്ള പരിഷ്കാരങ്ങൾ എത്രകണ്ട് ആവശ്യക്കാരിലേക്ക് എത്തിപ്പെടുന്നുണ്ടെന്നും ഈ പ്രവർത്തനങ്ങളുടെ സുതാര്യതയും ഒക്കെ പ്രശ്നഭരിതമായി തന്നെ നിലനിൽക്കുന്നു.

2015 ൽ ട്രാൻസ് കമ്മ്യൂണിറ്റിയ്ക്ക് കൂടുതൽ ദൃശ്യത പ്രാപ്തമായതിനുശേഷം, സഹയാത്രിക കൂടുതൽ പ്രശ്നങ്ങളിലിടപെടുകയും കൂടുതൽ ട്രാൻസ്, ജെൻഡർ നോൺ കൺഫെമിംഗ് കമ്മ്യൂണിറ്റി അംഗങ്ങളെ ആകർഷിക്കുകയും ചെയ്തു. ഇന്ന്, ഞങ്ങളുടെ അംഗങ്ങളിൽ 50%ത്തിലധികം പേർ ട്രാൻസ്, ജെൻഡർ നോൺ കൺഫെമിംഗ് ആയാണ് സ്വയം മനസിലാക്കുന്നത്. എന്നാൽ അതേ സമയം, 2013ൽ സുപ്രീം കോടതി സ്വവർഗ ലൈംഗികതയെ കുറ്റകൃത്യമാക്കുന്ന 377 എന്ന നിയമത്തെ പിന്തുണച്ചതിനു ശേഷം ലെസ്ബിയൻ, ക്വിയർ, ബൈസെക്ഷ്വൽ സ്ത്രീകൾ, ട്രാൻസ് ആണുങ്ങളുടെ പങ്കാളികളായ സ്ത്രീകൾ തുടങ്ങിയവർക്ക് സാമൂഹ്യ, രാഷ്ട്രീയ പിന്തുണ കുറഞ്ഞതായാണ് കാണാനായത്. 2013ലെ വിധിയെ റദ്ദാക്കിക്കൊണ്ടും സ്വവർഗ ലൈംഗികതയെ കുറ്റവിമുക്തമാക്കിക്കൊണ്ടും LGBT+ ആളുകളുടെ ഭരണഘടനാവകാശങ്ങളെ അംഗീകരി

ച്ചുകൊണ്ടും 2018ൽ വന്ന നവ്തേജ് സിംഘ് ജോഹർ സുപ്രീം കോടതി വിധിയ്ക്കു ശേഷമാണ് പിന്നീട് ക്വിയറും ട്രാൻസുമായ സ്ത്രീകളായി അടയാളപ്പെടുത്തപ്പെട്ടവർ തങ്ങളുടെ അവകാശങ്ങളും ബന്ധങ്ങളും സ്വത്വങ്ങളുമെല്ലാം തുറന്നുപറയാൻ ധൈര്യപ്പെട്ട് പുറത്തുവന്നത്. എന്നാൽ ആഘോഷിക്കപ്പെട്ട ഈ വിധിയ്ക്കു ശേഷം സഹയാത്രികയിലും മറ്റ് സംഘടനകളിലും എത്തിച്ചേർന്നത് ക്രൈസിസുകളുടെ ഒരു മലവെള്ളപ്പാച്ചിലാണ്. ഈ വിഷയങ്ങളെക്കുറിച്ച് കൂടുതൽ ധാരണകളുണ്ടാവുന്നുണ്ടെങ്കിലും ഈ പുരോഗമനപരമായ വിധികളിലെ തിരിച്ചറിവുകൾ നമ്മളുടെ കുടുംബങ്ങളുടെ, സമുദായങ്ങളുടെ, സ്ഥാപനങ്ങളുടെ സാമൂഹ്യ, സാംസ്കാരിക അന്തർധാരകളിലേക്ക് ഇഴ ചേർക്കപ്പെട്ടിട്ടില്ല. ഞങ്ങളുടെ അംഗത്വം വർദ്ധിക്കുമ്പോൾ തന്നെ, വീട്ടുതടങ്കൽ, നിർബന്ധിത മാനസിക ചികിൽസ, നിർബന്ധിത വിവാഹം, ജോലിസ്ഥലത്തെയും നിയമങ്ങളിലെയും വൈദ്യശാസ്ത്രത്തിലെയും വിദ്യാഭ്യാസസ്ഥാപങ്ങളിലെയും മറ്റും വിവേചനങ്ങൾ തുടങ്ങിയവയിലേക്ക് കൂടുതലായി ഇടപെടേണ്ടി വരുന്നു.



ദേശീയ, സംസ്ഥാന തലങ്ങളിൽ ട്രാൻസ് ആളുകളുടെ മുന്നേറ്റത്തിനായി നിർദേശങ്ങൾ ഉൾക്കൊള്ളിച്ച നാൾസ വിധി പോലെ 2018 ലെ 377 നെ റദ്ദാക്കിയ വിധിയിൽ LGBT+ ആളുകളുടെ മുന്നേറ്റത്തിനായോ സാമൂഹിക അംഗീകാരത്തിനായോ ഒരു നിർദേശവുമില്ല. അതുകൊണ്ടുതന്നെ സ്ത്രീകളായി സ്വയം മനസിലാക്കുന്ന ക്വിയർ ആളുകൾക്ക് ട്രാൻസ് ആയ ആളുകൾക്ക് ലഭിക്കുന്ന ക്ഷേമപദ്ധതികളുടെ ഗുണങ്ങൾ ലഭ്യമാകുന്നില്ല. ക്വിയർ പ്രസ്ഥാനത്തിനു പുറത്ത് സർക്കാരോ മറ്റു സ്ത്രീസംഘടനകളോ ഈ ക്വിയർ ആളുകളുടെ പ്രശ്നങ്ങളെ തിരിച്ചറിഞ്ഞിട്ടുമില്ല. എന്നാൽ 2021 ജൂണിൽ ലെസ്ബിയൻ ദമ്പതികൾ കുടുംബങ്ങളുടെ ഇടപെടലിനെതിരെ പോലീസ് സംരക്ഷണം ആവശ്യപ്പെട്ട കേസിൽ പോലീസിനും ജയിൽ മേധാവികൾക്കും, സർക്കാരിന്റെ നിയമസഹായ സംവിധാനങ്ങൾക്കും, ശാരീരിക, മാനസിക ആരോഗ്യപ്രവർത്തകർക്കും, വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും, തൊഴിലിടങ്ങൾക്കും, LGBTQIA+ ആളുകളുടെ മാതാപിതാക്കൾക്കുമൊക്കെ ബാധകമായ മാർഗനിർദ്ദേശരേഖ മദ്രാസ് ഹൈകോടതി പുറപ്പെടുവിച്ചു. ക്വിയർ, ട്രാൻസ് ആളുകളുടെ സാമൂഹിക അംഗീകാരത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ളതാണത്. ഞങ്ങളുടെ കമ്മ്യൂണിറ്റിയിലെ പല തരം ആളുകളുടെ മുന്നേറ്റത്തിന് ഈ മാർഗനിർദേശങ്ങൾ വഴികാട്ടുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

സഹയാത്രികയുടെ ആദ്യത്തെ പതിറ്റാണ്ടിൽ സാമൂഹ്യ പൊതുധാരയിൽ ഇടമില്ലാതെ സമരം ചെയ്തിരുന്നവർക്കുള്ള ഒരു താൽക്കാലിക ഇടമായി എന്റെ വീട് തന്നെയാണ് ഉപയോഗിച്ചിരുന്നത്. ഇന്ന്, ഒരുപാട് സംഘടനകളും സംവിധാനങ്ങളും ഉള്ളപ്പോഴും

ക്വിയർ/ ട്രാൻസ് ആളുകൾ തങ്ങളുടെ കൂട്ടുകാർക്കോ പ്രശ്നാവസ്ഥയിൽ പെട്ട മറ്റു കമ്മ്യൂണിറ്റി ആളുകൾക്കോ ഇത്തരത്തിലുള്ള അനൗപചാരികമായ, വ്യക്തിപരമായ സഹായങ്ങൾ നൽകുന്നത് പലപ്പോഴും ജീവൻ തന്നെ രക്ഷിക്കുന്ന തലത്തിലുള്ള ഇടപെടലുകൾ ആവാറുണ്ട്. വ്യക്തിപരമായ ശ്രമങ്ങൾക്കപ്പുറം കൂടുതൽ ഘടനാപരമായ മാറ്റങ്ങളും കൂട്ടായ ഇടപെടലുകളും ഇത്തരം സന്ദർഭങ്ങൾ ആവശ്യപ്പെടുന്നുണ്ട്.

മറ്റുള്ള ക്വിയർ പ്രസ്ഥാനങ്ങളെയും മുന്നേറ്റങ്ങളെയും പോലെ സഹയാത്രിക പഠിക്കുകയും വളരുകയും ചെയ്യുന്നു. രേഖ രാജ്, ഡോ ജയശ്രീ, രേഷ്മ രാധാകൃഷ്ണൻ എന്നിവരെ കൂടെ ചേർത്ത് 2011 ൽ ഞങ്ങൾ പുതിയ ബോർഡ് രൂപീകരിച്ചു. ബോധവൽക്കരണ പരിപാടികളിൽ ജോലി ചെയ്യാനായി 2013 ൽ ഞങ്ങൾ ശരത് ചേലൂർ



എന്ന ഒരു മിത്രത്തെ നിയമിച്ചു. 2013-16 കാലയളവിൽ സഹയാത്രികയുടെയും മറ്റു സാമൂഹ്യപ്രസ്ഥാനങ്ങളുടെയും ഇടപെടലുകളെ വിപുലീകരിക്കാൻ ഈ കൂട്ടായ്മ സഹായിച്ചു. ക്വിയറും ട്രാൻസുമായി സ്വയം മനസിലാക്കുന്നവരെ മാത്രം സഹയാത്രികയിൽ നിയമിച്ചാൽ മതിയെന്ന് 2017ൽ സഹയാത്രികയുടെ കോർ ടീം തീരുമാനമെടുത്തു. ഈ പുതിയ സന്ദർഭത്തിൽ തീരുമാനങ്ങൾ കമ്മ്യൂണിറ്റി കേന്ദ്രീകരിച്ച് ആവുകയും കൂടുതൽ സ്ത്രീകളായി അടയാളപ്പെടുത്തപ്പെട്ട ക്വിയർ/ ട്രാൻസ് മനുഷ്യരെ കൂടെനിർത്താനും സഹായിക്കാനും സാധിക്കുകയും ചെയ്തു. 2017 മുതൽ സുനിൽ മോഹൻ, കണ്ണൻ സത്യ എന്നിവർ ബോർഡ് മെമ്പർമാരായി - അവരുടെ പതിറ്റാണ്ടുകളുടെ ജീവിതാനുഭവങ്ങളും കേരളത്തിലെയും ബാംഗ്ലൂരിലെയും സംഘടനാ പ്രവർത്തനങ്ങളും ഞങ്ങൾക്ക് മുതൽക്കൂട്ടായി. അഹന മേഖൽ, ശ്രുതി ശ്രീനിവാസ്, പ്രവീൺ നാഥ് തുടങ്ങിയ അനുഭവസമ്പന്നരായ കമ്മ്യൂണിറ്റി അംഗങ്ങളാണ് ഇന്ന് സഹയാത്രികയിൽ പ്രവർത്തിക്കുന്നത്.

എന്റെ വ്യക്തിപരമായ യാത്രയിലും സഹയാത്രികയുടെ കൂട്ടായ യാത്രയിലും പ്രസ്ഥാനങ്ങളുടെ അഭ്യുദയകാംഷികളായവരും

LGBTIQA+ ആയി സ്വയം അടയാളപ്പെടുത്തിയവരുമൊക്കെ യായി പലരും ഉണ്ടായിട്ടുണ്ട്. സന്ധ്യ ശിവകാമി, മുരളീധരൻ തറയിൽ, അനിൽ ചില്ല, നളിനി ജമീല, റൂമി ഹരീഷ്, ദിലീപ് രാജ്, ആര്യൻ കൃഷ്ണൻ, സൂരജും ജൂലിയും, റോബിൻ, ശ്യാം നായർ, നിഷാദ് നിയോൺ, പൊന്നി അരസു, മങ്കൈ അരസു, രേവതി, ജോൺസൺ, സണ്ണി കപ്പിക്കാട്, ജെ .ദേവിക, രാധയും രാധികയും, കിരൺ വൈലാശേരി, വിജയരാജമല്ലിക, എബി, സോണിയ സോണി, സത്യകല, സന്ധ്യ രാജു, ശീതൾ ശ്യാം, ഫൈസൽ ഫൈസു, അലോഷ്യസ്, ടി. എൻ .പ്രസന്നകുമാർ, അഡ്വ. ആശ, ജീ ഈമാൻ സെമ്മലർ, കാർത്തിക് ബിട്ടു, അഡ്വ അഭിലാഷ്, ഗാർഗി എച്ച്, നസീമ നസ്രിൻ, ചിത്തിര വിജയകുമാർ, ക്വിയരളയിലെയും ക്വിയറിഥത്തിലെയും കൂട്ടുകാർ, അങ്ങിനെ ചിലരെ ഓർക്കുന്നു. കേരളത്തിലെ കലക്റ്റീവുകളായ ഗയ, കേരള ഫെമിനിസ്റ്റ് നെറ്റ്വർക്ക്, നവ ജനാധിപത്യ പ്രസ്ഥാനം, വിബ്ജിയോർ ഫിലിം കലക്റ്റീവ് എന്നിവയും ഇന്ത്യയിലെ മറ്റൊരുപാട് കലക്റ്റീവുകളെയും സംഘടനകളെ




യും പോലെ ഞങ്ങളുടെ വളർച്ചയെ സ്വാധീനിച്ച കൂട്ടായ്മകളാണ്. ഒപ്പം, അവരുടെ സത്യങ്ങളും കഥകളും തുറന്നു പറയാൻ കെൽപ്പുള്ള ഒരു ക്വിയർ, ട്രാൻസ് പുതുതലമുറയും ഇവിടെയുണ്ടിന്ന്.


സ്വവർഗബന്ധങ്ങളിൽ ഏർപ്പെട്ടതായി തോന്നിച്ച, സ്ത്രീകളുടെയും ജെൻഡർ നോൺ കൺഫെമിംഗ് ആയിട്ടുള്ളവരുടെയും ആത്മഹത്യകൾ അന്വേഷിക്കപ്പെടണമെന്ന് സാമൂഹ്യ പ്രവർത്തകരെ പറഞ്ഞുമനസിലാക്കാൻ ശ്രമിച്ച ആ ആദ്യകാലം എനിക്കൊരിക്കലും മറക്കാനാവില്ല. അത്തരക്കാർ കേരളത്തിലേ ഇല്ല എന്ന് വിശ്വസിച്ചവരുണ്ട്, ഉണ്ടെങ്കിൽത്തന്നെ ഇത്തരം ആത്മഹത്യകൾ അധികമായി നടന്ന തൊഴിലാളി വർഗ

സാഹചര്യങ്ങളിലെ ആളുകൾ, ഗ്രാമങ്ങളിലുള്ളവർ, അതിരുവൽക്കരിക്കപ്പെട്ടവർ, ഒന്നും അങ്ങിനെയാവില്ല എന്നവർ ഉറപ്പിച്ചു പറഞ്ഞു. പിന്നീട്, കൂട്ടമായ ഇടപെടലുകളിലാണ് എന്റെ സഖാക്കളായവരെയും സുഹൃത്തുക്കളായവരെയുമൊക്കെ ഞാൻ കണ്ടു മുട്ടിയത്. അവരുടെ അനുഭവങ്ങൾ ഞങ്ങൾ ഫാക്ട് ഫൈൻഡിംഗിൽ കണ്ടുപിടിച്ച കാര്യങ്ങളുടെ തുടർച്ചയായിരുന്നു. ഇന്ന് അവരിൽ പലരും ഈ പ്രസ്ഥാനത്തിന്റെ നേതാക്കളായും സഹയാത്രികയുടെ പ്രധാനപങ്കാളികളായും മാറിയിരിക്കുന്നു. ഈ ചരിത്രത്തിന്റെ ഭാഗമാവാൻ കഴിഞ്ഞതിലും, അതിൽ പലതിനും സാക്ഷിയാവാനായതിലും ഞാൻ അഭിമാനിക്കുന്നു, ആനന്ദിക്കുന്നു.

മറ്റുള്ള ക്യുവർ പ്രസ്ഥാനങ്ങളെയും മുന്നേറ്റങ്ങളെയും പോലെ സഹയാത്രിക പഠിക്കുകയും വളരുകയും ചെയ്യുന്നു. രേഖ രാജ്, ഡോ ജയശ്രീ, രേശ്മ രാധാകൃഷ്ണൻ എന്നിവരെ കൂടെ ചേർത്ത് 2011 ൽ ഞങ്ങൾ പുതിയ ബോർഡ് രൂപീകരിച്ചു. ബോധവൽക്കരണ പരിപാടികളിൽ ജോലി ചെയ്യാനായി 2013 ൽ ഞങ്ങൾ ശരത് ചേ




ലൂർ എന്ന ഒരു മിത്രത്തെ നിയമിച്ചു. 2013-16 കാലയളവുൽ സഹയാത്രികയുടെയും മറ്റു സാമൂഹ്യ പ്രസ്ഥാനങ്ങളുടെയും ഇടപെടലുകളെ വിപുലീകരിക്കാൻ ഈ കൂട്ടായ്മ സഹായിച്ചു. ക്വിയറും ട്രാൻസുമായി സ്വയം മനസിലാക്കുന്നവരെ മാത്രം സഹയാത്രികയിൽ നിയമിച്ചാൽ മതിയെന്ന് 2017ൽ സഹയാത്രികയുടെ കോർ ടീം തീരുമാനമെടുത്തു. ഈ പുതിയ സന്ദർഭത്തിൽ തീരുമാനങ്ങൾ കമ്മ്യൂണിറ്റി കേന്ദ്രീകരിച്ച് ആവുകയും കൂടുതൽ സ്ത്രീകളായി അടയാളപ്പെടുത്തപ്പെട്ട ക്വിയർ/ ട്രാൻസ് മനുഷ്യരെ കൂടെനിർത്താനും സഹായിക്കാനും സാധിക്കുകയും ചെയ്തു. 2017 മുതൽ സുനിൽ മോഹൻ, കണ്ണൻ സത്യ എന്നിവർ ബോർഡ് മെമ്പർമാരായി - അവരുടെ പതിറ്റാണ്ടുകളുടെ ജീവിതാനുഭവങ്ങളും കേരളത്തിലെയും ബാംഗ്ലൂരിലെയും സംഘടനാ പ്രവർത്തനങ്ങളും ഞങ്ങൾക്ക് മുതൽക്കൂട്ടായി. അഹന മേഖൽ, ശ്രുതി ശ്രീനിവാസ്, പ്രവീൺ നാഥ് തുടങ്ങിയ അനുഭവ സമ്പന്നരായ കമ്മ്യൂണിറ്റി അംഗങ്ങളാണ് ഇന്ന് സഹയാത്രികയിൽ പ്രവർത്തിക്കുന്നത്.



**ഡോ: ജയശ്രീ എ.കെ.**
പ്രൊഫ: കമ്മ്യൂണിറ്റി മെഡിസിൻ
ഗവ: മെഡിക്കൽ കോളേജ്
കണ്ണൂർ

# കൺവെർഷൻ വ്യാജചികിത്സ ഇനിയും തുടരണോ?



ആത്മഹത്യ ചെയ്യുന്നതിന് മുമ്പ് അഞ്ജന ഫേസ് ബുക്കിൽ എഴുതിയ കുറിപ്പിൽ അവർക്ക് വിധേയമാകേണ്ടി  വന്ന കൺവെർഷൻ തെറാപ്പി എന്ന പേരിൽ നടക്കുന്ന കുറ്റകൃത്യത്തെ പറ്റി പറഞ്ഞിരുന്നു.  ബലം പ്രയോഗിച്ച് അവരെ കേരളത്തിനകത്തും പുറത്തുമുള്ള ചികിത്സാ കേന്ദ്രങ്ങളിൽ കൊണ്ട് പോയതായും, ഇഷ്ടത്തിന് എതിരായി ഇഞ്ചക്ഷനുകൾ നൽകുകയും തടവിലാക്കുകയും ചെയ്തതായി അതിൽ പറയുന്നു.  ലൈംഗികാഭിമുഖ്യം തുറന്നു പറഞ്ഞത് മൂലം രക്ഷിതാക്കൾ തന്നെയാണ് ഈ ദുരന്തത്തിലേക്ക് അവരെ തള്ളി വിട്ടത്.  സംരക്ഷണവും സ്നേഹവും നൽകേണ്ട വീട്ടുകാരിൽ നിന്ന് ഇത്തരം പ്രവൃത്തി പ്രതീക്ഷിച്ചിരുന്നില്ല എന്നും അഞ്ജന പറയുന്നു.  സ്നേഹിക്കുന്നവരിൽ നിന്നുണ്ടായ ഈ നീക്കങ്ങളും ചികിത്സാകേന്ദ്രങ്ങളിൽ നിന്ന് നേരിട്ട അക്രമങ്ങളും വലിയ പ്രത്യാഘാതങ്ങളാണ് അഞ്ജനയിലുണ്ടാക്കിയത്.  കടുത്ത നിരാശയുംവിഷാദവും ബാധിച്ചത് ഒടുവിൽ അഞ്ജനയുടെ ആത്മഹത്യയിലാണ് അവസാനിച്ചത്.  കേരളത്തിൽഇത് ഒരൊറ്റപ്പെട്ട സംഭവമല്ലെന്ന്, സ

**തെറ്റായ ധാരണകളുടെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ ലൈംഗികാഭിമുഖ്യമോ ലൈംഗികസ്വത്വമോ ഉള്ള മനുഷ്യരെ അശാസ്ത്രീയവും ചിലപ്പോൾ ക്രൂരവുമായ മാർഗ്ഗങ്ങൾ വഴി അതിൽ നിന്ന്  മാറ്റാൻ ശ്രമിക്കുന്ന പ്രവൃത്തിയാണ് കൺവെർഷൻ തെറാപ്പി.**



മാനമായ അനുഭവങ്ങളുള്ളവരുടെ തുറന്നു  പറച്ചിലുകൾ വെളിവാക്കുന്നു. ഇത്തരം അനുഭവങ്ങളെക്കുറിച്ച് ഇപ്പോൾ പലരും തുറന്നെഴുതുന്നുണ്ട്. ചികിത്സിച്ചു നേരെയാക്കാമെന്ന് മാതാപിതാക്കൾക്ക് വാക്കു നൽകുന്ന സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു. നിർബ്ബന്ധിച്ച് അവരെ അവിടെ എത്തിക്കുന്നു. മയങ്ങുന്ന മരുന്നുകൾ കൊടുത്തും 'പോൺ' കാണിച്ച് കൊണ്ട് ഛർദ്ദിക്കാനുള്ള മരുന്ന് കൊടുത്തുമൊക്കെ അവരെ മാറ്റാൻ ശ്രമിക്കുന്നു.  മടങ്ങിയെത്തുമ്പോഴേക്കും അവർ ഭീതിയുള്ളവരായും, ഉണ്ടായിരുന്ന ആത്മവിശ്വാസം നഷ്ടപ്പെട്ടവരായും അപകർഷതയുള്ളവരായും മാറുകയാണ്.

**എന്താണ് കൺവെർഷൻ തെറാപ്പി?**

തെറ്റായ ധാരണകളുടെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ ലൈംഗികാഭിമുഖ്യമോ ലൈംഗികസ്വത്വമോ ഉള്ള മനുഷ്യരെ അശാസ്ത്രീയവും ചിലപ്പോൾ ക്രൂരവുമായ മാർഗ്ഗങ്ങൾ വഴി അതിൽ നിന്ന്   മാറ്റാൻ ശ്രമിക്കുന്ന പ്രവൃത്തിയാണിത്.   ശാരീരികവും മാനസികവുമായ പീഡകളാണ്, ചിലപ്പോൾ ആത്മീയതയുടെ പേരിലൊക്കെ അടിച്ചേല്പിക്കാറുള്ളത്.   ഉദാഹരണത്തിന് ധ്യാനത്തിന് താൽപ്പര്യമില്ലാത്ത ഒരാളെ നിർബ്ബന്ധിച്ച് തടവിലാക്കി അത് ചെയ്യിപ്പിക്കാൻ ശ്രമിക്കുന്നത് പീഡനമാണ്.   ഇത് ഫലപ്രദമാണെന്ന് തെളിയിച്ചിട്ടില്ലെന്നു മാത്രമല്ല, ജീവിതത്തിന് ഹാനികരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുമുണ്ട്.   ഇലക്ട്രിക് ഷോക്ക് നൽകുക, സ്വവർഗഗാനുരാഗത്തിന്റെ ഉത്തേജനത്തോടൊപ്പം  ഛർദ്ദിക്കാനുള്ള മരുന്ന് നൽകുക,  ഹോർമോൺ തെറാപ്പി, തലച്ചോറിന്റെ ചില ഭാഗങ്ങൾ നീക്കം ചെയ്യുക,  മയങ്ങാനുള്ള മരുന്നുകൾ നൽകുക തുടങ്ങിയ പല മാർഗ്ഗങ്ങളും ഇതിനായി ഉപയോഗിക്കാറുണ്ട്.   സ്വയം തിരിച്ചറിയുന്ന ലൈംഗികസ്വത്വത്തിൽ നിന്നും ലൈംഗികാഭിമുഖ്യത്തിൽ നിന്നും മാറാൻ വേണ്ടി നടത്തുന്ന കൗൺസിലിംഗും അവരുടെ ആരോഗ്യത്തെ മോശമായാണ് ബാധിക്കുന്നത്.

**ചരിത്രത്തിൽ**

കൺവെർഷൻ തെറാപ്പിയുടെ ചരിത്രം പരിശോധിച്ചാൽ അത് പഴയ മതകാഴ്ചപ്പാടുകളുടെ ഒരു തുടർച്ചയാണെന്ന്  കാണാൻ സാധിക്കും.  സ്വവർഗ്ഗഅനുരാഗം പാപമായി കരുതിയിരുന്ന സംസ്കാരത്തിൽ ഇത് മാറ്റാനുള്ള



കടുത്ത ശിക്ഷകളാണ് നൽകിയിരുന്നത്. ആധുനികതയും ആധുനിക വൈദ്യശാസ്ത്രവും വന്നതോടെയാണ് ഇത് രോഗമായി കാണാൻ തുടങ്ങിയത്. കുറ്റം, പാപം എന്നതിൽ നിന്ന് മോചിച്ചെങ്കിലും 'പാടില്ലാത്തത്' എന്ന സങ്കല്പത്തിൽ നിന്ന് വിടാൻ പൊതു സമൂഹത്തിന് കഴിയാതെ വന്നത് കൊണ്ടാകണം വൈദ്യശാസ്ത്രത്തിന്റെ പ്രയോക്താക്കൾ അത് രോഗമായി കണ്ട് ചികിത്സിക്കാൻ തുടങ്ങിയത്. ശാസ്ത്രീയമായ തെളിവുകളേക്കാൾ സമൂഹത്തിൽ നില നിൽക്കുന്ന ആശയങ്ങൾക്ക് ശാസ്ത്രം കൈകാര്യം ചെയ്യുന്നവർ പ്രാധാന്യം നൽകുന്നത് കൊണ്ടാണ് ഇത് സംഭവിച്ചിട്ടുള്ളത്. പല കാര്യങ്ങളിലും ഇത് കാണാൻ കഴിയും. അധികാരവ്യവസ്ഥയുമായി ബന്ധപ്പെട്ടു കൊണ്ട് കൂടിയാണ് ഇങ്ങനെ സംഭവിക്കുന്നത്. അധികാരകേന്ദ്രങ്ങളുടെ ഒരു ഉപകരണം എന്ന പോലെ ശാസ്ത്രവിഷയം പ്രയോഗിക്കുന്നവർ പെരുമാറുന്നത് കാണാം. ശാസ്ത്രത്തിന്റെ രീതിയിൽ തെളിവ് പ്രധാനമാണെങ്കിലും, അതിലേക്ക് അന്വേഷണങ്ങൾ കൊണ്ട് പോകാതിരിക്കുകയോ, അത് കാണാതിരിക്കുകയോ മൂടി വക്കുകയോ ഒക്കെയാണ് ഇക്കൂട്ടർ ചെയ്യുന്നത്. എന്നാൽ, ക്വിയർ ആളുകൾ തന്നെ അടിച്ചമർത്തലിനെ പ്രതിരോധിക്കാനും തെളിവുകൾ കൊണ്ട് വരാനും തുടങ്ങിയതോടെ മാറ്റങ്ങൾ കണ്ട് തുടങ്ങി. മെഡിക്കൽ കമ്മ്യൂണിറ്റി തന്നെ ഇതൊക്കെ പരിശോധിക്കാനും മാറ്റങ്ങൾ കൊണ്ട് വരാനും ആരംഭിച്ചു. ക്വിയർ മനുഷ്യർ ശക്തമായി പ്രതികരിച്ച അമേരിക്കയിലെ സ്റ്റോൺവാൾ സംഭവത്തിനു ശേഷമാണ് മാറ്റങ്ങൾ പ്രകടമായി തുടങ്ങിയത്. എന്നാൽ, ഇന്ത്യയിലും കേരളത്തിലും ഇനിയും മാറ്റങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു

സൈക്കോളജിയിലും സൈക്യാട്രിയിലും തുടക്കം മുതൽ, സ്വവർഗ്ഗഅനുരാഗം രോഗമാണെന്നും ചികിത്സിച്ചു മാറ്റാമെന്നും, പറ്റില്ലെന്നും ഉള്ള രണ്ട് അഭിപ്രായങ്ങളും നില നിന്നിരുന്നു. എന്നാൽ, എല്ലാവരിലും ഇത് സാധ്യമല്ലെന്ന് ഫ്രോയ്ഡും മറ്റും പറഞ്ഞു . ഇതൊരു രോഗമായല്ല, ലൈംഗികതയിലെ ഒരു സ്റ്റേജ് ആയാണ് ഫ്രോയ്ഡ് കണ്ടത്. സ്വവർഗ്ഗഅനുരാഗം മാറ്റാൻ കഴിയില്ലെന്നും എന്നാൽ അതിനോടൊപ്പം ആൺ പെൺ താൽപ്പര്യം കൂടി ഉണ്ടാക്കാൻ സാധിക്കുമെന്നാണ് ഫ്രോയ്ഡ് വിചാരിച്ചത്. അതിനു ശേഷം പ

ലരും പല തെറാപ്പികളും പരീക്ഷിച്ചെങ്കിലും ഒന്നും വിജയിച്ചിട്ടില്ല. അതിൽ നിന്ന് പുറത്ത് വന്ന പലരും അത് പീഡനാനുഭവമായാണ് വിവരിച്ചിട്ടുള്ളത്.

### മെഡിക്കൽ സ്ഥാപനങ്ങളിലൂടെ

അന്താരാഷ്ട്രതലത്തിലും ദേശീയമായും മിക്ക മെഡിക്കൽ സ്ഥാപനങ്ങളും രോഗങ്ങളുടെ ലിസ്റ്റിൽ നിന്ന് ലൈംഗിക വ്യത്യസ്തതകൾ മാറ്റിയിട്ടുണ്ട്. അമേരിക്കൻ സൈക്യാട്രിക് അസോസിയേഷൻ അവരുടെ ഡയഗ്നോസ്റ്റിക് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ മാന്വലിൽ 1973 ൽ തന്നെ ലൈംഗികവ്യത്യസ്തതകൾ രോഗമല്ലാതെ മാറ്റിയിരുന്നു. രോഗമെന്ന ധാരണയിൽ അത് ചികിത്സിച്ചു മാറ്റാൻ ശ്രമിക്കരുതെന്നും അവർ വ്യക്തമാക്കിയിട്ടുണ്ട്. ലോകാരോഗ്യസംഘടനയുടെ ഇന്റർ നാഷണൽ ക്ളാസ്സിഫിക്കേഷൻ ഓഫ് ഡിസ്ഓർഡറുകൾ 1992 ൽ സ്വവർഗ്ഗഅനുരാഗം രോഗങ്ങളുടെ ലിസ്റ്റിൽ നിന്ന് മാറ്റിയിയിട്ടുണ്ട്. അവരുമായി ബന്ധപ്പെട്ട പാൻ അമേരിക്കൻ ഹെൽത്ത് ഓർഗനൈസേഷൻ ലൈംഗികാഭിമുഖ്യം മാറ്റാൻ ചികിത്സിക്കുന്നതിനെതിരെ മുന്നറിയിപ്പ് നൽകി. യൂറോപ്യൻ യൂണിയൻ ഇത് തെറ്റാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പല വ്യത്യസ്തതകളേയും നേരത്തെ പെർവെർഷൻ എന്ന രീതിയിൽ പറഞ്ഞിരുന്നു. അതൊക്കെ വ്യത്യസ്തമായ അവസ്ഥകൾ മാത്രമാണെന്ന് ഇപ്പോൾ തിരിച്ചറിഞ്ഞിട്ടുണ്ട്. റോയൽ ആസ്ട്രേലിയൻ കോളേജ് ഓഫ് ഫിസിഷ്യൻസിന്റെ പ്രസിഡന്റായ കാതറീൻ എലാൻഡ് പറഞ്ഞത് ,കൺവെർഷൻ തെറാപ്പി അധാർമ്മികവും, ഉപദ്രവമുണ്ടാക്കുന്നതും, തെളിവില്ലാത്തതുമാണെന്നാണ്. ഇന്ത്യയിൽ സൈക്യാട്രിക് സൊസൈറ്റിയും അതിന്റെ കേരള ഘടകവും സ്വവർഗ്ഗാനുരാഗത്തെ ചികിത്സിച്ചു മാറ്റുന്നതിനെതിരെ നിലപാട് എടുത്തിട്ടുണ്ട്. എന്നാൽ അതോടൊപ്പം ഈ കാര്യങ്ങൾ പൊതു സമൂഹത്തിലേക്കെത്തിക്കാനുള്ള പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്. കൺവെർഷൻ വ്യാജചികിത്സ ചെയ്യുന്നവരെയും അതിലേക്കെത്തിക്കുന്ന മാതാപിതാക്കളേയും ഇതിലെ തെറ്റു ബോദ്ധ്യപ്പെടുത്തണം. കാഴ്ചപ്പാടിൽ , ഇനിയും പല മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്നതിനാൽ നിരന്തരമായി ഇത് ചർച്ച ചെയ്യേണ്ടതുണ്ട്. ഇത് സാധ്യമാകുന്നത് വ്യത്യസ്ത ലൈംഗിക താൽപ്പര്യങ്ങളുള്ള മനുഷ്യരുമായുള്ള കൺസൾട്ടേഷൻ നടത്തി കൊണ്ടാണ്. പാരാഫീലിക് ഡിസോർഡർ എന്ന പേരിൽ ഇപ്പോൾ ടെക്സറ്റ് ബുക്കുകളിൽ കൊടുത്തിരിക്കുന്ന പലതും റിവ്യൂ ചെയ്യേണ്ടതാണ്.

ചില ഫോറൻസിക് ടെക്സ്റ്റ് ബുക്കുകളിൽ ഇപ്പോഴും വളരെ അശാസ്ത്രീയവും, തെറ്റായതും മനുഷ്യത്വവിരുദ്ധവുമായ തരത്തിലാണ് ലൈംഗികാഭിമുഖ്യങ്ങളെ പറ്റി കൊടുത്തിരിക്കുന്നത്. ഉദാഹരണത്തിന് ഒരു ബുക്കിൽ ഇവർ നിംഫോമാനിയാക്കുകൾ ആണെന്ന് പറഞ്ഞിരിക്കുന്നു. അമിതമായ ലൈംഗികതാത്പര്യമുള്ളവരാണ് ഇവർ എന്ന് പറയാനാണ്






ഇതിലൂടെ ഉദ്ദേശിച്ചിട്ടുള്ളതെന്ന് തോന്നുന്നു. ഇവർ അസൂയക്കാരാണെന്നൊക്കെയുള്ള യാതൊരു അടിസ്ഥാനവുമില്ലാത്ത പ്രസ്താവങ്ങളുമുണ്ട്. സമൂഹത്തിൽ നിലനിൽക്കുന്ന ക്വിയർ ഫോബിയ ഡോക്ടർമാരേയും ബാധിച്ചിട്ടുള്ളത് കൊണ്ടാണ് ഇങ്ങനെ ഒക്കെ എഴുതുന്നത്. ഡോക്ടർമാർ തന്നെ ഇങ്ങനെ ഒക്കെ എഴുതുന്നത് വ്യാജ ചികിത്സകർക്ക് ന്യായീകരണം നൽകുന്നു. ഡോക്ടർമാരും ബുക്കുകൾ എഴുതുന്നവരും ഇക്കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്വം എടുക്കേണ്ടതുണ്ട്.

### റീ അഫർമേഷൻ തെറാപ്പി

പലപ്പോഴും ക്വിയർ വ്യക്തികൾക്ക് അസ്വസ്ഥതകളുണ്ടാകുന്നത് സമൂഹത്തിന്റെയും കുടുംബത്തിന്റെയും ഇടപെടലുകൾ മൂലമാണ്. ആ സമയത്ത് അവരവർ സ്വയം കരുതുന്ന പോലെയുള്ള ലിംഗത്വവും ലൈംഗികാഭിമുഖ്യവും ഉറപ്പിച്ചെടുക്കാനുള്ള തെറാപ്പിയാണിത്. ഇത് ഒരു വ്യക്തി ചികിത്സകരുടെ അടുത്തെത്തുമ്പോൾ, അവരുടെ ആവശ്യപ്രകാരം ചെയ്യേണ്ടതാണ്. ഓരോ ഘട്ടത്തിലും വ്യക്തികളുടെ സമ്മതവും അറിവും ഉണ്ടായിരിക്കണം. ലേസർ തെറാപ്പി,ഹോർമോൺ തെറാപ്പി, സർജ്ജറി ഒക്കെ ഇതിനായി ചെയ്യുന്നുണ്ട്. ഇതിനായി, അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട ഗൈഡ്‌ലൈനുകളും പ്രോട്ടോക്കോളും പിന്തുടരാവുന്നതാണ്. ക്വിയർ മനുഷ്യരുടെ താല്പര്യത്തിനനുസൃതമായി നൽകുന്ന റീ അഫർമേഷൻ തെറാപ്പി അവരുടെ ആത്മവിശ്വാസവും ആരോഗ്യവും മെച്ചപ്പെടുത്തുന്നതായി പഠനങ്ങളുണ്ട്.

### നിയമ നീതി വ്യവസ്ഥകൾ

ലോകത്തിൽ എല്ലായിടത്തും മനുഷ്യാവകാശത്തെ അടിസ്ഥാനപ്പെടുത്തിയ നിയമങ്ങൾ ഉണ്ടായി കൊണ്ടിരിക്കുകയാണ്. പല രാജ്യങ്ങളിലും കൺവെർഷൻ തെറാപ്പി വഞ്ചനയും കുറ്റവുമാണെന്ന് തിരിച്ചറിഞ്ഞു കൊണ്ടുള്ള വിധികൾ വന്നിട്ടുണ്ട്. അമേരിക്കയിലെ പല സ്റ്റേറ്റുകളിലും കൺവെർഷൻ തെറാപ്പിക്കെതിരെയുള്ള വിധികൾ തൊണ്ണൂറുകൾ മുതൽ ഉണ്ടായി കൊണ്ടിരിക്കുന്നു. നീതിബോധം ഉണ്ടാകുന്നതിനനുസരിച്ച് നിയമങ്ങൾ മാറ്റുകയോ ഉണ്ടാക്കുകയോ വേണ്ടി വരും. ഇത്തരം വ്യാജ ചികിത്സകൾക്കെതിരെ കർശന നടപടി എടുക്കാൻ പാകത്തിലുള്ള നിയമങ്ങൾ ഇവിടെയും കൊണ്ട് വരേണ്ടതുണ്ട്.

### മാറുന്ന, മാറേണ്ട വ്യവസ്ഥകൾ

ഇപ്പോൾ മനുഷ്യാവകാശത്തിന്റെ പരിസരത്ത് നിന്നും ആ ഭാഷയിലുമാണ് നമ്മൾ ഈ വിഷയം കാണുന്നത്. നിയമ വ്യവസ്ഥക്കും ആരോഗ്യവ്യവസ്ഥക്കും ഇതിൽ നിർണ്ണായക പങ്ക് വഹിക്കാനുണ്ട്. സ്വവർഗ്ഗാനുരാഗവും ലൈംഗികവ്യത്യസ്തതകളും രോഗമല്ലെന്നത് ആരോഗ്യമേഖല സംശയത്തിനിട കൊടുക്കാത്ത വിധം പ്രഖ്യാപിച്ചു കഴിഞ്ഞു . എന്നിട്ടും പഴയ കീഴ്വഴക്കങ്ങളും പക്ഷപാതപരമായ താൽപ്പര്യങ്ങളും വച്ച് ചില സ്ഥാപനങ്ങൾ ഇത് തുടരുകയാണ്. ശാസ്ത്രീയമായി തെളിയിക്കപ്പെടാത്ത ചികിത്സ വ്യാജമായതും തെറ്റിദ്ധരിപ്പിക്കുന്നതുമായതിനാൽ അത് ശിക്ഷാർഹമായ കുറ്റമാക്കുന്ന തരത്തിൽ നിയമമുണ്ടാക്കുകയും നടപ്പാക്കുകയും വേണം. കോടതികൾ ഈ വിഷയം പഠിക്കുകയും നല്ല മാറ്റങ്ങൾ ഉണ്ടായി കൊണ്ടിരിക്കുകയും ചെയ്യുന്നു എന്നത് ആശാവഹമാണ്. ഏതാനും ദിവസങ്ങൾക്കും മുൻപ് മദ്രാസ് ഹൈക്കോടതിയിൽ നിന്ന് വന്ന ജഡ്ജ്മെന്റ് നല്ല ഉദാഹരണമാണ്. ഈ വിധി പ്രഖ്യാപിച്ച ജസ്റ്റിസ് ആനന്ദ് വെങ്കടേഷ് താൻ ഈ വിഷയത്തിൽ അജ്ഞനായിരുന്നു എന്നും, എന്നാൽ അദ്ദേഹം വിദഗ്ധരുമായി സംസാരിച്ച് കാര്യങ്ങൾ മനസ്സിലാക്കിയ ശേഷം ലെസ്ബിയൻ ദമ്പതികൾക്ക് ജീവിക്കാനുള്ള അവകാശത്തിനനുകൂലമായി വിധി പ്രഖ്യാപിക്കുകയുമായിരുന്നു എന്ന് പറയുന്നുണ്ട്. 'വിവേചനം ശരി വക്കുന്നതിന് അജ്ഞത ഒരു ന്യായീകരണമല്ലെന്ന 'അദ്ദേഹത്തിന്റെ പ്രസ്താവന എക്കാലവും എല്ലാവര്ക്കും ഓർത്തു വെക്കാവുന്ന ഒന്നാണ്. ലൈംഗിക വ്യത്യസ്തതകളെ പറ്റി അജ്ഞനായിരുന്ന ജഡ്ജ്, വിധി പ്രസ്താവത്തിനു മുൻപ് അത് പഠിക്കാൻ തയാറായി എന്നതാണ് വലിയ കാര്യം. ആൺ പെൺ ബന്ധത്തിൽ ഏർപ്പെടുന്ന മറ്റുള്ളവരെ പോലെ തന്നെ സ്വാഭാവികവും മനുഷ്യത്വപരവുമാണ് സ്വവര്ഗഗാനുരാഗവുമെന്ന നിഗമനത്തിലേക്ക് അദ്ദേഹം എത്തി ചേർന്നു. നിയമരംഗത്തും ആരോഗ്യരംഗത്തുമുള്ളവർ ഇതേ പോലെ സ്വയം പഠനത്തിന് വിധേയരാകേണ്ടതാണ്. അങ്ങനെ ആയാൽ മാത്രമേ, കൺവെർഷൻ തെറാപ്പി എന്ന പേരിൽ നടക്കുന്ന ക്രിമിനൽ കൃത്യം നമുക്ക് അവസാനിപ്പിക്കാൻ കഴിയൂ.




ചർച്ചാവിഷയം

**ചിത്തിര വിജയകുമാർ**
വിവർത്തനം - **ഗാർഗി**



# 'ശ'



എല്ലാത്തിന്റെയും സാമാന്യ നാമങ്ങളോട് എനിക്ക് കലഹമായിരുന്നു, എല്ലായ്പ്പോഴും. ഇതളുകൾക്കു കീഴിൽ ചൈനാപ്പാത്രങ്ങളിലെ ചിത്രങ്ങളുള്ള പൂക്കളെ എന്തുവിളിച്ചാലെന്താണ്... ഞങ്ങളുടെ പിൻമുറ്റത്ത് താമസിക്കുന്ന ഇഷ്ടികച്ചുവപ്പുള്ള തവളയുടെ പേര് ഏതോ മരിച്ചുപോയ ശാസ്ത്രജ്ഞൻ എന്തിട്ടാലും എന്താണ്... ഏത് റോഡിന് ഏത് പ്രധാനമന്ത്രിയുടെ പേരായാലെന്താണ്?

എന്തുതരം അനുഭവമാണ് ഓരോന്നും ഉണ്ടാക്കുന്നത് എന്നതു മാത്രമാണ് എനിക്ക് പ്രധാനപ്പെട്ടതായി തോന്നിയത്. വെള്ള ലില്ലിപ്പൂക്കൾ തരുന്ന അനുഭൂതി, അതിനെതിരെ വിളറിയ നിശാശലഭങ്ങൾ തരുന്നത്, അതിനെതിരെ സന്ധ്യാസമയത്ത് മൂങ്ങകൾ തരുന്നത്... അങ്ങിനെയങ്ങിനെ...

പേരുകൾ നഷ്ടപ്പെടുമ്പോളില്ലാതാവുന്നത് എന്താണ്? എനിക്കൊ



ന്നും നഷ്ടപ്പെട്ടിട്ടില്ല. ശബ്ദങ്ങൾ ഞാനോർത്തുവയ്ക്കുന്നു, തൊടലിന്റെ വിശദാംശങ്ങൾ ഓർത്തു വയ്ക്കുന്നു. പിന്നെ, താളങ്ങൾ... ശ്വാസങ്ങളുടെ ചൂട്, പ്രതീക്ഷകളുടെ ശ്രുതി, സംഭാഷണങ്ങളുടെ നൃത്തരൂപങ്ങൾ...

പേരുകൾ മറന്നുപോകുമ്പോൾ ഓരോന്നും ലോകത്തു നിന്നു തന്നെ അപ്രത്യക്ഷമാകുമെന്ന് ഞാൻ വായിച്ചിട്ടുണ്ട്. എന്തുകൊണ്ടവരങ്ങനെ പറഞ്ഞു എന്ന് മനസിലാവുന്നു. പക്ഷേ, അത് നമ്മൾക്ക് അമിത പ്രാധാന്യം കൊടുക്കുന്ന പോലെയല്ലേ... നമ്മളുടെ കാഴ്ചയിലൂടെ അപഭംഗം സംഭവിച്ച ഒരു വിശ്വത്തിന് മാത്രമേ നിലനിൽപ്പുള്ളൂ എന്ന് കരുതുന്ന പോലെ?

പിന്നെ, പേരിടുന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്? ആരാണ് പേരിടുന്നവർ, ഒരു വാക്കിന് ഒരു ആത്മാവ് സംഭാവന ചെയ്യാൻ ആർക്കാണധികാരം? ആ അധികാരം അവർക്കുണ്ടായതെങ്ങനെ? പിടിച്ചു വാങ്ങിയ ഒന്നാണോ അത്? ഓരോ വാക്കിനും അർദ്ധം ഉറപ്പിക്കാൻ എന്തൊക്കെയാണവർ മായ്ചു കളഞ്ഞത്?

ഒരു നഗരത്തെ ഞാനും നിങ്ങളും ഒരേ പേരിൽ ഓർക്കുന്നുണ്ടാവാം, എങ്കിലും നമ്മൾക്കത് വ്യത്യസ്ഥമായ ലോകങ്ങളല്ലേ? ഒരേ കടപ്പുറം എന്റെയും നിങ്ങളുടെയും കാഴ്ചയിൽ വേറെവേറെയല്ലേ? തന്നെ ഉപദ്രവിക്കുന്ന ഭർത്താവിന്റെ കൂടെ അവിടെത്തിച്ചേർന്ന ഒരു സ്ത്രീയ്ക്ക് അത് മറ്റൊന്നല്ലേ... ഒരു പോലീസുകാരന്? എന്റെ രാത്രി ത്തെരുവുകൾ നിങ്ങളുടേതല്ലല്ലോ...

ചലനാത്മകമായ ഉൺമകൾക്ക് ഒരൊറ്റ പേരെന്നത് വിഡ്ഢിത്തമല്ലേ... ചതുപ്പിൽ വെറുതേ നിൽക്കുന്ന ഒരു കൊറ്റി ഉളവാക്കുന്ന വികാരവും അത് സന്ധ്യാകാശത്തിനെതിരെ പറക്കുമ്പോളുണ്ടാക്കുന്നതും വ്യത്യസ്ഥമല്ലേ? ഈ രസതന്ത്രത്തെ ഒറ്റ വാക്കുകൊണ്ട് എങ്ങനെ പിടിക്കാനാകും?

പക്ഷേ, ചിലപ്പോളെനിക്ക് അവർ പേരുകൾ കൊണ്ട് എന്താണുദ്ദേശിക്കുന്നത് എന്ന് മനസിലാകാറുണ്ട്. തിരികെവരാൻ വിളിക്കാനായി ഒരു പേരില്ലെങ്കിൽ അപ്രത്യക്ഷമാകാനെളുപ്പമാണ്.

*****

ക്യുവർ പ്രൈഡിൽ ഞങ്ങൾ നൃത്തം ചെയ്ത് ആനന്ദത്താൽ തളർന്ന് രണ്ടു നാൾ കഴിഞ്ഞാണ് റെയിൽവെ ചരക്കുകെട്ടിടത്തിനടുത്ത് ഗൗരിയെ മരിച്ച നിലയിൽ കണ്ടെത്തിയത്. ഞങ്ങൾ ക്യുവറുകൾ



ക്ക് രണ്ടും സുപരിചിതമാണ്... നൃത്തവും മരണവും. ആലുവയിൽ ഒരു കെട്ടിടത്തൊഴിലാളിയായിരുന്നു ട്രാൻസ് സ്ത്രീയായ ഗൗരി. ഒരു ആസ്ബസ്റ്റോസ് ഷീറ്റുകൊണ്ട് മൂടിയിട്ടതായിരുന്നു. കഴുത്തു ഞെരിക്കപ്പെട്ടിട്ടുണ്ടായിരുന്നു. തമിഴ്നാട്ടിൽ ജനിച്ചവൾ...


2014 ൽ ഒരു ട്രാൻസ് സ്ത്രീ പാർലമെന്റിലേക്ക് മൽസരിച്ച തമിഴ്നാട്. 2016 ൽ രാജ്യത്തെ ആദ്യത്തെ ട്രാൻസ് പോലീസ് ഓഫീസറെ നിയമിച്ച തമിഴ്നാട്. 2014 ൽ ആദ്യത്തെ ട്രാൻസ് വാർത്താ അവതാരകയെ ജോലിക്കെടുത്ത നാട്. 2014 ൽ ഏഷ്യയിലെ ആദ്യത്തെ ജെൻഡർ ക്യുവർ പ്രൈഡ് നടന്ന നാട്. 2009 ൽ ഇന്ത്യയിലെ ആദ്യത്തെ പ്രൈഡ് നടന്ന നാട്. ഗൗരി ജനിച്ച നാട്.

ഞങ്ങൾക്കവളെക്കുറിച്ച് ഒന്നുമറിയില്ലായിരുന്നു. ഗൗരി ജനിച്ച കുടുംബത്തെക്കുറിച്ച് ആർക്കുമറിയുമായിരുന്നില്ല. ഒരാളുടെ കൈയ്യിലും അവളുടെ ഒരു ഫോട്ടോ പോലുമുണ്ടായിരുന്നില്ല. ആകെ ഉണ്ടായിരുന്നത് ആ പേര് മാത്രം. അവളുടെ മരണാനന്തര ചടങ്ങുകൾക്കുണ്ടായിരുന്നത് ചുരുക്കം ആളുകൾ. ചുവപ്പും വെളുപ്പുമായി ഇത്തിരി പൂക്കൾ... അവളെ പരിചയമുണ്ടായിരുന്ന, അല്ലെങ്കിൽ കേട്ടറിഞ്ഞു വന്ന ക്യുവർ, ട്രാൻസ് ആളുകൾ. ശരീരത്തെ ഏറ്റുവാങ്ങി അവർ മുനിസിപ്പാലിറ്റി ശ്മശാനത്തിലേക്ക് പോയി. ഒരു ചുവന്ന സാരിയിൽ അവളെ ചുറ്റി. വിടപറഞ്ഞു. മുനിസിപ്പാലിറ്റി ജീവനക്കാർ അവളെ സിമന്റുകട്ടകളാൽ അതിരുവച്ച തണുത്ത മൺചതുരത്തിലേക്ക് ഇറക്കിവച്ചു. എന്റെ ഒരു സുഹൃത്തും അവിടെയുണ്ടായിരുന്നു... ആ പൂക്കളെപ്പോലെ അയാളുടെ

ശബ്ദവും മുറിഞ്ഞും ചുളുങ്ങിയും...

ആകെ ഉണ്ടായിരുന്നത് ആ പേര് മാത്രം. എങ്ങിനെയാണ് ഒരു പേരിനെ വിലപിക്കുന്നത്?

ഒരാഴ്ചയ്ക്കുള്ളിൽ പ്രതിയെ പിടിച്ചുവെന്ന് പോലീസ്. 21 വയസ്സുകാരനാണെന്ന്. അഭിലാഷ് കുമാർ എന്നാണത്രെ പേര്. അയാൾ കള്ളു കുടിച്ചിട്ടുണ്ടായിരുന്നത്രെ. ഗൗരി അയാളെ 'പ്രകോപിപ്പിച്ചു' കാണണം എന്നാണവർ പറഞ്ഞത്. ശരിയാണ്, ഞങ്ങളുടെ ശരീരങ്ങൾ, ഞങ്ങൾ ഉണ്ട് എന്നതു തന്നെ പ്രകോപനപരവും സദാചാര ലംഘനവുമല്ലേ... കേസ് അവസാനിച്ചു എന്നായിരുന്നു വാർത്തയിൽ. ചിലപ്പോൾ ലോകത്തെ എല്ലാ വിഷാദവും ക്യുവറാണെന്നു തോന്നും. എന്തെന്നാൽ വിഷാദം, ക്യുവറെന്ന പോലെ, കളങ്ങളിൽ ഒതുക്കാൻ പറ്റുന്ന ഒന്നല്ല.




വിഷാദത്തെ ഘട്ടങ്ങളായി തിരിക്കാം, ഒന്നിൽ നിന്നൊന്നിലേക്ക് എളുപ്പത്തിൽ കടക്കുന്നതിനെക്കുറിച്ച് പുസ്തകങ്ങൾ വായിക്കാം. എന്നാൽ വിഷാദത്തിന്റെ വായ്ക്കകത്തേക്ക് എത്തിനോക്കിയവർക്കറിയാം, രക്ഷപെടാൻ ഒറ്റ വഴിയേ ഉള്ളൂ... എടുത്തുചാടുക. ആ കിഴുക്കാൻതൂക്കിൽ നിന്ന് മലക്കം മറിയുക... ശ്വാസം പിടിച്ച് ആ ജലത്തിന്റെ തൊലിയെ ഭേദിക്കുക...

ക്യുവറെന്നത് ജലത്തെപ്പോലെയുമാണ്, ഒഴിച്ചുവയ്ക്കപ്പെട്ട ശരീരത്തിന്റെ ആകൃതിയെടുക്കാൻ പാകത്തിൽ, അതിരില്ലാത്തത്.

***

ഒരിക്കൽ, ഒരു സുഹൃത്തുമായി ഒരുപാടു കാലം വിട്ടു നിൽക്കേണ്ടി വരുമെന്ന് വന്നു. ഒരുമിച്ചിരുന്ന്, പരസ്പരം ഓർമ്മയുള്ള കാര്യങ്ങളെക്കുറിച്ച് കത്തുകളെഴുതാൻ തീരുമാനിച്ചു. മാസങ്ങളോളം, വർഷങ്ങളോളം ഞങ്ങളെഴുതി... അതിൽനിന്ന് ഒരു കാര്യം വ്യക്തമായി, ഓരോരുത്തരും പരസ്പരം ഓർത്തുവച്ചിരുന്ന കാര്യങ്ങൾ അവരവരെക്കുറിച്ച് മറന്ന കാര്യങ്ങളായിരുന്നു. ഞാൻ മറ്റൊരാളോടെങ്ങിനെയായിരുന്നു, അങ്ങിനെ പുനർനിർമിക്കപ്പെടുന്നത് കണ്ടു... പരിഭ്രമിപ്പിക്കുന്ന, അതിശയിപ്പിക്കുന്ന, ആസക്തി ഉള്ള ഒരനുഭവം. ഞങ്ങൾ വിശദാംശങ്ങളുടെ ഓർമകൾ പങ്കുവച്ചു - അവന് സ്വന്തമാക്കാൻ ആഗ്രഹമുണ്ടായിരുന്ന ഒരു ഇളം നീല ഷോർട്ട്സ് അവൾക്കുണ്ടായിരുന്നു, അവന്റെ ലിപ്സ്റ്റിക് വായയുടെ അതിരുകൾക്കപ്പുറത്തേക്ക് തുളുമ്പി നിൽക്കുമായിരുന്നു, കഴിഞ്ഞ രാത്രിയിൽ സംഭവിച്ച അപകടം നിന്റെ കൈകളിൽ വേദനയുടെ ചുവർചിത്രങ്ങൾ വരച്ചു തീർത്തിരുന്നു, ഇടതുവശത്ത്, മുകളിലെ അണപ്പല്ല് നി



റച്ചത് അഴിഞ്ഞുവരുന്നുണ്ടായിരുന്നു, നിന്റെ ഇടതുകണ്ണ് വേദനയിൽ ചൂളുമ്പോൾ അമർത്തിയടയ്ക്കുന്നുണ്ടായിരുന്നു. ഫോട്ടോയെക്കാൾ വ്യക്തമായ ചിത്രങ്ങളായിരുന്നു നമ്മൾ വരച്ചുകൊണ്ടിരുന്നത്.

*****


രാത്രികളിൽ ഗൗരി എന്നെ ഉറക്കാതിരുത്തി, എനിക്കിഷ്ടമില്ലാതെയല്ല... എപ്പൊഴോ എവിടെ വച്ചോ കണ്ടിട്ടുണ്ടെന്ന് ഞാൻ വിഭാവനം ചെയ്തു. ഞാൻ കയറിപ്പോയിരുന്ന ഒരു തെരുവിൽ അവളിറങ്ങി വന്നിട്ടുണ്ടാവാം. അസമയത്ത് വെട്ടിയ ഒരിടിമിന്നലിനെ ഞാൻ വെറുത്തപ്പോൾ അവളാഘോഷിച്ചിട്ടുണ്ടാവാം. ചിലപ്പോൾ ആ പ്രൈഡിൽ നമ്മൾ രണ്ടുപേരും കൈകളും ശരീരവുമുരുമ്മി നൃത്തം ചെയ്തിട്ടുണ്ടാവാം. എന്റെ ഓർമ്മകളുടെ ഒരു താളിൽ അവളുടെ മുഖമുണ്ടാവാം, ഞാൻ തിരഞ്ഞാൽ കിട്ടുന്ന വിധം. എനിക്കത് കാണണം, ഞാൻ തിരഞ്ഞുകൊണ്ടേ ഇരിക്കുന്നു...

പിന്നെ ആര് അവളെ കൊലപ്പെടുത്തി, എങ്ങനെ, എന്തിന്, എപ്പോൾ തുടങ്ങിയ കാര്യങ്ങൾ... ഇതൊന്നും ഒരിക്കലുമറിയാൻ നമ്മൾക്ക് കഴിഞ്ഞില്ലെങ്കിലോ... അത്തരത്തിലെ ഒരഭാവത്തോട് എങ്ങിനെയാണൊരാൾ പൊരുത്തപ്പെടുക? ഓഗസ്റ്റ് 15 ന് എന്തുണ്ടായി എന്ന് അവളുടെ വീട്ടുകാർ അറിയുന്നുണ്ടാകുമോ? ആരാണവളെ കൊലപ്പെടുത്തിയത് എന്ന് നമ്മൾക്കറിയാമോ? അന്ന് രാത്രി അയാൾ തിരിച്ചുപോയി വാർത്ത ശ്രദ്ധിച്ചിട്ടുണ്ടാവുമോ? അവൾക്കേറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം ഏതായിരുന്നു? അയാൾക്ക് അവളെ അറിയുമായിരുന്നോ? അവൾ കുഞ്ഞുന്നാളിൽ പോയ സ്കൂളിന്റെ പേരെന്താണ്? ഒരു കുഞ്ഞായിരിക്കുമ്പോൾ അയാളെങ്ങനെയായിരുന്നു? ഒരു കുഞ്ഞായിരിക്കുമ്പോൾ അവളെങ്ങനെയായിരുന്നു? അവളുടെ ആദ്യത്തെ ഓർമ്മയെന്തായിരുന്നു? അവൾ തന്നെയാണോ അവളുടെ പേര് തിരഞ്ഞെടുത്തത്?

അതെ, അങ്ങിനെയാണ് ഞാൻ വിശ്വസിക്കാനിഷ്ടപ്പെടുന്നത്. ഗൗരി എന്ന പേര് തിരഞ്ഞെടുത്തത് അവളാണ്; അത് അവളുടെ തീരുമാനം ആയിരുന്നു.

ചർച്ചാവിഷയം

**സുനിൽമോഹൻ ആർ.**
ട്രാൻസ്മെൻ, ലൈംഗിക/ലിംഗ
അവകാശ പ്രവർത്തകൻ



# ജൻഡർ പുനർനിർണ്ണയവും കീഴാള പുനർകേന്ദ്രീകരണവും



എന്നെ സംബന്ധിച്ചിടത്തോളം ജെൻഡർ എന്ന് പറയുന്നത് ഒരു വ്യക്തിയുടെ നിത്യജീവിതത്തിലെ അനുഭവങ്ങൾ തന്നെയാണ്. അതൊരു എക്സ്പ്രെഷൻ ആണ്, ഏതൊരു വ്യക്തിക്കും തിരഞ്ഞെടുക്കാവുന്ന ഒന്ന്. ജെൻഡർ വളരെ ഫ്ലൂയിഡ് ആണ്. അതിനെ നിർവ്വചിക്കാനാവില്ല. ജെൻഡർ സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ ഒരു വ്യക്തിയുടെ കർത്തവ്യവുമായി ബന്ധപ്പെട്ടതാണ്. നമുക്ക് ചുറ്റുമുള്ള പ്രയാസകരമായ പലതുമായി ജെൻഡർ ബന്ധപ്പെട്ടു കിടക്കുന്നു. അത് ഒരു ലംഘനം ആണ്, അതിരുകളെ ഭേദിച്ച് കൊണ്ട് സ്വന്തമായ അഭിപ്രായ പ്രകടനത്തിലേക്കുള്ള ഒരു വഴിയാണത്. അത് ജീവിതത്തിലെ ഒരു യാത്രയാണ്. ശരീരത്തിൽനിന്നും മനസ്സിലേക്കുള്ള യാത്ര, ഒരു വ്യക്തിപരമായ യാത്രയും അതേ സമയം രാഷ്ട്രീയപരവും

ആണിത്. ഈ യാത്രയിൽ ചില ആളുകൾ ബന്ധങ്ങളെ മുറിച്ചു കൊണ്ട് സ്വന്തം ആഗ്രഹങ്ങൾക്കനുസരിച്ചു ജീവിക്കുന്നു. സാമൂഹിക സദാചാരത്തിൽ അധിഷ്ഠിതമായ ജെൻഡറുമായി ബന്ധപ്പെട്ട നിയമങ്ങൾ വിട്ടുവീഴ്ചയില്ലാത്തതാണ്. ജെൻഡർ ഒരു വ്യക്തിയുടെ വ്യക്തിത്വവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു പ്രധാനഘടകം ആണ്.

ജെൻഡറിനെക്കുറിച്ച് എനിക്കുള്ള ഇത്തരം കോൺസെപ്റ്റുകൾ കഴിഞ്ഞ പതിമൂന്നുവർഷം സെക്ഷ്വാലിറ്റിയുടെയും ജെൻഡറിന്റെയും പേരിൽ അടിച്ചമർത്തപ്പെട്ട ആൾകൾക്ക് വേണ്ടി വർക്ക് ചെയ്തതിന്റെ ഭാഗമായും കൂടാതെ ഒരു ക്യുവെർ കമ്മ്യൂണിറ്റി മെമ്പർ എന്ന നിലയിൽ എന്റെ ജീവിതാനുഭവത്തിൽ നിന്ന് കൂടി ഉരുത്തിരിഞ്ഞു വന്നതാണ്. ജെൻഡർ എന്ന കോൺസെപ്റ്റിനെക്കുറിച്ചു പലർക്കും പല അഭിപ്രായം ആയിരിക്കും. അത് ഞാൻ മുകളിൽ പറഞ്ഞ കാര്യങ്ങളുമായി ബന്ധം ഉണ്ടാവണം എന്നില്ല. ട്രാൻസ്ജെൻഡർ എന്ന കോൺസെപ്റ്റ് വരാൻ കാരണം നിലവിലുള്ള ജെൻഡർ ദ്വന്ദ്വം ആണ്. ജെൻഡർ ദ്വന്ദ്വനിയമം പ്രകാരം എല്ലാവരും രണ്ട് ജെൻഡറുകളിൽ ഒന്നിൽ വിധേയരായി ജീവിക്കണം. ആണ് പെണ്ണ് എന്ന ദ്വന്ദ്വം എല്ലായിടത്തും ഉള്ളത് കൊണ്ട് തന്നെ ട്രാൻസിഷന് ശേഷം ഏതേലും ഒരു ജെൻഡറിൽ വിധേയരായി ജീവിക്കാൻ ട്രാൻസ്ജെൻഡറുകളും നിർബന്ധിതരാവുന്നു. സർജറി ചെയ്യുന്നതിലൂടെ ഇഷ്ടമുള്ള ജെൻഡർ ദ്വന്ദ്വം തിരഞ്ഞെടുക്കാൻ ട്രാൻസ്ജെൻഡേർസിനു പറ്റുന്നതിനാലാണിത്. ഇത്തരം റിജിഡ് ആയ ആൺ പെൺ ദ്വന്ദ്വത്തിന് പുറത്തു നിക്കുന്ന ജെൻഡർ എക്സ്സ്പ്രെഷനും ഉണ്ട്. കോത്തി, ഡിഡി, പന്തി, സാറ്റില കോത്തി, ജെൻഡർ ക്യുവെർസ്, ഇന്റർ-ജെൻഡേർസ് ഈ കാറ്റഗറിയിൽ ഐഡന്റിഫൈ ചെയ്യുന്നവരെല്ലാം ജെൻഡർ ദ്വന്ദ്വത്തിനപ്പുറത്ത് ജീവിക്കുന്നവരാണ്.



ജനിച്ചപ്പോൾ ആണ് എന്ന ജെൻഡർ ചാർത്തപ്പെട്ട ട്രാൻസ് ജെൻഡേർസ് സമൂഹത്തിൽ തിരസ്കരിക്കപ്പെടുന്നവരാണെങ്കിലും ചരിത്രത്തിന്റെ ചില ഭാഗങ്ങളിലും, ഇതിഹാസങ്ങളിലുമൊക്കെ പരാമർശിക്കപ്പെടുന്നുണ്ട്. പക്ഷെ ജനിക്കുമ്പോൾ പെണ്ണ് എന്ന ജെൻഡർ ചാർത്തപ്പെട്ട ട്രാൻസ്ജെൻഡേഴ്സിന്ണ് ഇതിലെവിടെയും ഒരു സ്ഥാനം ഉണ്ടായിട്ടില്ല. മഹാഭാരതത്തിലെ ശിഖണ്ഡി എന്ന കഥാപാത്രം പെണ്ണായി ജനിച്ച വ്യക്തി ആണ്. ശിഖണ്ഡി പിന്നീട് ഭീഷ്മനോട് പ്രതികാരം ചെയ്യാൻ ആണായി മാറുന്നതായി പരാമർശിക്കുന്നുണ്ട്. പക്ഷെ ശിഖണ്ഡി എന്ന കഥാപാത്രത്തെ ജനിക്കുമ്പോൾ ആൺ സ്വത്വം ചാർത്തപ്പെട്ട ട്രാൻസ് ജെൻഡറുകൾ അവരുടെ സ്വത്വത്തെ പ്രതിനിധീകരിക്കുന്നതായി പ്രചരിപ്പിക്കുകയാണ് ചെയ്യുന്നത്. യഥാർത്ഥത്തിൽ ശിഖണ്ഡി എന്ന പദം ഹിജ

ഡകളെയും മറ്റ് ആൺ ജെൻഡർ ചാർത്തപ്പെട്ട ട്രാൻസ്ജെൻഡറുകളെയും അപമാനിക്കാനായി ഉപയോഗിക്കുന്നവരുണ്ട്.

ട്രാൻസ്ജെൻഡറുകൾക്ക് അവരുടെ സ്വന്തം സ്വത്വം തിരഞ്ഞെടുക്കാൻ അവകാശമുള്ളപ്പോൾ എന്തിനാണ് തമാശകളിലും മോശം പദ പ്രയോഗങ്ങളിലും കുഞ്ഞുണ്ടാവില്ല എന്നൊക്കെ പറഞ്ഞു ട്രാൻസ്ജെൻഡറുകളെ തരം താഴ്ത്തുന്നത്. യഥാർത്ഥത്തിൽ ഇത് പ്രത്യുല്പാദന യോഗ്യരായ ആൺ പെൺശരീരങ്ങളുമായ് പിണഞ്ഞു കിടക്കുന്നു. പ്രത്യുല്പാദനത്തിനു വേണ്ടി ആണും പെണ്ണും കല്യാണം എന്ന വ്യവസ്ഥയിൽ കൂടിച്ചേരുന്നത് മാത്രമാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. കാലാ കാലങ്ങളായി ഈ വ്യവസ്ഥ തുടർന്ന് പോവുന്നു. കല്യാണം, കുടുംബം തുടങ്ങിയ വ്യവസ്ഥിതികൾ വ്യക്തികളുടെ ലൈംഗികതയെ നിയന്ത്രിക്കുകയും അത് ഉഭയലൈംഗികത മാത്രമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കാരണം പ്രത്യുല്പാദനത്തിനും തലമുറകളുടെ തുടർച്ചക്കും അത് വളരെ അത്യാവശ്യമാണ്. എന്നിരുന്നാലും സ്വന്തം ആനന്ദത്തിനായി രഹസ്യമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നവരുണ്ട്. പക്ഷെ ലൈംഗികതയും ആനന്ദവും തമ്മിലുള്ള ബന്ധം ഒരിക്കലും സംസാര വിഷയമോ ചർച്ചാവിഷയമോ ആവുന്നില്ല. ഉഭയലൈംഗികതയുമായി ബന്ധപ്പെട്ട നിയമങ്ങൾ വ്യക്തികളുടെ ലൈംഗികതയേയും ജെൻഡർ തെരഞ്ഞെടുപ്പുകളെയും നിയന്ത്രിക്കുന്നു. ബഹു ലൈംഗികതയും ജെൻഡറുകളും പലപ്പോഴും ഈ വ്യവസ്ഥിതിക്ക് ഒരു അരക്ഷിതാവസ്ഥയും വെല്ലു വിളിയും ഉണ്ടാക്കുന്നു. 2010 ൽ, ട്രാൻസ് ദൃശ്യത വളരെ കുറഞ്ഞ ടൈമിൽ, ആണായി ജനിച്ച പെണ്ണായി ജീവിക്കാനാഗ്രഹിച്ച എന്റെ ഒരു സുഹൃത്ത് മുടി വളർത്തിയതിന്റെ പേരിൽ വീട്ടുകാരാൽ ക്രൂരമായി മർദിക്കപ്പെടുകയും, പിന്നീട് കൊല്ലപ്പെടുകയും ചെയ്യുന്ന സാഹചര്യവുമുണ്ടായി. പുരുഷാധിപത്യ വ്യവസ്ഥയിൽ ഊന്നിയ, ഹെട്രോ നോർമറ്റിവ് ആയ, ജാതീയത മുഖ മുദ്രയാക്കിയ നമ്മുടെ വ്യവസ്ഥിതി പലപ്പോഴും കളിയാക്കൽ എന്ന ടൂൾ ഉപയോഗിച്ചു അക്രമം അഴിച്ചു വിടുകയാണ് ചെയ്യുന്നത്, അതിലൂടെ വ്യത്യസ്ത ലൈംഗികതയേയും, ജെൻഡറുകളേയും നിയന്ത്രിക്കുകയും ചെയ്യുന്നു.

**എന്തുകൊണ്ടാണ് നമ്മൾ കീഴാളരാവുന്നത്?**

ഞാൻ ആലോചിക്കാറുണ്ട് ജെൻഡർ എങ്ങനെ ഒരു സ്വത്വമാവും. പ്രത്യുല്പാദനത്തിലൂന്നിയ വ്യവസ്ഥിതി ആണ് ശരീരങ്ങളെ സാധൂകരിക്കുന്നത്. ബാക്കിയെല്ലാ ശരീരങ്ങളും, ജനനം കൊണ്ടായാലും , തെരഞ്ഞെടുത്തതായാലും , നിലവി



ലുള്ള വ്യവസ്ഥിതിക്ക് കീഴ്പ്പെട്ട് പോകണം. അതല്ലെങ്കിൽ ശിക്ഷിക്കപ്പെടുകയോ, അല്ലെങ്കിൽ നേരെയാക്കാനുള്ള ശ്രമം നടക്കുകയോ ചെയ്യും.

എന്നെ സംബന്ധിച്ചിടത്തോളം ജെൻഡർ ഒരു എക്സ്പ്രെഷൻ ആണ്, സ്വത്വം അല്ല. ദേഷ്യം ഒരു എക്സ്പ്രെഷൻ ആണ്. കരയുക എന്നത് ഒരു എക്സ്പ്രെഷൻ ആണ്. പക്ഷെ ഇതെല്ലാം ജെൻഡറുമായി കണക്ട് ചെയ്യുകയാണ്, കാരണം ജെൻഡർ ഇവിടെ സ്വത്വത്തിന്റെ ഭാഗമാണ്. ഉദാഹരണത്തിന് ആണുങ്ങൾക്ക് ദേഷ്യപ്പെടാം, അതേ സമയം കരയുക എന്ന വികാരം ബ

ന്ധിപ്പിച്ചിരിക്കുന്നത് സ്ത്രീയോടാണ്. ആക്രമണാത്മകത ബന്ധിപ്പിച്ചിരിക്കുന്നത് പുരുഷത്വത്തോടാണ്. ഇത് സ്ത്രീകളെ കണ്ട്രോൾ ചെയ്യാൻ വേണ്ടിയുള്ള നിർമിതിയാണ്. അതേ സമയം സഹനം എന്ന വികാരം സ്ത്രീത്വത്തോടാണ് ബന്ധിപ്പിച്ചിരിക്കുന്നത്. ഇത് സ്ത്രീകളെ നിയന്ത്രിക്കാൻ വേണ്ടിയുള്ള നിർമിതി ആണ്. ഇത് മാത്രമല്ല ജാതി, വർഗം, തൊഴിൽ, ഇവയെല്ലാം കണ്ട്രോൾ ചെയ്യപ്പെടുന്നത് പുരുഷാധിപത്യവ്യവസ്ഥിതിയിലുടെ ആണ്.

വികാരങ്ങളെ ജെൻഡറിൽ നിന്നും വേർപ്പെടുത്തിയാൽ അത് എല്ലാ വ്യക്തികൾക്കും ബാധകമാവുന്ന രീതിയിൽ ആവും. അങ്ങനെ ആവുമ്പോൾ എല്ലാവർക്കും ചിരിക്കാം, എല്ലാവർക്കും കരയാം, ഇഷ്ടം പോലെ മുടി വളർത്താം, മുടി വെട്ടാം, ചിരിക്കാം, നടക്കാം, ഇരിക്കാം; ഒരു ജെൻഡർ ബോക്സിലും പെടാതെ. ഇതിലൂടെ നമുക്ക് പുരുഷാധിപത്യ വ്യവസ്ഥയെ ചോദ്യം ചെയ്യാം, പൂർണമായും ഇല്ലാതാക്കാം. പ്രത്യേക അവകാശങ്ങളെ തുല്യത




യിലേക്കെത്തിക്കാം. അങ്ങനെ ആവുമ്പോൾ അതോറിറ്റിക്ക് മുന്നിൽ ഒരു വ്യക്തിക്ക് സ്വന്തം ജെൻഡർ തെളിയിക്കേണ്ടി വരില്ല. അതോറിറ്റി എന്നത് ഇവിടെ ഭരണകൂടം ആവാം, ശാസ്ത്രം ആവാം അല്ലേൽ സമൂഹം തന്നെ ആവാം.

പുരുഷാധിപത്യവ്യവസ്ഥയിൽ ഊന്നിയ ദ്വന്ദ്വ മോഡലിനെ നിലനിർത്താൻ വേണ്ടി ആണ് ജെൻഡർ എന്ന കോൺസെപ്റ്റിനെ ഇപ്പോഴും ഐഡൻറിറ്റി ആക്കി ചുരുക്കുന്നത്. അങ്ങനെ ആണ് അവിടെ ഫസ്റ്റ് ഗ്രേഡ് പൗരനും, പെണ്ണ് സെക്കൻഡ് ഗ്രേഡ് പൗരയും ആണ്. ചഅഘടഅ ജഡ്ജ്മെൻറ് ഇപ്പൊ ഒരു മൂന്നാം ജെൻഡർ കാറ്റഗറി ഉണ്ടാക്കിയിട്ടുണ്ട്. ജെൻഡറിനെ സ്വത്വത്തിലേക്ക് ചുരുക്കുന്നതാണ് ക്വസ്റ്റൈൻ ചെയ്യപ്പെടേണ്ടത്. അല്ലാതെ റാങ്ക് അടിസ്ഥാനത്തിൽ ജെൻഡർ കാറ്റഗറി ഉണ്ടാക്കുന്നതി



ലൂടെ എന്ത് സമത്വം ആണ് ഉണ്ടാവാൻ പോവുക. ജാതി, വർഗം, തൊഴിൽ ഇവയൊക്കെ വ്യത്യാസപ്പെടുന്നതിനു അനുസരിച്ചു സ്ത്രീകൾ അനുഭവിക്കുന്ന വിവേചനം വ്യത്യാസപ്പെടും താഴ്ന്ന ജാതിയിൽപ്പെട്ട പുരുഷന് ഉയർന്ന ജാതിയിൽപ്പെട്ട പുരുഷന് ലഭിക്കുന്ന അംഗീകാരം ലഭിക്കില്ല. അടിച്ചമർത്തപ്പെട്ട സ്ത്രീകൾ കീഴാളരാണ്. അത് പോലെ ട്രാൻസ്ജെൻഡേഴ്സും കീഴാളരാണ് എന്ന് ഞാൻ വാദിക്കുന്നു. കാരണം ട്രാൻസ്ജെൻഡേർസ് അടിച്ചമർത്തപ്പെട്ടവരാണ്, നിശ്ശബ്ദരാക്കപ്പെട്ടവരാണ്, സ്വാഭിമാനം ചോദ്യം ചെയ്യപ്പെട്ടവരാണ്. ഞങ്ങൾക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല.

ഞാനും 'altenative', 'minority', 'different', 'other’ ഇങ്ങനെ ഉള്ള പദ പ്രയോഗങ്ങൾ എന്നെ വിശേഷിപ്പിക്കാൻ ഉപയോഗിക്കാൻ പ്രേരിപ്പിക്കപ്പെടുകയാണ്. വ്യവസ്ഥിതിയോട് താദാത്മ്യം പ്രാപിക്കാതെ ഞങ്ങൾക്ക് മുന്നോട്ട് പോകൽ പ്രയാസകരമാണ്. അത് കൊണ്ട് തന്നെയാണ് ഞങ്ങൾ കീഴാളരാണെന്ന് ഞാൻ പറയാൻ കാരണവും. ഞങ്ങൾ മൈനോറിറ്റി ആണ് എന്ന് പറയാൻ കാരണം ഭരണകൂടമോ, അധികാരത്തിലിരിക്കുന്നവരോ ഒന്നും ഞങ്ങളെ ഞങ്ങളായി ജീവിക്കാൻ അനുവദിച്ചിട്ടില്ല. ഞങ്ങളെ വെറും നമ്പറുകളായാണ് കാണുന്നത്. അത് കൊണ്ടാണ് ഞങ്ങളുടെ എണ്ണം സ്റ്റേറ്റിന്റെ കണക്കുകളിൽ മാത്രമായി. ചഅഘടഅ ജഡ്ജ്മെൻറ്, ങടവഘ്ള റിപ്പോർട്ട്, സുരേഷ് കുമാർ കുശാൽ ജഡ്ജ്മെൻറ് ഇവയെല്ലാം ഈ നമ്പറുകളുടെ അടിസ്ഥാനത്തിൽ ഉള്ളവയാണ്. എന്ത്കൊണ്ടാണ് നമ്മൾ മൂന്നാമത്തെ കാറ്റഗറി ആവുന്നത്. ആണ്, പെണ്ണ് എന്ന ദ്വന്ദ്വം നിലനിർത്താൻ ഒരു മൂന്നാമത്തെ കാറ്റഗറി ആവശ്യമാണോ. ഒരോ വ്യക്തിയും വ്യത്യസ്തനാണ്. കഴിക്കുന്ന രീതിയും, നടക്കുന്ന രീതിയും, ഇരിക്കുന്ന രീതിയുമെല്ലാം ഓരോ വ്യക്തിയിലും വ്യത്യസ്തമാണ്. ചിലർക്ക് ആറ് വിരലുകളുണ്ട്, ചിലർ ഇടത് കൈകൊണ്ട് എഴുതുന്നു അങ്ങനെയൊക്കെ. അവരെല്ലാം മനുഷ്യൻ എന്ന കുടക്കീഴിൽ വരുന്നു. എന്ത് കൊണ്ടാണ് ജെൻഡർ വ്യത്യാസങ്ങൾ മാത്രം വേറെ വേറെ കാറ്റഗറിയിൽ പെടുത്തുന്നത്.

നിലവിലുള്ള വ്യവസ്ഥ നമുക്ക് വേണ്ടി മാറാനോ നമ്മളെ ഉൾക്കൊള്ളാനോ തയ്യാറല്ല. ഈ വ്യവസ്ഥിതി നമ്മളെ മൈനോറിറ്റിയും, കീഴാളനുമൊക്കെ ആക്കി തീർക്കുന്നു. ഇത് ഉയർന്ന ജാതിക്കാരായ, ഉയർന്ന വർഗ്ഗക്കാരായ, സിസ്ൻഡേർഡ് ആയ, സദാചാര വാദികളായ ആൾക്കാർക്ക്വേണ്ടി ഉള്ളതാണ് അല്ലേൽ അവരെ മാത്രം ഉൾക്കൊള്ളു



ന്നതാണ്.

നമ്മൾ കീഴാളരാവുന്നത് അല്ലേൽ മൈനോറിറ്റി ആവുന്നത്, നമ്മൾ ശബ്ദം ഉയർത്താത്തത് കൊണ്ടല്ല. മറിച്ച്നിലവിലെ വ്യവസ്ഥിതിക്ക് നമ്മളെ അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ളത് കൊണ്ടാണ്. കാരണം നമ്മളെ നമ്മളായി അംഗീകരിക്കേണ്ടി വരുമ്പോൾ അധികാരം പങ്കു വെക്കേണ്ടി വരും, അവിടെ സമത്വം ഉണ്ടാവും കൂടാതെ ജനാധിപത്യവും ഉണ്ടാവും. ഓരോ അടിച്ചമർത്തപ്പെട്ട കമ്മ്യൂണിറ്റികൾക്കും അവരുടേതായ സ്ഥാനം സമൂഹത്തിൽ ലഭിക്കുവാൻ നിരന്തരം സമരം ചെയ്യേണ്ടി വരുന്നു. ഉൾക്കൊള്ളിക്കുക എന്ന പേരിൽ നടത്തുന്ന കാര്യങ്ങൾ പലപ്പോഴും വ്യവസ്ഥിതിയെ മാറ്റലല്ല, മറിച്ച് വ്യവസ്ഥിതിയിലേക്കുള്ള കൂട്ടിച്ചേർക്കലാണ് നടത്തുന്നത്. ' നമുക്ക് മതിയായ അംഗീകരിക്കപ്പെട്ട ഒരു ഇടം ഉണ്ട്. നിങ്ങളെ അതിലേക്ക് ഉൾപ്പെടുത്താം" എന്ന നിലയിലുള്ള ഒരു കാഴ്ചപ്പാടാണ്. വ്യവസ്ഥിതി മനഃപൂർവം വസ്തുതകളെ മറച്ച് വെക്കുകയാണ് ചെയ്യുന്നത്, എന്നിട്ട് നമുക്ക് ഒരു ഇടം തരാമെന്ന് പറഞ്ഞു വെക്കുന്നു. അത് വെറും കൂട്ടിച്ചേർക്കലിലേക്ക് ഒതുങ്ങിപ്പോവുന്നു. വ്യവസ്ഥിതി പഴയ പോലെ തന്നെ തുടരുന്നു. മാറ്റം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് വ്യവസ്ഥിതിയെ പൂർണമായും ഉടച്ചു വാർത്ത് നീതിയിൽ അധിഷ്ഠിതമായ ഒരു സമൂഹ നിർമിതിയാണ് അല്ലാതെ വെറും കൂട്ടിച്ചേർക്കലുകൾ അല്ല.



## ചർച്ചാവിഷയം

**സുൽഫത്ത് ലൈല**
ക്വീർ ആക്റ്റിവിസ്റ്റ്
മോഡൽ

# നിലനിൽപ്പിന്റെ താളം






ഞാനൊരു അഭിമാനിയായ മുസ്ലിം ക്വീർ യുവതിയാണെന്ന് പറയാൻ ഇടമില്ലാത്ത ഒരു കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഓടിയോടി മടുത്തു ജീവിച്ച വ്യക്തിയാണ് , സ്വയം തിരിച്ചറിഞ്ഞ ശേഷം ഭീഷണികളോ ഒളിഞ്ഞുനോട്ടങ്ങളോ ഇല്ലാതെ ഒരു വ്യക്തിജീവിതം സാധ്യമാകാത്ത ആളുകൾക്കിടയിൽ ജീവിച്ചൊരാൾ. ചുറ്റുപാട് മാറിയാലും ഇല്ലെങ്കിലും ഞാൻ ഇവിടെ നിലനിൽക്കേണ്ടത് ആവശ്യമാണെന്ന് മനസിലാക്കി വളർന്ന കാലഘട്ടമാണ് കഴിഞ്ഞു പോയതൊക്കെയും , എത്രഎത്ര തിരിച്ചറിവുകളിലൂടെയാണ് ഒരാൾക്ക് അതിജീവിക്കാൻ കഴിയുന്നത്.

എന്റെ ജീവിതം വന്ന കാലമത്രയും ഭയപ്പെടുത്തുന്നതും ആലോചിക്കുമ്പോൾ ഇപ്പോഴും മനസ്സിൽ വേദന തോന്നിപ്പിക്കുന്നതും തന്നെയാണ് , ഇവിടെ നില നിൽക്കുന്നവരായ എല്ലാ ക്വീർ വ്യക്തികളുടെയും ജീവിതം അത്തരം അങ്കലാപ്പുകളിലൂടെ ഓടുന്നതാണ് . പറഞ്ഞുകേൾക്കാൻ സുഖം തോന്നുമെങ്കിലും ഒറ്റയായി ജീവിക്കുന്നതും , കുടുംബത്തിൽ നിന്നും ഇറങ്ങി പോരുന്നതും അത്ര സുഖകരമായ ഓർമ്മകൾ



അല്ലെനിക്ക്. ഒരാൾക്കും അത് സുഖകരമാണെന്ന് എനിക്ക് തോന്നിയിട്ടില്ല. കുടുംബത്തിൽ ജീവിക്കാനുള്ള പ്രിവിലേജ് ഇല്ലാത്ത മനുഷ്യരാണ് പൂരിഭാഗം വരുന്ന ക്വീർ വ്യക്തികളും.

മതിയാവുന്ന വിവരങ്ങൾ ഒന്നും കിട്ടാതെ ലൈംഗികതയെ കുറിച്ച് മനസ്സിലാക്കാതെയാണ് പലരും വളരുന്നത് , തിരിച്ചറിവാകുന്ന പ്രായത്തിൽ പ്രകൃതിവിരുദ്ധമെന്നും പാപമെന്നും മനസ്സിലാക്കിയാണ് പിന്നെയും മുന്നോട്ട് പോകുന്നത് . പിന്നെയും എത്ര കാലമെടുത്താണ് ആ അച്ചിൽ നിന്നൊക്കെ പുറത്തിറങ്ങുന്നത് , ഇത് സംഭവിക്കുന്നത് ഒരു ക്വീർ വ്യക്തിയിലാകുമ്പോൾ എത്ര ആഴത്തിലായിരിക്കും സ്വന്തം വ്യക്തിത്വതെ അത് ബാധിച്ചിട്ടുണ്ടായിരിക്കുക . എല്ലാ തരത്തിലും മുറിവേറ്റിട്ടും ,തുടർന്നിട്ടും അതിനെ അതിജീവിക്കുന്നവരാണ് നമ്മൾ എന്ന് പറയാൻ എനിക്കിഷ്ടമാണ് .

കുടുംബത്തിൽ നിന്നും പുറത്തേക്കിറങ്ങി സമൂഹത്തിലേക്ക് വരുമ്പോൾ ക്വീർ വ്യക്തികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് വ്യത്യാസമുണ്ട് , ഒരു പൊതുസ്ഥലത്തു നിൽക്കുമ്പോഴോ , ഷോപ്പിംഗ് ന് പോകുമ്പോഴോ ഒക്കെയും എന്റെ ഒരുപാട് സുഹൃത്തുക്കളെ ചൂണ്ടി കാണിച്ചും , ഒളിഞ്ഞുനോക്കിയും പൊട്ടിച്ചിരിക്കുന്ന ഒരുപാട് പെൺകുട്ടികളെയും കുടുംബങ്ങളെയും വെറുപ്പോടെ നോക്കുന്ന ആണുങ്ങളെയും ഞാൻ കണ്ടിട്ടുണ്ട് , ഒരു കൂസലുമില്ലാതെ മുന്നിലൂടെ നടന്നു പോകാൻ ഉള്ള വീറും വാശിയും അവർക്കുണ്ടായത് ചെറിയ അനുഭവങ്ങളിൽ നിന്നൊന്നുമല്ലെന്ന് എനിക്കറിയാം , ഫെമിനൈൻ ആയത് കൊണ്ട് തന്നെ എന്റെ രൂപം പലപ്പോഴും ചോദ്യം ചെയ്യപ്പെട്ടിട്ടില്ല . കുട്ടിക്കാലം മുതൽ ഒരു യുദ്ധഭൂമിയിൽ ജീവിക്കുന്നത് പോലെയാണ് നമ്മൾ വളരുന്നത് , ദിവസവും പോരാട്ടങ്ങൾ , ചോര ചീന്തൽ , പലപ്പോഴും ഉള്ളിലാണെന്ന് മാത്രം .

എനിക്ക് വേണ്ടത് സ്വാഭാവികതയാണ് , ഒളിഞ്ഞുനോക്കപ്പെടാതെ പ്രേമിക്കാനും , തുറിച്ചുനോക്കപ്പെടാതെ പുറത്തു പോകാനും , ആക്ഷേപിക്കപ്പെടാതെ ആൾക്കൂട്ടത്തിനിടയിൽ നിൽക്കാനും പറ്റുന്നത് ഞങ്ങളുടെ ആവശ്യം തന്നെയാണ് , കാരണം ഞങ്ങൾ ഓരോരുത്തരും അഭിമാനികളായ വ്യക്തികൾ തന്നെയാണ്.



**രമ്യ രാമചന്ദ്രൻ**
അധ്യാപിക, തലശ്ശേരി

# താഴ് തുറന്നപ്പോൾ....






ഇത്രമേലെന്നെ അസ്വസ്ഥമാക്കുമാ ചിന്തകളെ
ജിജ്ഞാസയോടെ ഞാൻ തിരഞ്ഞിറങ്ങി
നിഗൂഢമാമെന്നുള്ളൊന്നറിയാനായി ഞാനന്നലഞ്ഞു
അവ്യക്തമെങ്കിലും കണ്ടതാരെയിന്നവിടെ,

ഈ ഗഗനത്തിൻ കീഴെ ആരെയോ തേടും
വിരഹിയാമൊരു പ്രണയിനിയെയൊ
ശൂന്യമായ് ഒരു തേങ്ങലായ് വിജനതയിലേക്കൊഴുകുവാൻ
കാക്കും ഏകാകിയാമൊരു നിഴലിനെയൊ
എന്നോ കളഞ്ഞൊരു മയിൽപ്പീലിതുണ്ടിനെ
ഇന്നും തിരയുന്നൊരു ഭ്രാന്തിയെയോ
അലറിയണയുന്ന തിരകൾ നിറഞ്ഞശാന്തമാമൊരു
കടലിനെ തന്നെയോ
പകയുള്ള മനസ്സുമായി കലിതുള്ളിയാടുന്ന
കോമരം കണക്കൊരു പെണ്ണിനേയോ
അതോ, ഒരുവേള ശാന്തമായൊരു കടൽപോലെ
ഓർമ്മകൾ തപ്പുന്ന കരിമ്പുകച്ചുരുളുകളെയോ...

പൂക്കൾ വിടർന്നു നിന്നില്ലവിടെ, പൂമ്പാറ്റകളൊട്ടുമില്ല
വർണ്ണ പുസ്തകങ്ങളൊന്നുമേ കണ്ടില്ലവിടെ,
വെള്ളമേഘങ്ങളേതുമില്ല
വളകിലുക്കങ്ങളോ പൊട്ടിച്ചിരികളോ
താരാട്ടിനീണമോ കേട്ടില്ലവിടെ...



എത്ര രാത്രികൾ നീളെ ഞാൻ കണ്ണീർപൊഴിക്കണം
ഇനിയെത്ര തിരകളാൽ കഴുകേണമെന്നെ,
തിരികെ വെടിപ്പാക്കിവെക്കാൻ
ഉച്ചമയക്കത്തിലെ പിഴച്ച സ്വപ്നങ്ങൾ
പേനത്തുമ്പിലൂടിറ്റിറ്റു വീഴുമ്പോൾ
ഏതോ ഇരുട്ടിലേക്കെന്നേക്കുമായി മറയട്ടെ
എന്നുള്ളിലെ ഞാനും ഈ ചിന്തകളും....

**വിദ്യ എം.**
സ്ഥാപക & ജോയിന്റ് സെക്രട്ടറി,
AMOR ലെസ്ബിയൻ& ഗേ കളക്ടീവ്,
ഫിറ്റ്നസ് ട്രെയിനർ

# മാറേണ്ടത് ഞങ്ങളല്ല നിങ്ങളാണ്





ഞാൻ എന്റെ സ്വത്വത്തിൽ അഭിമാനിക്കുന്നു, സന്തോഷിക്കുന്നു.കാരണം ഞാൻ ഒരു ലെസ്ബിയൻ ആണ്.അത് എനിക്ക് ഈ ലോകത്തോട് വിളിച്ചുപറയേണ്ട സമയം വന്നിരിക്കുന്നു. എന്റെ അവകാശങ്ങൾ നേടിയെടുക്കേണ്ട സമയം വന്നിരിക്കുന്നു.ഇനിയെങ്കിലും ഞാൻ എന്റെ(ലെസ്ബിയൻ )അവകാശത്തിനായി ശബ്ദമുയർത്തിയില്ലെങ്കിൽ എന്റെ പൂർവികരുടെ അവസ്ഥ തന്നെയായിരിക്കും എനിക്ക് സംഭവിക്കുക.ഇപ്പോഴും സ്വന്തം സ്വത്വം തുറന്നു പറയാതെ ജീവിക്കുന്ന ഒരുപാട് ആളുകൾ നമുക്ക് ചുറ്റും ഉണ്ട്. അതിന്റെ പ്രധാന കാരണം സൊസൈറ്റിയുടെ ഒറ്റപ്പെടുത്തലുകളും കളിയാക്കലുകളും തന്നെ. ഗവണ്മെന്റ് തലത്തിൽ നിന്നും ഒരു പരിരക്ഷയും ലഭിക്കുന്നില്ല .സർക്കാരുകളിലും,നിയമ സംവിധാനങ്ങളിലും നമ്മുടെ പ്രശ്നങ്ങൾ അഡ്രസ് ചെയ്യപ്പെടണം. പൊതുസമൂഹം ബോധവത്കരിക്കപ്പെടണം. ഇനി നമ്മളിൽ ഒരാൾ പോലും നമ്മുടെ സ്വത്വത്തിന്റെ പേരിൽ ക്രൂശിക്കപ്പെടരുത്.അതുപോലെതന്നെ ഞാനുൾപ്പെടുന്ന ലെസ്ബിയൻ വ്യക്തികൾക്ക് കരുത്ത് പകരും വിധം തമിഴ്നാട് ഹൈക്കോടതി ഒരു വിധി പുറപ്പെടുവിച്ചിരുന്നു.നിർബന്ധിത കൺവെൻഷൻ തെറാപ്പി നിർത്തലാക്കുക,കരിക്കുലത്തിൽ തന്നെ എൽ ജി ബി ടി സമൂഹത്തെ ഉൾപ്പെടുത്തുക,നിയമപരിരക്ഷ ഉറപ്പാക്കുക, സമൂഹം എൽ ജി ബി ടി വിഭാഗങ്ങളോട് കാണിക്കുന്ന സമീപനം മാറ്റുക തുടങ്ങിയ പ്രസ്താവനയിലെ പ്രസക്ത ഭാഗങ്ങൾ വളരെ ഗൗരവത്തിൽ തന്നെ സമൂഹം പഠിക്കേണ്ടതുമാണെന്ന് നീതിപീഠം പറയുകയുണ്ടായി. ഈ വിധി ഒരു വിപ്ലവം സൃഷ്ടിക്കാൻ വഴിതെളിച്ചിട്ടുണ്ട് എന്നുതന്നെ പറയാം.

സാക്ഷരതയിൽ ഏറ്റവും ഉയർന്ന സ്ഥാനം കൈവരിച്ചിട്ടുള്ള നമ്മുടെ കേരളം പോലും ക്വീയർ മനുഷ്യരോട് കാണിക്കുന്ന ക്രൂരത പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്.കേരളം ഇനിയും മാറി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമുക്കും ഈ നാട്ടിൽ ജീവിക്കണം സ്വന്തം സ്വത്വത്തിൽ, അഭിമാനത്തോടെ.

2018 ൽ ഇന്ത്യൻ സൈക്കാട്രിക് സൊസൈറ്റി സ്വവർഗലൈംഗികത എന്നത് ഒരു രോഗം അല്ലെന്നു പറഞ്ഞിട്ടുണ്ട്. പക്ഷെ ഇപ്പോഴും പല സ്ഥലങ്ങളിലും കൺവെർഷൻ തെറാപ്പി അനധികൃതമായിട്ട് ചികിൽസിക്കുന്നുണ്ട്.


ഓരോ ദിവസവും ഒരു ക്വീർ വ്യക്തിയെങ്കിലും കൺവെർഷൻ തെറാപ്പിക്കു വിധേയമാകാറുണ്ട്.പലർക്കും ജീവൻതന്നെ നഷ്ടപ്പെടാറുണ്ട്.കൺവെർഷൻ തെറാപ്പി ചെയ്യുന്നവരെക്കാളും അതിനു കൊണ്ടുപോകുന്ന മാതാപിതാക്കൾ തന്നെയാണ് യഥാർത്ഥ കുറ്റവാളികൾ.ആദ്യം ചികിൽസിക്കേണ്ടത് ഇവരെ തന്നെയാണ്.നിർബന്ധിത കൺവെർഷൻ തെറാപ്പിക്കെതിരെ ഒരുപാട് എൽ ജി ബി ടി സംഘടനകൾ ഇപ്പോഴും ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്നുണ്ട്.നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി ഇനിയും നമ്മൾ പോരാടുകതന്നെ ചെയ്യും.

ചർച്ചാവിഷയം

**അർജ്ജുൻ ഗീത**
ട്രാൻസ്ജെൻഡർ ആക്ടിവിസ്റ്റ്
അമിഗോസ് ട്രാൻസ്മെൻ കളക്ടീവ് കോർഡിനേറ്റർ



# ദ്വന്ദ്വവത്കൃത പുരുഷധിപത്യ സമൂഹവും അരികുവത്കരണങ്ങളും



ഇന്ന് കാണുന്ന പരിഷ്കൃതമെന്നു കരുതപ്പെടുന്ന സമൂഹംഒരു ദ്വന്ദ്വവൽകൃത പിതൃമേധാവിത്ത സമൂഹമായിട്ട് അധികം വർഷങ്ങൾ ആയിട്ടില്ല. മനുഷ്യർ വൈവിദ്ധ്യം നിറഞ്ഞവർ ആണെന്നും വൈവിദ്ധ്യങ്ങളെ ആഘോഷിക്കുക എന്നത് മനുഷ്യൻ ചെയ്തുപോന്നിരുന്ന ഒന്നാണെന്നും ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു.പക്ഷെ യാഥാസ്ഥിതികമായ മത ബോധവും, അതിനനുസൃതമായി രൂപപ്പെട്ട ഭൂരിപക്ഷ സദാചാരങ്ങളും മനുഷ്യരിലെ വൈവിധ്യങ്ങളെ പുറംതള്ളി.

സമൂഹത്തെ പുരുഷനിലേക്കും സ്ത്രീയിലേക്കും ഒതുക്കി. അതിൽ തന്നെ സ്ത്രീകൾ രണ്ടാം തരം മനുഷ്യരും അധഃസ്ഥിതത്വം നേരിടുന്ന

വിഭാഗവുമായി മാറ്റപെട്ടു. മതങ്ങളുടെ നിലനിൽപിന് അത് അത്യാവശ്യം തന്നെ ആയിരുന്നു. പ്രത്യുല്പാദനം സാധ്യമാകാത്ത എല്ലാ സ്വത്വങ്ങളും അവർക്ക് ഒരു വെല്ലുവിളി തന്നെയാണ്. കാരണം തലമുറകളിലൂടെയാണ് മതം എന്ന സ്ഥാപനം തന്നെ നിലനിൽക്കുന്നത്. അതുകൊണ്ട് തന്നെ അതിനു വെളിയിൽ നിൽക്കുന്ന മനുഷ്യരെ എല്ലാം അവർ പാപികൾ ആക്കി.മതങ്ങളുടെ ചുവടുവെച്ചു നിയമങ്ങൾ ഉണ്ടാക്കപ്പെട്ട രാജ്യങ്ങളിൽ നിയമപരമായി അത്തരം മനുഷ്യർ കുറ്റക്കാരായി. വിക്ടോറിയൻ സദാചാര നിയമങ്ങൾ എല്ലാം അതിനു ഉദാഹരണം മാത്രം. അങ്ങനെ ലോകത്ത് വൈവിദ്ധ്യം നിറഞ്ഞ മനുഷ്യർ എല്ലാം അവരുടെ വ്യത്യസ്തതയെ മറച്ചുപിടിച്ചു ജീവിക്കാൻ ബാധ്യസ്ഥരായി. ലോകത്തിലെ ഘഏആഠകഝഅ+ വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തികൾ കൊടിയ അനീതികൾക്കും, അക്രമണങ്ങൾക്കും കൊലപാതകങ്ങൾക്കും നൂറ്റാണ്ടുകളായി ഇരകൾ ആക്കപ്പെട്ടുന്നു. അത്രമാത്രം വെറുപ്പാണ് ഈ പിതൃമേധാവിത്വ, ദ്വന്ദ്വവൽകൃത, ഹെറ്ററോ നോർമേറ്റീവ് സമൂഹം നൂറ്റാണ്ടുകളായി ലോകത്തിലേ



ക്ക് കുത്തിവച്ചുകൊണ്ടിരിക്കുന്നത്. അതിൽ തന്നെ പെൺ ഉടലിൽ പിറന്നവരുടെ ലിംഗത്വ ലൈംഗിക വൈവിധ്യങ്ങൾ കൂടുതൽ തീവ്രതയിൽ അടിച്ചമർത്തപ്പെടുന്നു. പെൺ ഉടലിൽ ജനിക്കുക എന്നത് തന്നെ ഈ ആണധികാരസമൂഹത്തിൽ ഒരു ബാധ്യതയാണ്. പെണ്ണിനെ എന്നും കൂട്ടിലടക്കുന്ന സമൂഹത്തിൽ പെണ്ണുടലിലെ ജെൻഡർ വൈവിധ്യങ്ങളും, ലൈംഗിക വൈവിധ്യങ്ങളുംപെണ്ണുടലിൽ വീണ്ടും ഇരട്ടത്താഴിട്ടു പൂട്ടപ്പെടുന്നു. അതുകൊണ്ട് തന്നെ ഒരു പെൺശരീരത്തിൽ ഉണ്ടാകുന്ന ജെൻഡർ വൈവിധ്യങ്ങളും, ലൈംഗിക വൈവിധ്യങ്ങളും നിരന്തരം അദൃശ്യമാക്കപ്പെടുന്നു.

സമൂഹത്തിൽ ട്രാൻസ്ജെൻഡർ എന്ന ജെൻഡർ അസ്തിത്വംകൂടുതൽ ശക്തി പ്രാപിക്കുമ്പോഴും അതിൽ ട്രാൻസ്പുരുഷന്മാരുടെ ദൃശ്യത എത്രമാത്രം ഉണ്ടായിട്ടുണ്ട് എന്ന് നമ്മൾ ചിന്തിക്കേണ്ടതുണ്ട്. ഇന്ത്യ പോലുള്ള രാജ്യത്ത്ട്രാൻസ്ജെൻഡർ സമൂഹത്തിലെ സാംസ്കാരിക

സ്വത്വങ്ങളിൽ പോലും ചരിത്രത്തിൽ ട്രാൻസ്മാൻവ്യക്തികൾക്ക് അംഗീകാരം ലഭിച്ചിരുന്നില്ല. ആൺ ശരീരങ്ങളിലെ പെണ്ണത്തം തന്നെ ആണ് അന്നും ഇന്നും ശ്രദ്ധ നേടുന്നത്. കാരണം വേറൊന്നുമല്ല അതിൽ കൗതുകവും, ലൈംഗിക ചിന്തകളും കൂട്ടിക്കുഴച്ചാണ് സദാചാര സമൂഹം കാണുന്നത്. പെണ്മ എന്നത് എന്തോ മോശമാണെന്ന പാട്രിയർക്കൽ വിഴുപ്പുണ്ടാക്കുന്ന ഒരു തോന്നൽ മാത്രമാണ് ഈ സമൂഹത്തിലെ ട്രാൻസ് സ്ത്രീകളുടെ ദൃശ്യത അല്ലാതെ മുഖ്യധാര സമൂഹം ട്രാൻസ് സ്ത്രീകളെ അംഗീകരിക്കുന്നതുകൊണ്ടല്ല എന്ന് സാരം.

ഒരു ട്രാൻസ്മാൻ വ്യക്തി പെൺ ഉടലിൽ ജനിക്കുകയും ജീവിതത്തിന്റെ വലിയൊരു കാലഘട്ടം പെണ്ണായി ജീവിക്കാൻ വിധിക്കപ്പെടുകയും ചെയ്യുന്നയാളാണ്. മാനസികമായി ഒരു പുരുഷനായിരിക്കുകയും, പെണ്ണായി ജീവിക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന മാന



സിക ബുദ്ധിമുട്ട് വളരെ വലുതാണ്. ആർത്തവം പോലുള്ള ജൈവിക പ്രക്രിയകൾ പലപ്പോഴും ഡിസ്ഫോറിയ സൃഷ്ടിക്കാറുണ്ട്.

ട്രാൻസ്മാൻ വ്യക്തികളുടെ ജെൻഡർ സ്വത്വത്തെ ചോദ്യം ചെയ്യുന്ന തരത്തിൽ ആൺ പ്രിവിലേജുകൾ അനുഭവിക്കാൻ വേണ്ടിയാണ് അവർ പുരുഷന്മാർ ആകാൻ ആഗ്രഹിക്കുന്നത് എന്ന് പലപ്പോഴും പറയുന്നത് കേട്ടിട്ടുണ്ട്. അങ്ങനെ പറയുന്നവരോട് എനിക്ക് പറയാൻ ഉള്ളത് അങ്ങനൊരു തോന്നൽ ഏതെങ്കിലും സ്ത്രീക്ക് ഉണ്ട് എങ്കിൽ അത് അവരുടെഗതികേടാണ്. ഒരു സ്ത്രീയായിജീവിക്കുന്നതിന്റെ ഗതികേട്. പക്ഷെഒരു ട്രാൻസ്മാൻ വ്യക്തിആഗതികേടുകൊണ്ടാണ് ഒരുപുരുഷനാകാൻ ആഗ്രഹിക്കുന്നത് എന്നത്തെറ്റാണ്. ജെൻഡർ ഒരു തിരഞ്ഞെടുപ്പല്ല സ്വയം തിരിച്ചറിയൽ ആണ്.

പെൺ ശരീരങ്ങളിൽ ഉണ്ടാകുന്ന നോൺ ബൈനറി അസ്തിത്വങ്ങളും ഇതേ ബുദ്ധിമുട്ട് തന്നെനേരിടേണ്ടി വരാറുണ്ട്. ഒരു സ്ത്രീഎങ്ങനെ ആണ് ജീവിക്കേണ്ടത്എന്ന് കൃത്യമായി ചട്ടമുണ്ടാക്കപ്പെട്ടസമൂഹത്തിൽ അതി



ന് വെളിയിൽജീവിക്കുന്ന ദ്വന്ദ്വാതീത അസ്തിത്വങ്ങൾ കടുത്ത അദൃശ്യതയും, വിവേചനങ്ങളും നേരിടുന്നുണ്ട്. സ്വന്തം കുടുംബം തന്നെ ആണ് പ്രശ്നങ്ങളുടെ തുടക്കം. പ്രായപൂർത്തിയായ വ്യക്തികളെ വ്യക്തികളായി കാണാനും അവരുടെ അഭിപ്രായത്തിനും സ്വാതന്ത്ര്യത്തിനും വില കല്പിക്കാത്തതുമായ കുടുംബ ബന്ധങ്ങൾ സത്യത്തിൽ ടോക്സിക് ബന്ധങ്ങൾ ആണ്. പലപ്പോഴും സ്നേഹം എന്ന് പറഞ്ഞു സ്വാതന്ത്ര്യത്തെ ഹനിക്കുന്നപ്രവണതയാണ് കുടുംബങ്ങളിൽ ഉള്ളത്. സത്യത്തിൽ അവരിൽ ഉള്ളത് സ്നേഹം അല്ല ദുരഭിമാനമാണ് . ഏറ്റവും സ്വാർത്ഥമായ അഭിമാനപ്രശ്നം. തന്റെ മകൻ അല്ലെങ്കിൽമകൾ ഒരു ട്രാൻസ്ജെൻഡർഅല്ലെങ്കിൽ ഗേ,ലെസ്ബിയൻ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ആളാണെന്ന് അറിയുമ്പോൾ അവ ഈ സമൂഹത്തിന്റെ സാധാരണവത്കൃതമായ നിർമിതികളെ ചോദ്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന പരിഹാസങ്ങളെയും, ചോദ്യങ്ങളെയും ഭയന്നുള്ള ദുരഭിമാനം. പല ക്വിയർ മനുഷ്യർക്കും തുറന്നു പറച്ചിൽ നടത്താൻസാധിക്കാത്തതും കുടുംബം എന്നൊരു ഘടകം തന്നെയാണ്.

തുടർന്നു വിദ്യഭ്യാസം, തൊഴിൽ തുടങ്ങി എല്ലാ മേഖലകളിലും ട്രാൻസ്മാൻ വ്യക്തികൾ കൃത്യമായി ചൂഷണങ്ങളും അരികുജീവിതവും നയിക്കേണ്ടി വരുന്നു. ഇഷ്ടമല്ലാത്ത പേര്, ഇഷ്ടമല്ലാത്ത വസ്ത്രം, ഇഷ്ടമല്ലാത്ത ജീവിത രീതികൾ എല്ലാം സ്ത്രീ ശരീരത്തിൽ ജനിച്ചതുകൊണ്ട് മാത്രംകൂടുതലായി അനുസരിക്കേണ്ടിവരുന്നു. ആൺകുട്ടികൾക്ക് ലഭിക്കുന്ന സ്വാതന്ത്ര്യം ഭൂരിപക്ഷം പെൺകുട്ടികൾക്കും ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്.

സ്വന്തം ശരീരവും മനസും തമ്മിൽ നിരന്തര കലഹം ഉണ്ടാകുമ്പോൾ ശരീരത്തെ പരിവർത്തനപ്പെടുത്തുക എന്നത് ഒരു ശ്രമകരമായ ഉദ്യമം തന്നെയാണ്. തുടർച്ചയായുള്ള സർജറികൾ, ഹോർമോൺ ചികിത്സകൾ എല്ലാം വലിയ സാമ്പത്തിക ബാധ്യത കൂടിസൃഷ്ടിക്കുന്നു. എത്ര ട്രാൻസ് പുരുഷന്മാർക്ക് അതിനുള്ള പ്രിവിലേജ് ഉണ്ട് എന്നത് പരിശോധിക്കേണ്ട വിഷയം തന്നെയാണ്.

പ്രതിസന്ധി ഘട്ടങ്ങളിൽ വീട് വിട്ട് ഓടിപ്പോകാൻ പോലും സ്ത്രീ ശരീരം ഒരു ബാധ്യതയാണ്. സ്ത്രീ ശരീരം ഉണ്ടാകുന്ന സുരക്ഷയില്ലായ്മ ഒരു വലിയ ചോദ്യം തന്നെയാണ്. വീടുവിട്ട് ഓടിതെരുവിൽ എത്തുന്ന 15/16 വയസുള്ള ഒരു കുട്ടിയെ സംബന്ധിച്ച്ലൈംഗികമായും, ശാരീരികമായുംഎല്ലാം അതിക്രമിക്കപ്പെടാനുള്ളസാധ്യത വളരെ



കൂടുതൽ ആണ്. അതുകൊണ്ട് തന്നെ സുരക്ഷിതമായ ഇടങ്ങൾ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യം ആണ്. സർക്കാർ സംവിധാനങ്ങൾ നിലനിൽക്കുന്നതിനോടൊപ്പം സന്നദ്ധ സംഘടനകളും ക്വിയർ സംഘടനകളും കൂടുതൽ ഇടങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. അത്തരംഇടങ്ങളെപ്പറ്റി വ്യാപകമായി പരസ്യം നൽകേണ്ടതും, പൊതുജനങ്ങളിൽ ബോധം ഉണ്ടാക്കേണ്ടതും അത്യാവശ്യം ആണ്. തൊഴിൽഇടങ്ങളിൽ കൂടുതൽ ഇൻക്ലൂസീവ് പോളിസികൾ ഉണ്ടാകേണ്ടതും കൂടുതൽ ട്രാൻസ്മാൻ നോൺ ബൈനറി വ്യക്തികൾ തൊഴിലാളികൾ ആക്കപ്പെടേണ്ടതും അത്യാവശ്യമാണ്.

രാജ്യത്തെ നയരൂപീകരണങ്ങളിൽ, നിയമ സഭകളിൽ, ഉദ്യോഗവൃന്ദങ്ങളിൽ ട്രാൻസ്മാൻ, നോൺബൈനറി പ്രതിനിധ്യം ഉണ്ടാകണം. അതിനു സംവരണം പോലുള്ള ഭരണഘടന സംവിധാനങ്ങൾ നടപ്പാക്കണം. ട്രാൻസ്ജെൻർ എന്ന വിഭാഗത്തിൽ തന്നെ ട്രാൻസ് പുരുഷൻ ട്രാൻസ് സ്ത്രീ എന്നതിനപ്പുറം ഉള്ള സ്വത്വങ്ങൾക്ക് അംഗീകാരം ഉണ്ടാകണം. പൗരവകാശങ്ങൾ ലഭിക്കണം.

ഇത്തരത്തിൽ എല്ലാ മേഖലകളിലും ദ്വന്ദ്വകേന്ദ്രീകൃത, പുരുഷാധിപത്യആശയങ്ങളെ നമ്മൾചെറുക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായാണ് ഫെമിനിസ്റ്റ് ചലനങ്ങളും ക്വിയർ ചലനങ്ങളും ലോകത്ത് ശക്തിപ്രാപിക്കുന്നത്. പലരും അതിൽ അസ്വസ്ഥരാണ്. സമൂഹത്തിലെ അസ്വസ്ഥതകളാണ് മാറ്റങ്ങളുടെ കാരണം. അത്തുടരുകതന്നെവേണം. നവീകരണം മുഖ്യധാര സമൂഹത്തിലും ക്വിയർ സമൂഹത്തിലുംനിരന്തരം ഉണ്ടാകണം. ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ അധിനിവേശങ്ങൾക്കും ബദൽ ക്വിയർ രാഷ്ട്രീയം മാത്രമാണ്.

Yes we are Queer,We are Here


കവിത

നിധി സിത്താര



# ലെസ്ബിയൻ ഓർമ്മകൾ : ഹോസ്റ്റൽ ഡേയ്സ് 1999

ഹോസ്റ്റൽ റൂമിൽ തനിച്ചായ
നാമിരുവർക്കും അപ്പുറത്ത്
മഴ പെയ്യുകയും ,
ഭൂമി തളിർക്കുകയും
ചെയ്ത രാത്രിയിൽ,
മൗനത്തിന് ഘനം വയ്ക്കുകയും,
നിശ്വാസങ്ങൾ ലാസ്യമാവുകയും,
ചെയ്ത   ശീതനിമിഷത്തിൽ,
നിന്നിലെ പെണ്ണിറങ്ങി വന്ന്
ആദ്യമായ് എന്റെ നനവുകളുടെ
വേരിൽ ചുംബിച്ച,
അപൂർണ്ണതകളിൽ
പൂർണ്ണത വിരിയിച്ച,
വിരലുകളുടെ
ആളിക്കത്തലിനും,
വിയർത്തടങ്ങലിനും ഒടുവിൽ
നാം പിടഞ്ഞകന്ന് ,
ജനൽ ചില്ലിൽ ഇണചേരുന്ന
ഇല നിഴലുകളെ നോക്കി
ചിരിതൂകി,, വീണ്ടും
ചുംബിച്ചു പങ്കിട്ട
മണിക്കൂറുകൾ
നമ്മുടെ കുറ്റബോധമില്ലാത്ത
വിയർപ്പുതുള്ളികൾ ആയിരുന്നു
പിന്നീട് പെയ്ത
മഴത്തുള്ളികളത്രയും



**ഉപ്പും മുളകും**

ഗീത






# ബഹുകാ[കോ]ലങ്ങൾ

## വിജയരാജമല്ലികയുടെ കവിതകളെപ്പറ്റി

മലയാള കവിതയിലേക്കു കടന്നു വന്ന് ഇരിപ്പുറപ്പിച്ച ട്രാൻസ്ജെണ്ടർ കവിയാണ് വിജയ രാജമല്ലിക. അവർക്കു മുമ്പ് മലയാളത്തിൽ ധാരാളമായി ആണുങ്ങളും ധാരാളമല്ലാതെ പെണ്ണുങ്ങളും കവിതയെഴുതി. അതായത് ലൈംഗിക സന്ദിഗ്ധതകൾ ആണിലും പെണ്ണിലും മറഞ്ഞിരുന്നു. എന്നാൽ വിജയ രാജമല്ലികയുടെ 'ദൈവത്തിന്റെ മകൾ ' എന്ന കവിതാ സമാഹാരത്തിലൂടെ കവിതയിലെ ദ്വന്ദ്വാത്മകതകൾ നിരർഥകവും അപ്രസക്തവുമായി . പെണ്ണിനും ആണിനും അപ്പുറത്തേക്ക് മലയാള കവിതയുടെ വളർച്ചയാണ് വിജയരാജമല്ലികയിലൂടെ സംഭവിച്ചത്. അതവരിൽ അവസാനിക്കുകയല്ല, തുടങ്ങുകയാണു ചെയ്തത്. കാരണം ദയാ ഗായത്രിയും വിജി റഹ്മാനുമൊക്കെ സ്വന്തം കവിതകളുമായി അവരോടൊപ്പം ചേർന്നു കൊണ്ടിരിക്കയാണ്. വിജയരാജമല്ലികയുടെ 'അമ്മാനം ' എന്ന ചെറുകവിത മുഴുവനായും ഞാനിവിടെ ഉദ്ധരിക്കുകയാണ്.

'പരിഹസിക്കും പകലെ  
നീ തന്നെയോ ഈ പാതിരാവിൽ എനിക്ക് വിലയിടുവതിങ്ങനെ  
തെരുവിന്റെ പൊത്തുവീണ കീശകളിൽ  
നിഴലുകൾ  
എത്തിനോക്കാത്ത  
കറുത്ത കാടുകളിൽ  
വടിവാളും കഠാരയും  
ചൂണ്ടിയെന്റെ മാംസങ്ങൾ എത്ര നീ അറുത്തെടുത്തു  
പച്ചക്ക് പങ്കുവെച്ചു  
കരണം പുകച്ചു  
പാതി കത്തിച്ചും ആണുടലിലെ

ചാപല്യങ്ങളെ കൊത്തിപ്പറിച്ചു
അതാ ആ കാണുന്നതെന്റെ വീടല്ലേ
നേരം വെളുത്താൽ
അമ്മയെന്നെ കണ്ടാൽ,
അവരുടെ മാനം ഇടിഞ്ഞുവീഴില്ലേ!' രാപ്പകലുകൾ വെളിച്ചത്തിന്റെ വിതരണ സ്വഭാവം കൊണ്ടു മാത്രമല്ല വ്യത്യസ്തമായിരിക്കുന്നത്. പകലുകളിൽ പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന ഉടലിന് രാത്രി ആവശ്യക്കാരും വിലയും ഏറെയാണ്. പക്ഷേ പുലർച്ചയിൽ ഈ വേഷത്തിൽ അമ്മ തന്നെ കാണുമ്പോൾ അവർ അപമാനിതയാകും. വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്ത രൂപങ്ങൾ സ്വീകരിക്കേണ്ടി വരുന്ന ഗതികേട് വാക്കുകൾക്കതീതമാണ്. 'ഹിജഡ' എന്ന കവിത തീവണ്ടികളിൽ കാണുന്ന ഹിജഡയാണ്.

'കുപ്പയിൽ സാരി ചുറ്റിയവരാ' ണ് മുമ്പിൽ വന്നു കൈ നീട്ടുന്നത്. ആണും പെണ്ണുമായവർ വലിച്ചെറിഞ്ഞതെല്ലാം വാരിയുടുത്തവരാണവർ.എങ്ങും എത്താത്തവരാണ് ഹിജഡകൾ. 'അക്കങ്ങൾ' എന്ന കവിതയിൽ 'മൂന്നും മുകളിലേക്കും അക്കങ്ങൾ കണ്ടു പിടിച്ചിട്ടും രണ്ട് ആത്മഹത്യ ചെയ്തില്ല ' .ആൺ/പെൺ ബൈനറി കൾക്കപ്പുറത്ത് പല തരം ലൈംഗിക തന്മകളും കർതൃത്വങ്ങളും മുഖ്യധാരയിലേക്കു കടന്നു വന്നുകൊണ്ടിരിക്കുന്നു. എന്നാൽ അതംഗീകരിക്കാൻ സമൂഹം ഇന്നും സജ്ജമായിട്ടില്ല. അമ്മ അറിയാൻ കുറച്ചു പഴയൊരു സിനിമയുടെ പേരാണ്. എന്നാലിന്ന് അതൊരു ട്രാൻസ്ജെണ്ടർ കവിതയുടെ ശീർഷകവുമാണ്.

' അമ്മ എന്ന പദത്തിൽ
ഒരു 'മ' മകളും മറു 'മ' മകനുമായി ചുരുങ്ങുമ്പോൾ
'അ' യുടെ അനന്തതയിൽ നിന്നുമൊലർച്ച കേൾക്കുന്നു'.

മക്കളെ മക്കളായി ഉൾക്കൊള്ളാൻ കഴിയാത്ത അമ്മമാരുടെ തുല്യമല്ലാത്ത സ്നേഹം മക്കളെ പൊള്ളിക്കും.
കുള്ളത്തി എന്ന കവിത തുടങ്ങുന്നതിങ്ങനെ,
'നമ്പാൻ പറ്റാത്തവൾ
കള്ളി
കീറിയ ചാക്കോളം വാക്കിന്
വില കല്പിക്കാത്തവൾ
ദുർമുഖി
നാഴിയിലിട്ടാൽ ഉരിയില്ലാതെ പോയ
കുള്ളത്തി'




അംഗീകൃത ഭാര്യ യാകട്ടെ, മോരും മുതിരയും വെവ്വേറെ വിളമ്പി കുഴഞ്ഞു പോയിരിക്കുന്നു. ചാവേറുകളാ യി മാറിയ മാതൃകാ ദമ്പതികളെപ്പറ്റിയും മല്ലിക എഴുതിയിട്ടുണ്ട്. പെണ്ണും പെണ്മയെ തിരിച്ചറിഞ്ഞവളും പെണ്ണിന്റെ ജീവിതത്തേക്കാൾ സങ്കീർണമാണ് സ്വന്തം ഉള്ളിലെ പെണ്ണിനെ തിരിച്ചറിഞ്ഞ ആണിന്റെ ജീവിതം. അതുകൊണ്ടാണ് താൻ പെണ്ണായി തീർന്നവളല്ല, തുടങ്ങിയവളാണ് എന്ന് മല്ലിക സ്വയം അടയാളപ്പെടുത്തുന്നത്.
'ആണല്ലപെണ്ണല്ല
കണ്മണി' എന്ന താരാട്ടുപാട്ട് ഇൻറർസെക്സായി ജനിക്കുന്ന കുട്ടികൾക്കു വേണ്ടി മല്ലിക എഴുതിയതാണ്. ആണും പെണ്ണും മാത്രമായല്ല മനുഷ്യർ ജനിക്കുന്നത്. ഏതെങ്കിലും ഒന്നിലേക്ക്, അതായത് ഒന്നുകിൽ ആണ് അല്ലെങ്കിൽ പെണ്ണ്, കുഞ്ഞിനെ പരുവപ്പെടുത്തുകയും അതിന്റെ സ്വാ ാവിക ചോദനകളെ നിയന്ത്രിക്കുകയും ചെയ്യുന്ന കുടുംബങ്കല്പത്തോടുള്ള അബോധമായ കലാപം കൂടിയായി ഈ താരാട്ടുമാറുന്നു. ആണാവണം, അല്ലെങ്കിൽ പെണ്ണെങ്കിലുമാവണം എന്ന ആണധികാര വ്യവസ്ഥയുടെ കർക്കശമായ വിധി ത്തീർപ്പുകളോട് കലഹിക്കുന്നവയാണ് ആത്യന്തികമായി മല്ലികയുടെ ട്രാൻസ്ജെണ്ടർ കവിതകൾ എന്നതുകൊണ്ടു കൂടിയാണ് അവ വയ ക്രിയാത്മകവും നവസാമൂഹ്യക്രമ നിർമ്മിതിയെ ത്വരിതപ്പെടുത്തുന്നവയും ആയിരിക്കുന്നത്.

# ചർച്ചാവിഷയം

**നതാൻ മാധവി**
ജേർണലിസ്റ്റ്, ഡിസൈനർ,
പി.ആർ/
സോഷ്യൽ മീഡിയ മാനേജർ
സഹയാത്രിക





# ഞാൻ – ട്രാൻസ്മാൻ

അരികുവൽക്കരിക്കപ്പെട്ട ക്യുവർ സമുദായത്തിൽ തന്നെ ഏറ്റവും ദൃശ്യത കുറവുള്ള ആളുകളാണ് ട്രാൻസ്മെൻ സമുദായം. പിതൃമേധാവിത്തം കൊടികുത്തി വാഴുന്ന ഈ സമൂഹത്തിൽ ഞങ്ങൾ സ്വത്വം വെളിപ്പെടുത്തുന്നത് പോലും ഒരു വിപ്ലവമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. ജനനാവസ്ഥയിൽ സ്ത്രീ ആയി അടയാളപ്പെടുത്തപ്പെട്ടത് കൊണ്ട് തന്നെ ഒരു ട്രാൻസ്മെനിന് ട്രാൻസ്വുമണിനെ അപേക്ഷിച്ച് 'കമിങ് ഔട്ട് ' അഥവാ 'പുറത്തു വരൽ' ഏറെ ദുസ്സഹമാണ്. ട്രാൻസ് വിമൻസിന്റെ പുറത്തു വരലിനു തന്നെ ഈ സോകാൾഡ് നിർമിതിയുടെ അംഗീകാരമുണ്ട്. ഈ കുറിപ്പിന്റെ തുടക്കത്തിൽ തന്നെ ഇത് വീണ്ടും വീണ്ടും ആവർത്തിക്കേണ്ടി വരുന്നത് ഞങ്ങളുടെ അരക്ഷിതാവസ്ഥയാണ്. ട്രാൻസ്മെൻ സമു

ദായത്തിന് 'ദൃശ്യത'യില്ല.. നിങ്ങൾക്ക് എന്താണ് ദൃശ്യത ഇല്ലാത്തത്? ഈ വിഭാഗത്തിൽ കമിങ് ഔട്ട് കുറവാണല്ലോ..? ട്രാൻസ്ജെൻഡർ സമുദായ ത്തിൽ നിങ്ങൾ എണ്ണത്തിൽ കുറവാണല്ലോ? ഇത്തരം ബുദ്ധിശൂന്യമായ ചോദ്യങ്ങൾക്കുള്ള ഉത്തരം കൂടിയാണ് മുകളിൽ.

'പുറത്തു വരൽ' എന്നത് പലപ്പോഴായി പല സാഹചര്യങ്ങളിലായാ ണ് നടക്കുക. അതിൽ പ്രധാനമായും, സ്വത്വം വീട്ടിൽ വെളിപ്പെടുമ്പോ ഴാണ്. തങ്ങളുടെ കുട്ടികൾ തങ്ങളുടെ അടിമകൾ ആണെന്ന തരത്തിലു ള്ള ഒരു പേരെന്റിങ് പ്രക്രിയയാണല്ലോ പൊതുവെ ഇവിടെ കണ്ട് വരു ന്നത്. ആ കുട്ടികളുടെ ചെയ്തികൾ സാമൂഹിക നിർമ്മിതിക്ക് എതിരായി വരുമ്പോൾ വീട്ടുകാർ പ്രശ്നം തുടങ്ങും. മിക്കവാറും ആദ്യം അനുരഞ് ജന ഭാഷ്യത്തിൽ ആരംഭിക്കുമെങ്കിലും, അത് ഫലം കണ്ടില്ലെങ്കിൽ ക യ്യേറ്റത്തിന് മുതിരും. പിന്നെ നിർബന്ധിത വിവാഹത്തിന് ഒരു ശ്രമം ഉ ണ്ടാവും,. പലരെയും 'നന്നാക്കാൻ' ഉള്ള പ്രക്രിയയ്ക്ക് കൂടിയുള്ള അ നുമതിയുണ്ടല്ലോ വിവാഹത്തിന് ! പിന്നെ കണ്ട് വരുന്ന കാര്യമാണ് കൗൺ സിലിംഗ്ഗ്, അതായത് 'നോർമൽ' ആവനുള്ള തെറാപ്പി. പ്രണയബന്ധം വീട്ടുകാർ അറിഞ്ഞ് ഒരുമിച്ചു ജീവിക്കാൻ വേണ്ടി പുറത്ത് വരുന്നവരും ഉണ്ട്. ഒരുപക്ഷെ, അത്തരം പുറത്തു വരൽ താരതമ്യേന കൂടുതൽ ആ ണെന്ന് തോന്നുന്നു. സിസ് വുമണിനെ പ്രണയിക്കുന്ന മിക്ക ട്രാൻസ്പു രുഷന്മാരും അവരുടെ പങ്കാളികളും നേരിടുന്ന വെല്ലുവിളികൾ വളരെ വലുതാണ്. സാമൂഹിക അംഗീകാരം ഇല്ലാത്ത പ്രണയം വീട്ടുകാരുടെ

**'പുറത്തു വരൽ' എന്നത് പലപ്പോഴായി പല സാഹചര്യങ്ങളിലായാണ് നടക്കുക. അതിൽ പ്രധാനമായും, സ്വത്വം വീട്ടിൽ വെളിപ്പെടുമ്പോഴാണ്. തങ്ങളുടെ കുട്ടികൾ തങ്ങളുടെ അടിമകൾ ആണെന്ന തരത്തിലുള്ള ഒരു പേരെന്റിങ് പ്രക്രിയയാണല്ലോ പൊതുവെ ഇവിടെ കണ്ട് വരുന്നത്.**



ഇമോഷണൽ ബ്ലാക്ക്മെയിലിംഗിൽ ഇരുവർക്കും ഉപേക്ഷിക്കേണ്ടി വരുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. ഇതിന് ബലിയാട് ആവേണ്ടി വന്ന ഒട്ടനവധി പേരെ നമുക്ക് കാണാവുന്നതാണ്. ഈ വിഷയത്തിൽ തന്നെ ചില പ്രണയങ്ങൾ ട്രാൻസ്മെനിനെ ഉപയോഗിക്കുന്ന രീതിയിലും നടക്കുന്നുണ്ട്. താൽക്കാലികമായി ഒരു ട്രാൻസ്മെനിനെ പ്രണയിച് അല്ലെങ്കിൽ ഫ്ലെർട് ചെയ്ത് ഒരു ജീവിതപങ്കാളിയെ തെരഞ്ഞെടുക്കേണ്ട അവസ്ഥയിൽ തനിക്ക് ഇങ്ങനെയൊരു വ്യക്തി ചേരില്ല എന്നുള്ള തരത്തിൽ നിലപാട് എടുക്കുന്നവരുമുണ്ട്. അവരോട് , നിങ്ങൾക്ക് നിങ്ങളുടെ ലവ് ആൻഡ് സെക്ഷ്വൽ ലൈഫ് എക്സ്പ്ലോർ ചെയ്യാനുള്ള സ്വാതന്ത്ര്യം നിലനിൽക്കെ മറ്റൊരാളുടെ അരക്ഷിതാവസ്ഥയെ ഉപയോഗിക്കുന്നത് തെറ്റാണ്. അയാളുടെ വികാരങ്ങളെയും മനസ്സിനെയും മുറിവേൽപ്പിക്കുന്നതും തെറ്റാണ്.

പുറത്തു വരലിനു പോലും 'പ്രിവിലേജ്' ഒരു ഘടകമാകുന്നുണ്ട് എ



ന്നാണ് എന്റെ മനസിലാക്കൽ. താൻ ആയിരിക്കുന്ന ക്ലാസ്സ് കാസ്റ്റ്, നിറം , വിദ്യാഭ്യാസം, സാമ്പത്തിക ചുറ്റുപാട് എന്നതിന് കൂടെ പ്രാധാന്യമുണ്ട്. ഒരു താഴ്ന്ന ക്ലാസ്സ് കാസ്റ്റ് ഇനത്തിൽ പെടുന്ന ഒരാളാണെങ്കിൽ സമൂഹം അയാളിലേക്കടിച്ചേൽപ്പിച്ച എല്ലാതരം ഇൻസെക്യൂരിറ്റിയും അയാൾക്കുള്ളിൽ നിലനിൽക്കുന്നുണ്ടാവും, അതിനൊപ്പം സ്വത്വം തിരിച്ചറിഞ്ഞു മറ്റൊരു അരികുവൽക്കരിക്കപ്പെട്ട സമുദായത്തിന്റെ കൂടി ഭാഗമാവാൻ സ്വാഭാവികമായും അയാൾക്കുള്ളിൽ ഒരു അരക്ഷിതാവസ്ഥ സൃഷ്ടിക്കും. അങ്ങനെയയാൾ മൈനോരിറ്റിയിലും മൈനോരിറ്റിയാവുന്നു..

പലപ്പോഴും ക്യുവെർ സമുദായത്തിൽ കണ്ട് വന്നിട്ടുള്ള കാര്യമാണ് സമൂഹത്തിലെ വ്യവസ്ഥിതികളെ സമുദായത്തിലും അവരുടെ ജീവിതത്തിലും കൊണ്ട് വരുകയെന്നത്. അതിന് തക്കതായ ന്യായീകരണവുമുണ്ട്. അതെന്തെന്നാൽ അങ്ങനെയൊരു ജീവിതം നയിക്കുമ്പോൾ സാമൂഹിക അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിച്ചാണ്. പക്ഷെ , ചില സിസ് ഹെട്രോ ആളുകൾ പറയുന്നത് കേൾക്കാം നിങ്ങൾ എന്തിനാ

ണ് അങ്ങനെ ചെയ്യുന്നത് എന്ന് ? എനിക്കവരോട് പറയാൻ ഒന്നേ ഉള്ളൂ അത്തരത്തിലുള്ള നിർമ്മിതികളെ പൊളിക്കുക എന്നത് ഞങ്ങളുടെ മാത്രം ഉത്തരവാദിത്തം അല്ലെന്ന് ദയവ് ചെയ്ത് മനസിലാക്കൂ. സമൂഹത്തിന്റെ കണ്ടീഷനിങ്ങിന്റെ ഭാഗമായി പല തരത്തിലുള്ള വ്യവസ്ഥിതികളും ക്യുവെർ സമുദായത്തിനകത്തു കാണാനിടയായിട്ടുണ്ട്. അത് അവർ അറിഞ്ഞും ചിലപ്പോൾ അറിയാതെയുമാവും. ഇത്തരത്തിൽ ഉള്ള സമുദായത്തിൽ ഒരു മൈനോരിറ്റിയിലും മൈനോരിറ്റിയായ ഒരു ട്രാൻസ്‌മെന്റെ അതിജീവനം ദുർഘടം ആണ്. പല തരത്തിലുള്ള വിവേചനം നേരിടേണ്ടി വരും അത് പ്രത്യക്ഷതിലോ പരോക്ഷത്തിലോ ആവാം. കൂടാതെ അത് ചിലപ്പോൾ അയാൾക്ക് മാത്രം തിരിച്ചറിയാൻ പറ്റുന്ന രീതിയിലും ആവാം.

സ്വീകാര്യത ഇന്നേറെ പ്രാധാന്യമുള്ളതാണ്. എവിടെയായാലും ഏത് സമുദായത്തിൽ പെട്ടാലും സ്വീകാര്യത വേണമെങ്കിൽ കുറച്ചു കാര്യങ്ങൾ വേണം. അതിലും ക്ലാസ്സ്, കാസ്റ്റ്, നിറം, വിദ്യാഭ്യാസം , സാമ്പത്തികം, അച്ചീവ്



മെന്റ് എന്നിവയ്ക്ക് സിംഹ പങ്കുണ്ട്. അവനവനെ തന്നെ മാർക്കറ്റ് ചെയ്യാത്തവർക്ക് സ്വീകാര്യതയ്ക്കുള്ള സാധ്യത കുറവാണ്. ഏതെങ്കിലും രീതിയിലുള്ള അച്ചീവ്മെന്റ് ഉള്ള ആളാണ് നിങ്ങൾ എങ്കിൽ നിങ്ങൾക്ക് സ്വീകാര്യത കൂടുതൽ കിട്ടും. പിന്നെ 'ഞാനാണ് ട്രാൻസ്ജെൻഡേഴ്സിൽ ആദ്യമായി അത് ചെയ്തത്.. ഇത് ചെയ്തത്..' എനിക്ക് ഒട്ടും യോജിപ്പില്ലാത്ത കാര്യാമാണിത് .. തീർച്ചയായും എന്റെ വ്യക്തിപരമായ അഭിപ്രായമായിട്ടാണ് ഞാൻ ഇത് പങ്കുവെക്കുന്നത്. അങ്ങനെയുള്ള പ്രയോഗങ്ങളിലൂടെ നമുക്ക് മുൻപ് വന്ന് പോയ മനുഷ്യന്മാരുടെ ഏതെങ്കിലും തരത്തിലുള്ള ശ്രമങ്ങളെ ആയിരിക്കും നമ്മൾ റദ്ദ് ചെയ്യുന്നത്. അവർ ജീവിച്ച ജീവിതത്തെ ആയിരിക്കും. കഴിഞ്ഞ കാലഘട്ടങ്ങളിൽ സ്വത്വം തുറന്നു പറയാനോ എക്സ്പ്രസ്സ് ചെയ്യാനോ കഴിഞ്ഞിരുന്നില്ലാത്ത സമയത്തു ഒട്ടനവധി ആളുകൾ ഈ സ്ഥാനങ്ങളിലൂടെ കടന്ന് പോയിക്കാണും, അത് ഓർക്കുന്നത് നന്ന്.

ചർച്ചാവിഷയം

അമൃത ബർസ
ഫിലിം സ്റ്റുഡന്റ്



# പോർട്രൈറ്റ് ഓഫ് എ ലേഡി ഓൺ ഫയർ



സംവിധാനം: സെലിൻ സിയമ്മ

വർഷം: 2019

ഭാഷ: ഫ്രഞ്ച്

ദൈർഘ്യം: 120 മിനിറ്റ്

അഭിനേതാക്കൾ: അഡെൽ ഹീനൽ, ഹെലോയിസ് നോമി , ലുവാന ബജ്രാമി, സോഫി

അവാർഡുകൾ: 2019 ലെ കാൻ ചലച്ചിത്രമേളയിൽ പാം ഡി ഓർ മത്സരത്തിനായി ഒരു ലേഡി ഓൺ ഫയറിന്റെ ഛായാചിത്രം തിരഞ്ഞെടുത്തു. കാൻ ലെ ക്വീൻ പാം നേടിയ ഈ ചിത്രം അവാർഡ് നേടിയ ഒരു സ്ത്രീ സംവിധാനം ചെയ്ത ആദ്യ ചിത്രമായി. കാൻ ലെ മികച്ച തിരക്കഥയ്ക്കുള്ള അവാർഡും സിയമ്മ നേടി. ഇൻഡിപെൻഡന്റ് സ്പിരിറ്റ് അവാർഡുകൾ, ക്രിട്ടിക്സ് ചോയ്സ് അവാർഡുകൾ, മികച്ച വിദേശഭാഷാ ചിത്രത്തിനുള്ള ഗോൾഡൻ ഗ്ലോബ് അവാർഡ് എന്നിവയ്ക്ക് ഇത് നാമനിർദ്ദേശം ചെയ്യപ്പെട്ടു; കൂടാതെ നാഷണൽ ബോർഡ് ഓഫ് റിവ്യൂ 2019 ലെ മികച്ച അഞ്ച് വിദേശഭാഷാ ചിത്രങ്ങളിലൊന്നായി തിരഞ്ഞെടുക്കപ്പെട്ടു.

മൈ ഫസ്റ്റ് ഡിസയർ ഈസ് റൈറ്റ് എ ലവ് സ്റ്റോറി . എ ഫിലിം ഡെഡിക്കേറ്റഡ് ടു ലവ് , മെമ്മറി ഓഫ് ലവ് , പൊളിറ്റിക്സ് ഓഫ് ലവ് , ഫിലോസഫി ഓഫ് ലവ്. ടോറോൻറ്റോ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ പോർട്രൈറ്റ് ഓഫ് എ ലേഡി ഓൺ ഫയർ എന്ന സിനിമയുടെ പ്രദർശനത്തിന് ശേഷം സംവിധായിക സെലിൻ സിയാമ്മ തന്റെ സിനിമയെപ്പറ്റി പറഞ്ഞതാണ് ഈ വാക്കുകൾ . സിനിമ സംഭവിക്കുന്നത് പതിനെട്ടാം നൂറ്റാണ്ടിലാണ് ആ കാലഘട്ടത്തിൽ പൊളിറ്റിക്കൽ ആയിട്ടുള്ള ധാരാളം സ്ത്രീ കലാകാരികൾ ഫ്രാൻസിൽ ഉണ്ടായിരുന്നു. മരിയൻ എന്ന യുവ ചിത്രകാരിയും അവർ വരയ്ക്കുന്ന സബ്ജെക്ട് ആയിട്ടുള്ള ഹെലൂയിസ് എന്ന യുവതിയും തമ്മിലുള്ള പ്രണയമാണ് സിനിമയുടെ പ്രമേയം

സെലിൻ സിയാമ്മ 2014 ൽ ലെസ്ബിയൻ ആണെന്ന് തുറന്നു പറഞ്ഞ വ്യക്തിയാണ് . രണ്ട് സ്ത്രീകൾ തമ്മിലുള്ള പ്രണയം ഹൃദയസ്പർശിയായി സംവിധായിക ചിത്രീകരിച്ചിട്ടുണ്ട് . സൂക്ഷ്മമായി തന്നെ രണ്ടു സ്ത്രീകളുടേയും മാനറിസങ്ങൾ കാണിക്കുന്നുണ്ട് . ക്യാമറയുടെ അതിയായ കൈകടത്തൽ ഇല്ലാതെ തന്നെ. ചിത്രകാരി ആണെന്ന് പറയാതെ ഒരു സുഹൃത്തായി കൂടെ നടന്ന് ഹെലൂയിസിനെ നിരീക്ഷിച്ചു അവളുടെ ചിത്രം വരയ്ക്കുന്നുണ്ട് . ഹെലൂയിസിന്റെ അടുത്ത് സത്യം തുറന്ന് പറയുന്ന മരിയൻ അവൾ വരച്ച ഹെലൂയിസിന്റെ ചിത്രം അവളെ കാണിക്കുന്നു . ഹെലൂയിസ് ആ ചിത്രത്തെ വിമർശിക്കുന്നു . മരിയൻ വരച്ച ഹെലൂയിസിന്റെ

ചിത്രത്തിന് ജീവനില്ല എന്ന് പറയുന്നു . ഭൗതികതയ്ക്കും അപ്പുറമാണ് കല നിൽക്കുന്നത് . ആത്മാവില്ലാത്ത ആ കല മരിയൻ എന്ന ചിത്രകാരിക്ക് ചേരുന്നില്ല എന്ന് ഹെലൂയിസ് പറയുന്നു . കലയുടെ ശക്തിയെ ക്കുറിച്ചു സിനിമ പറയുന്നുണ്ട് . കല നിൽക്കുന്നത് ഒട്ടും ഭൗതിക തലത്തിൽ അല്ല എന്ന് സിനിമ പറയുന്നു . അത്തരത്തിൽ തന്നെയുള്ള കല ആണ് ഈ സിനിമയും . സൈന്ധാന്തികമായിട്ടാണ് കലയെയും പ്രണയത്തെയും സിനിമയിൽ വരച്ചു വെച്ചിരിക്കുന്നത് .

ഹെലൂയിസ് സ്വതന്ത്രമായി നടക്കാൻ തുടങ്ങിത് മരിയൻ വന്നതിനുശേഷമാണെന്നും അവൾ പോയാൽ ചിലപ്പോൾ ആ സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്നും ഹെലൂയിസ് ഭയന്നിരുന്നു . മരിയന്റെ സാമിപ്യം ഹെലൂയിസിന് കൺഫർട്ട് ആയിരുന്നു . അതുകൊണ്ട് ചിത്രം വരയ്ക്കാനായി മരിയന് നിന്നു കൊടുക്കാം എന്ന് അമ്മയുടെ അടുത്തവൾ പറയുന്നു . താൻ ഇറ്റലിയിലേക്ക് പോകുകയാണെന്നുംഅഞ്ചു ദിവസം കഴിഞ്ഞു തിരിച്ചു വരുമ്പോഴേക്കും ചിത്രം പൂർത്തിയാക്കണമെന്നും ആ ചിത്രം നല്ലതാണോ ചീത്തയാണോ എന്ന് താൻ വിലയിരുത്തും എന്നും അമ്മ പറയുന്നു . അമ്മയുടെ



അസാന്നിധ്യത്തിൽ ഹെലൂയിസും മരിയനും കൂടുതൽ അടുക്കുന്നു . എത്ര ശ്രമിച്ചിട്ടും ഹെലൂയിസിന്റെ ചിരിച്ച മുഖം വരയ്ക്കുവാൻ മരിയന് സാധിക്കുന്നില്ല .

ഒട്ടും ഡോമിനൻസിയോ പവർ ഹയരാർക്കിയോ ഇല്ലാത്ത മനോഹരമായ ഒരു പ്രേമമാണ് സിനിമയിൽ കാണിക്കുന്നത് . സ്വവർഗപ്രേമികൾ നേരിടേണ്ടി വരുന്ന ഒരു ചോദ്യമാണ് നിങ്ങളിൽ ആരാണ് ആണ് ആരാണ് പെണ്ണ് എന്നത് . ഈ ചോദ്യത്തിന് ഒരു അർത്ഥവുമില്ല . ചോദ്യകർത്താവ് ഉദ്ദേശിക്കുന്നത് ചിലപ്പോൾ നിങ്ങളിൽ ഡോമിനൻസി ആർക്കാണ് എന്നായിരിക്കും . പാട്രിയാർക്കൽ സമൂഹത്തിൽ ഹെട്രോസെക്ഷ്വൽ ബന്ധങ്ങളിൽ അധികാരം കൂടുതൽ പുരുഷന്മാർക്ക് ആയിരിക്കും എന്നതാണ് ഈ ചോദ്യത്തിന് ഉറവിടം . ഹോമോസെക്ഷ്വൽ ആയിട്ടുള്ളവരിലും ഇത്തരത്തിൽ

പവർ ഹയരാർക്കി ഉണ്ടാവാറുണ്ട് . രണ്ടുപേരും സ്വതന്ത്രരായ വ്യക്തികൾ ആണെന്നതാണ് റിലേഷൻഷിപ്പിന്റെ ഭംഗി എന്ന് ഈ സിനിമ പറയുന്നുണ്ട് . ഹോമോസെക്ഷ്വൽ ആയിട്ടുള്ള ആളുകൾ നേരിടുന്ന ഒരു പ്രതിസന്ധിയാണ് കലയിൽ അവരെ അടയാളപ്പെടുത്തിയത് കുറവാണ് എന്നുള്ളത് . അതുകൊണ്ട് നിലനിൽക്കുന്ന പാട്രിയാർക്കൽ ഹോമോസെക്ഷ്വൽ മാതൃകകൾ പിന്തുടരുന്നു .

മരിയനും ഹെലൂയിസും  തമ്മിലുള്ള ബന്ധം ദൃഢമായതിനുശേഷം വിവാഹവേഷത്തിലുള്ള ഹെലൂയിസിയന്റെ  രൂപം മരിയനെ പിന്തുടരുന്നുണ്ടായിരുന്നു . മരിയനും ഹെലൂയിസും സോഫിയും കൂടെ ഓർഫിയസിന്റെയും യൂറിഡിസിന്റെയും പ്രണയത്തെക്കുറിച്ചു വായിക്കുന്നുണ്ട് . ഓർഫിയസ് അയാളുടെ കാമുകിയെ മരണത്തിൽനിന്നും തിരിച്ചു കൊണ്ടുവരാനായി അധോലോക ഗുഹകളിൽ നിന്ന് പുറത്തേക്ക് നടക്കുന്ന ഓർഫിയസ് പിന്തുടരുന്ന യൂറിഡീസിനെ തിരിഞ്ഞു നോക്കാതിരുന്നാൽ അവനു അവളെ മരണത്തിൽ നിന്നും ജീവിതത്തിലേക്ക് കൊണ്ടുവരാൻ സാധിക്കും . അതീവക്ഷമയുള്ള ഓർഫിയസ് വെളിച്ചത്തിലേക്ക് എത്തുന്നതിനു തൊട്ട് മുൻപ് തിരി





ഞ്ഞു നോക്കുന്നു .ചിലപ്പോൾ അവളായിരിക്കും അവനെ വിളിച്ചത് . അവൻ തിരിഞ്ഞു നോക്കിയത് അവളുടെ ഓർമകൾക്ക് വേണ്ടിയാണ് . തിരിഞ്ഞു നോട്ടങ്ങൾ ഓർമ്മകൾക്ക് വേണ്ടിയാണ് . യാത്ര പറഞ്ഞു പോകുന്ന മരിയനോട് തിരിഞ്ഞു നോക്കാൻ ഹെലൂയിസ് പറയുന്നുണ്ട് . അതുവരെ തന്നെ ഹോണ്ട് ചെയ്തുകൊണ്ടിരുന്ന വിവാഹവേഷത്തിലുള്ള രൂപമാണ് അവൾ കാണുന്നത് . അവസാനരാത്രി രണ്ടുപേരും തമ്മിലുള്ള ഓർമ്മകൾ അവർ പറയുന്നുണ്ട്.

അവസാനമായി മരിയൻ ഹെലൂയിസിനെ കാണുന്നത് ഒരു കോൺസേർട്ടിൽവെച്ചാണ്. മരിയൻ പ്ലേ ചെയ്ത മ്യൂസിക് വേദനയോട് കൂടി കേൾക്കുന്ന ഹെലൂയിസ് ആണ് അവസാനത്തെ ഫ്രെയിമിൽ . സിനിമ സ്ലോ മൂഡിൽ ആണ് ചിത്രീകരിച്ചിരിക്കുന്നത് . രണ്ടു മണിക്കൂർ നീണ്ടു നിൽക്കുന്ന സിനിമയിൽ പൂർണമായും സ്ത്രീ കഥാപാത്രങ്ങൾ മാത്രമേ ഉള്ളു. മരിയനും ഹെലൂയിസും മാത്രമുള്ള  ഷോട്ടുകൾ ധരാളമുണ്ട് . അവരുടെ ഇന്റിമസി കാണിക്കുന്ന ടൈറ്റ് മിഡ്ഷോർട്ടുകളുമുണ്ട് . ഷോർട്ടുകളിൽ ഒബ്ജെക്ടിനെ പ്ലേസ് ചെയ്തിരിക്കുന്നത് വ്യത്യസ്തമായി തോന്നി . വളരെ സ്ലോ മോഷൻ മൂവ്മെന്റ് ഷോട്ടുകളും സിനിമ നല്ലൊരു അനുഭവമാക്കുന്നു . സൗന്ദര്യത്തെ രാഷ്ട്രീയവൽക്കരിച്ചു കൊണ്ട് ചിത്രീകരിച്ച സിനിമ, കലയ്ക്ക് രാഷ്ട്രീയമായി ഇടപെടാൻ സാധിക്കുമെന്ന് കാണിക്കുന്നു . സിനിമയുടെ സൗന്ദര്യത്തിൽ കോമ്പ്രമൈസ് ചെയ്യാതെ തന്നെ . സൗന്ദര്യത്തെ രാഷ്ട്രീയവൽക്കരിച്ച സിനിമ  വൈകാരികമായ പല കാര്യങ്ങളും സൂക്ഷ്മതയോടെ അതിന്റെ എല്ലാ പ്രാധാന്യത്തോട് കൂടി  ചെയ്തിരിക്കുന്നു .

കവിത

**പ്രവീൺ നാഥ്**
ട്രാൻസ്മാൻ ആക്ടിവിസ്റ്റ്
അഡ്വക്കസി കോർഡിനേറ്റർ
ഓഫ് സഹായത്രിക
കേരളത്തിലെ ആദ്യ ട്രാൻസ്
മാൻ ബോഡി ബിൽഡർ






എനിക്ക് എന്നെത്തന്നെ അറിയുന്നില്ല
ഞാൻ അറിയാൻ ശ്രമിക്കുന്നു
ഞാൻ പറയുന്ന വാക്കുകൾ
സത്യമാണെന്ന് ഞാൻ സത്യം ചെയ്യുന്നു

എന്നാൽ  എല്ലാ ദിവസവും രാവിലെ അർത്ഥ
ങ്ങൾ പോയി എന്ന് എനിക്ക് ആശയക്കുഴപ്പം
തോന്നിപ്പിക്കുന്നു

വാക്കുകൾ വളരെ ആഴമേറിയതും വികാരഭരിത
വുമാണെന്ന് പറഞ്ഞതാരാണ്?
ഞാൻ അതിശയിക്കുന്നു
ആരാണ് ആ അവസാനിക്കാത്ത
പ്രണയത്തെക്കുറിച്ച് സംസാരിക്കുന്നത്
രക്തസ്രാവമുള്ള ഹൃദയത്തിൽ നിന്ന്
സംസാരിക്കുന്നത്...
അത് മരണത്തെക്കുറിച്ച് സംസാരിക്കുന്നു

പക്ഷെ എനിക്ക് അറിയില്ല എന്നു പറയുമ്പോഴും
എന്റെ ഭ്രാന്ത് എന്നെ ഭയപ്പെടുത്തുന്നതും
എനിക്ക് ആശ്ചര്യവുമായി
ആരാണ് അവളുടെ വേദന എനിക്ക്
അനുഭവിക്കുവാനായി അനുവാദം നൽകിയത്?
ഇതിനെല്ലാം ഒരേ ഒരു ഉത്തരമേ അവൾ എനിക്ക്
നൽകിയൊള്ളു
'എനിക്ക് അറിയില്ല'

പെൺപക്ഷം



അജിത കെ.



# സ്ത്രീധനം- സമൂഹം ഉള്ളിലേക്കെടുത്ത ഒരു ഭീകര തിന്മ

### ജൂൺ 25 ന് ഞാൻ കൊടുത്ത fb ലൈവ് ചുരുക്കത്തിൽ:


വിസ്മയ എന്ന പെൺകുട്ടിയുടെ കൊലപാതകവുമായി ബന്ധപ്പെട്ടുകൊണ്ട് ഇപ്പോൾ കേരളത്തിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന വിഷയം സ്ത്രീധന പീഡനങ്ങളും സ്ത്രീധന കൊലപാതകങ്ങളും സ്ത്രീധനത്തിന്റെ പേരിലുള്ള ആത്മഹത്യകളുമാണ്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും ഗാർഹിക പീഡനങ്ങളും കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന അന്വേഷി എന്ന സംഘടനയ്ക്ക് ഇതൊരു പുതുമയുള്ള കാര്യമല്ല . 25 വർഷങ്ങളായി അന്വേഷി പ്രവർത്തിക്കുന്നു . കോഴിക്കോട് ജില്ലയിൽ നിന്നും മാത്രമല്ല മലബാർ ഏരിയയിൽ മലപ്പുറം, കണ്ണൂർ, കാസർകോഡ് , വയനാട് , പാലക്കാട് തുടങ്ങിയ ജില്ലകളിൽ നിന്നൊക്കെ അന്വേഷിക്ക് കേസുകൾ വന്നിട്ടുണ്ട്. മാത്രമല്ല ഇപ്പോൾ ഇന്റർനാഷണൽ ആയിട്ടും പരാതികൾ വരുന്നുണ്ട്. അതായത് സ്ത്രീധന പീഡനങ്ങളും കൊലപാതകങ്ങളും ഒരു ഒറ്റപ്പെട്ട സംഭവം അല്ല എന്നാണ് ആദ്യം നമ്മുടെ സമൂഹം മനസ്സിലാക്കേണ്ടത്. ഒരു പുരുഷാധിപത്യ സാമൂഹ്യ വ്യവസ്ഥിതിയാണ് നമ്മുടേത്. അതായത് വളരെ ആഴത്തിൽ വേരൂന്നി കിടക്കുന്ന ഈ വ്യവസ്ഥിതിയാണ് സ്ത്രീധന സമ്പ്രദായത്തെ സൃഷ്ടിക്കുന്നതും വളർത്തുന്നതും ഊട്ടിയുറപ്പിക്കുന്നതുമൊക്കെ. ഇതോടൊപ്പം തന്നെ പുരുഷന്മാർക്കിടയിലെ മദ്യപാനാസക്തി കൂടിയാവുമ്പോൾ അതിക്രൂരമായ പീഡനങ്ങൾക്കാണ് സ്ത്രീകൾ വിധേയരാകുന്നത് . ഇത് നിത്യേനയുള്ള സംഭവമാണ്. ഗാർഹികപീഡനങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ ഒരു അടി കിട്ടിയാൽ പ്രതികരിച്ചൂടേ എന്ന് ചോദിക്കാറുണ്ട് . കഴിഞ്ഞദിവസം വനിതാ കമ്മീഷൻ ചെയർപേഴ്സൺ എം .സി ജോസഫൈനോട് ഒരു സ്ത്രീ പരാതി പറഞ്ഞപ്പോൾ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തിട്ടില്ലെങ്കിൽ അനുഭവിച്ചോ എന്ന് പറഞ്ഞത് കേരളം ചർച്ച ചെയ്തതാണല്ലോ . ഒരു സ്ത്രീ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കണമെങ്കിൽ എന്തെല്ലാം കടമ്പകൾ കടക്കണം. ആദ്യം വേണ്ടത് അവരിൽ ആത്മവിശ്വാസം ഉണ്ടാക്കലാണ് .പോലീസ് സ്റ്റേഷനിൽ പോയാൽ നീതി കിട്ടും ,പോലീസ് എന്നോട് നീതിപൂർവ്വം പെരുമാറും എന്നുള്ള ധൈര്യം സ്ത്രീകൾക്ക് ഉണ്ടാകുന്നത് പോലീസിൽനിന്ന് നീതിപൂർവ



മായ പെരുമാറ്റം ഉണ്ടാകുമ്പോഴാണ് . പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ നമ്മുടെ പോലീസ് ഒട്ടും ജെൻഡർ സെൻസിറ്റീവ് അല്ല . പോലീസ് സ്റ്റേഷനിൽ പരാതിയുമായി ചെല്ലുന്ന സ്ത്രീകളോട് എങ്ങനെയാണ് പെരുമാറുന്നത് എന്നെനിക്കറിയാം. പാചകം ചെയ്ത് കുഞ്ഞുങ്ങൾക്ക് കൊടുക്കേണ്ട ഭക്ഷണമൊക്കെ വലിച്ചെറിഞ്ഞ് മർദ്ദനങ്ങൾ നടത്തിയ ഭർത്താവിനെ കുറിച്ച് പരാതി പറയാൻ എത്തുന്ന സ്ത്രീകളോട് നിങ്ങൾക്ക് മിണ്ടാതിരുന്നൂടെ എന്നാണ് ചോദിക്കുന്നത്. പലപ്പോഴും മറ്റൊന്നും ചെയ്യാൻ കഴിയാത്തതുകൊണ്ട് ചിലപ്പോൾ എതിർക്കുകയോ പ്രതികരിക്കുകയോ ചെയ്യുന്നതിന്റെ ഭാഗമായി സ്ത്രീകൾ തെറി പറഞ്ഞെന്നിരിക്കും. എന്നാൽ അവളെ തെറ്റുകാരി ആക്കുന്ന സമീപനമാണ് പോലീസിന്റേത്. അത് മാറിയേ പറ്റൂ . അടിസ്ഥാനപരമായി സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സ്ത്രീപക്ഷത്തു നിന്ന് സമീപിക്കാൻ അല്ലെങ്കിൽ പുരുഷാധിപത്യ വ്യവസ്ഥിതിയുടെ എതിർപക്ഷത്തു നിന്ന് കാണാൻ തയ്യാറാകുന്ന ഒരു പോലീസ് സംവിധാനവും സമൂഹവും നമ്മുടെ നാട്ടിൽ ഉണ്ടാവണം. അപ്പോൾ മാത്രമേ മാറ്റങ്ങൾ ഉണ്ടാവൂ. 'അന്വേഷി'ക്ക്' ഐസ്ക്രീം പാർലർ കേസിൽ ഇടപെട്ട ചരിത്രം മാത്രമല്ല ഉള്ളത്. 25 വർഷമായി




സംഘടന ഇടപെട്ടിട്ടുള്ള കേസുകൾ ആയിരക്കണക്കിനാണ്. 2017 മുതൽ 2021 മാർച്ച് വരെയുള്ള കേസുകൾ മാത്രമെടുത്താൽ 2017– 18 ൽ 232 പരാതി കിട്ടിയതിൽ 179 എണ്ണം ഗാർഹിക പീഡന പരാതികളായിരുന്നു. അതുപോലെ 2018 –19 ലെ 226 പരാതികളിൽ 178ഉം, 2019 –20ലെ 166 പരാതികളിൽ (കോവിഡ് കാലമായിരുന്നു ഇത് എന്നോർക്കണം) 128ഉം, 2020 –21 മാർച്ച് വരെ 132 ൽ 93ഉം ഗാർഹികപീഡന പരാതികൾ ആയിരുന്നു. അതായത് അന്വേഷി കൈകാര്യം ചെയ്ത കേസുകളിൽ 60– 70 ശതമാനവും ഗാർഹികപീഡന കേസുകളായിരുന്നു. സ്ത്രീകളുടെ പരാതി കേൾക്കാൻ കോഴിക്കോട് അന്വേഷി തുടങ്ങിയ കാലത്ത് ഇന്നുള്ളതുപോലെ ഒരു സംവിധാനവും സർക്കാറിന്റേതായി ഉണ്ടായിരുന്നില്ല. പോലീസ് സ്റ്റേഷനിൽ സ്ത്രീധന പീഡന കൊലപാതക പരാതിയുമായി ചെല്ലുമ്പോൾ ഇങ്ങനെയൊരു കേസ് ഉണ്ടോ ഇങ്ങനെയൊക്കെ നടക്കുമോ ശരിയാണോ



എന്നൊക്കെയാണ് അന്ന് പോലീസ് ചോദിക്കുന്നത്. പിന്നീട് പ്രൊട്ടക്ഷൻ ഓഫ് വിമെൻ ഫ്രം ഡൊമസ്റ്റിക് വയലൻസ് ആക്ട് അതായത് ഞങ്ങൾ പറയുന്ന ഗാർഹിക പീഡന നിരോധന നിയമം വന്നതിനു ശേഷമാണ് പരാതികളുടെ പ്രവാഹം ഉണ്ടായത് . ഇന്ന് കോഴിക്കോട് ജില്ലയിൽ ആറ് സർവീസ് പ്രൊവൈഡർമാർ ഉണ്ട് .അതിൽ ഒന്ന്അന്വേഷി ആണ്. മറ്റ് സർക്കാർ സംവിധാനങ്ങളിൽ വരുന്നതിനേക്കാൾ അധികം കേസുകൾ അന്വേഷിയിൽ വരുന്നുണ്ട്. അന്വേഷി പ്രസിഡൻറ് എന്ന നിലയിൽ എനിക്ക് അത് ഉറപ്പിച്ച് പറയാൻ കഴിയും. പ്രൊട്ടക്ഷൻ ഓഫ് വിമെൻ ഫ്രം ഡൊമസ്റ്റിക് വയലൻസ്ന്റെ കീഴിൽ കോഴിക്കോട് ഹോമുണ്ട് . കളക്ടറുടെ വൺ സ്റ്റോപ്പ് സെൻററുണ്ട്. അവർക്കും ഒരു ഷെൽട്ടർ ഹോമുണ്ട്. അവിടെയൊക്കെ വരുന്നതിനേക്കാൾ കൂടുതൽ സ്ത്രീകൾ അന്വേഷിയെ സമീപിക്കുന്നുണ്ട്. അവർക്കൊക്കെ അന്വേഷിയെയാണ് വിശ്വാസം എന്നതിന് തെളിവാണിത്. അന്വേഷി ഇടപെട്ട് ശ്രദ്ധേയമായ ചില കേസുകൾ ഞാൻ സൂചിപ്പിക്കാം. ഭർത്താവിന്റെ പീഡനങ്ങൾ സഹിക്കാൻ കഴിയാതെ സ്വന്തം വീട്ടിലേക്ക് പോയ ഒരു സ്ത്രീ പരാതിയുമായി ഞങ്ങളെ സമീപിച്ചു. അവൾക്ക് വേണ്ടിയിരുന്നത് ഭർത്താവുമായി ബന്ധം ശരിയാക്കിയെടുക്കുകയായിരുന്നു. അന്വേഷി കൗൺസിലർ അവളോടും ഭർത്താവിനോടും സംസാരിച്ചു. അപ്പോൾ തന്നെ കൗൺസിലർക്ക് ഈ ഭർത്താവ് സംശയരോഗി (പാരനോയിഡ്) ആണ്, ഇത്തരം കേസുകൾ ചിലപ്പോൾ സ്കിസോഫ്രേനിയ പോലെയുള്ള മാനസിക രോഗങ്ങളിലേക്ക് മാറാറുണ്ട്. അക്രമാസക്തരാകാറുണ്ട്. അവളെയും അവളുടെ വീട്ടുകാരെയും ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും ഒന്നിച്ചു ജീവിതം അപകടകരമാണ് എന്ന് ഓർമിപ്പിക്കുകയും ചെയ്തു. അവളുടെ വീട്ടുകാർ കാര്യങ്ങൾ ബോധ്യപ്പെട്ട അവളെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയെങ്കിലും കുറച്ചു ദിവസങ്ങൾ കഴിഞ്ഞ് സ്വന്തം ഇഷ്ടപ്രകാരം അവൾ അയാളുടെ വീട്ടിലേക്ക് തന്നെ പോവുകയും ദിവസങ്ങൾക്കകം അവളെ മണ്ണെണ്ണയൊഴിച്ച് കത്തിച്ചു കൊലപ്പെടുത്തുകയും ചെയ്തു. അതിനുശേഷം രണ്ട് മക്കൾക്ക് നഷ്ടപരിഹാരം വാങ്ങിച്ചു കൊടുക്കാൻ മാത്രമേ അന്വേഷിക്ക് കഴിഞ്ഞുള്ളൂ. .

മറ്റൊരു സംഭവം 2013ലോ പതിനാലിലോ ആണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ പൊള്ളലേറ്റു കിടക്കുന്ന സ്ത്രീയുടെ സഹോദരൻ പരാതിയുമായി അന്വേഷിയെ സമീപിച്ചു. 60 ശതമാനത്തിലധികം പൊള്ളലേറ്റാൽ മരണം ഉറപ്പാണെങ്കിലും പൊള്ളലേറ്റയാൾ സ്വബോധത്തിൽ ആയിരിക്കും. താൻ ഇനിയും ജീവിക്കുമെന്ന് വിശ്വസിക്കുകയും ചെയ്യാറുണ്ട് . ഈ പെൺകുട്ടി ഭർതൃ വീട്ടുകാരുടെ പരിചരണത്തിലാണ് ആരംഭഘട്ടത്തിൽ ആശുപത്രിയിലുണ്ടായിരുന്നത് . അവളുടെ വീട്ടുകാരെ അകറ്റി നിർത്തുന്നതിൽ അവർ ശ്രദ്ധിക്കുകയും ചെയ്തു. ആശുപത്രിയിൽ വെച്ച് മജിസ്ട്രേറ്റിന് അവൾ കൊടുത്ത മരണമൊഴി സ്വമേധയാ പറ്റിയ അപകടമായിരുന്നു  എന്നാണ്. അവർക്ക് അനുകൂലമായി മൊഴി രേഖപ്പെടുത്തി എന്ന് ഉറപ്പായപ്പോൾ ഭർതൃവീട്ടുകാർ അവളെ സ്വന്തം വീട്ടുകാർക്ക് വിട്ടുകൊടുക്കുകയും അവരോടവൾ ഭർത്താവിന്റെ പീഡനവും കൊലപാതക ശ്രമവും തുറന്നുപറയുകയും ചെയ്തു . താൻ ഇനിയും ജീവിച്ചിരിക്കുമെന്നും സത്യം പറഞ്ഞാൽ അയാൾ ജയിലിലാവുകയും മക്കൾക്ക് അച്ഛൻ ഇല്ലാതാവുകയും ചെയ്യും എന്ന് ഭയന്നാണ് അവൾ സംഭവം മൂടി വെച്ചത് . കൂടാതെ ഭർതൃവീട്ടുകാരുടെ സാന്നിധ്യവും. വീണ്ടും മജിസ്ട്രേട്ടിന്റെ മൊഴിയെടുപ്പിക്കാൻ വഴി അന്വേഷിച്ചാണ് സ


ഹോദരൻ അന്വേഷിയെ സമീപിച്ചത് . ഭർത്താവിൻറെ വീട്ടുകാരുടെ സമ്മർദ്ദം കൊണ്ടാണ് ഈ മരണമൊഴി തന്നതെന്നും വീണ്ടും ആ പെൺകുട്ടിയുടെ മൊഴിയെടുക്കണമെന്നും ആവശ്യപ്പെട്ട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് പരാതി കൊടുക്കാൻ സഹോദരനെ സഹായിക്കുകയും

രണ്ടുദിവസത്തിനുള്ളിൽ സി. ജെ. എം ഓർഡർ കിട്ടുകയും മൊഴിയെടുക്കുകയും ചെയ്തു. രണ്ടുദിവസത്തിനുള്ളിൽ പെൺകുട്ടി മരണപ്പെട്ടു . കൊലപാതകക്കുറ്റത്തിന് ഭർത്താവിനെ അറസ്റ്റ് ചെയ്യിക്കാനും കഴിഞ്ഞു . ഇങ്ങനെയുള്ള നിരവധി കേസുകൾ അന്വേഷിയുടെ രേഖകളിലുണ്ട് . വിസ്മയ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സ്ത്രീധന നിരോധന നിയമത്തെ കുറിച്ച് മുഖ്യമന്ത്രിയടക്കം പറയുന്നുണ്ട്.1961ലെ ഈ നിയമമനുസരിച്ച് കൊടുക്കുന്നവനും വാങ്ങുന്നവനും കുറ്റക്കാർ ആകുന്നു. പിന്നെ ആരാണ് പരാതി കൊടുക്കാൻ തയ്യാറാവുക. പുരുഷാധിപത്യത്തിൻെറ മറ്റൊരു മുഖമാണ് സ്ത്രീധനസമ്പ്രദായം . കുറേ നിയമങ്ങൾ ഉണ്ടായതു കൊണ്ട് മാത്രം കാര്യമില്ല. അതു നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ ജെൻഡർ സെൻസിറ്റീവ് ആകണം. ഒരു വനിതാ കമ്മീഷൻ അധ്യക്ഷ ഇങ്ങനെയാണ് പ്രതികരിക്കുന്നതെങ്കിൽ സ്ത്രീകൾ ആരോടാണ് പരാതി പറയുക. വളരെ ക്ഷമയോടുകൂടി മുഴുവൻ കേൾക്കുന്ന കൗൺസിലർമാരാണ് അന്വേഷിയിലുള്ളത്. ഗാർഹിക പീഡനങ്ങൾക്കെതിരായി പ്രവർത്തിക്കുന്ന സംവിധാനങ്ങൾ സ്ത്രീയെ തുല്യരായി കാണാനും സ്ത്രീയുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും പര്യാപ്തമാകണം. അന്വേഷിയുടെ പ്രധാന പ്രവർത്തനമേഖല കൗൺസിലിംഗ് ആണ്. കൗൺസിലിംഗിൽ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ ലീഗൽ എയ്ഡ് സെല്ലിനു കൈമാറും. സർവീസ് പ്രൊവൈഡർ എന്ന നിലയ്ക്ക് ഒരു വക്കീലുണ്ട്. അവർക്കുള്ള ഫണ്ട് സർക്കാരിൽ നിന്നാണ് . പാരാലീഗൽ സ്റ്റാഫും ഉണ്ട്. അതോടൊപ്പം അന്വേഷിക്ക് ഒരു ഷോർട്ട് സ്റ്റേ ഹോം ഉണ്ട് . 2003 മുതൽ ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിക്കുന്നു. ഇന്നു രാത്രി എങ്ങോട്ട് പോകാൻ എന്ന് ആശങ്കപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അത്താണിയാണിത്. നിരവധി സ്ത്രീകളെ മരണത്തിൽ നിന്നും ആത്മഹത്യയിൽ നിന്നും രക്ഷപ്പെടുത്തി ഭക്ഷണവും തണലുമൊരുക്കി താമസിപ്പിക്കാൻ ഹോമിന് കഴിഞ്ഞിട്ടുണ്ട് . തൊഴിൽ ചെയ്യാൻ പ്രാപ്തരായി ജീവിതത്തെ നേരിടാൻ തയ്യാറായി നിരവധി സ്ത്രീകളാണ് ഷോട്ട് ഹോമിൽ താമസിച്ചു പുറത്തു പോയിട്ടുള്ളത്.എത്രയോ ദിവസങ്ങൾക്കുശേഷം സമാധാനമായി ഉറങ്ങിയതിൻെറ ആശ്വാസം ആ സ്ത്രീകൾ നമ്മളുമായി പങ്കുവെച്ചിട്ടുണ്ട്. അതായത് അന്വേഷിയുടേത് ഒരു ചെറിയ ചരിത്രമല്ല. ഗാർഹികപീഡനങ്ങൾക്ക്  എതിരായിട്ടുള്ള സർക്കാർ സംവിധാനങ്ങൾ ഇന്നുണ്ട്.'അപരാജിത'പോലെയുള്ള സർക്കാർ ഓൺലൈൻ സംവിധാനങ്ങളും അന്വേഷി പോലുള്ള സ്ഥാപനങ്ങളും ഒന്നിച്ചുചേർന്നാൽ കുറേയേറെ മാറ്റങ്ങളുണ്ടാക്കാൻ പറ്റും. പോലീസിനും നിയമ സംവിധാനങ്ങൾക്കും ജനങ്ങൾക്കും സ്ത്രീപക്ഷത്തു നിന്ന് പ്രശ്നങ്ങളെ സമീപിക്കാനുള്ള ഒരു അവബോധം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. അതോടൊപ്പം ഇന്നത്തെ കുടുംബ സംവിധാനങ്ങളും മാറ്റി പൊളിച്ചെഴുതണം. സ്ത്രീയുടെ അടിമത്തത്തിന്റെ മുകളിൽ കെട്ടിപ്പൊക്കിയതാണ് ഇന്നത്തെ കുടുംബം, കുടുംബത്തിന് പുറത്ത് തൊഴിലോ രാഷ്ട്രീയപ്രവർത്തനമോ നടത്തിയാലും ഗാർഹിക അധ്വാനം മുഴുവൻ അവളുടെ ഉത്തരവാദിത്വം തന്നെയായി നിലനില്ക്കുന്ന  സ്ഥിതി മാറണം. ലിംഗപരമായ ജോലി വിഭജനം ഇല്ലാതാകുന്ന മനോഭാവം കുട്ടികളിലും വളർന്നു വരാൻ മുതിർന്നവർ മാതൃകകളാവണം. നിയമപരമായി മാത്രമല്ല പൊതുസമൂഹത്തിന്റെ  മനോഘടനയും മാറുന്നതിലൂടെ മാത്രമേ അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയൂ.







ഡോ.ജാൻസി ജോസ്

എന്തിനാണ് ഇത്രയും പെണ്ണുങ്ങൾ കോവിഡ് കാലത്തും ആത്മഹത്യ ചെയ്യുന്നത്? സ്ത്രീധനം കാരണമാണ് എന്ന് ഊന്നിപ്പറയുന്നവരോട് പറയാനുണ്ട് ഏറെ.പെണ്ണ് ജനിക്കുന്നതും വളരുന്നതും എല്ലാ വീട്ടുകാരേയും ഏറെ ഭയപ്പെടുത്തുന്നുണ്ട്. എപ്പോൾ വേണമെങ്കിലും എവിടെ വെച്ചു വേണമെങ്കിലും പീഡിപ്പിക്കപെടാനുള്ള സാധ്യതയും പീഡിപ്പിക്കുന്നവർക്ക് ഞെളിഞ്ഞ് നടക്കാനുള്ള സാഹചര്യവും ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഉണ്ടല്ലോ. പെണ്ണ് ജനിക്കുമ്പോൾ തന്നെ അവളെ പഠിപ്പിക്കേണ്ടത് പ്രതിരോധം തീർക്കുവാനാണ്, എതിർക്കാനാണ്. പഠിച്ച് ഉദ്യോഗം മേടിക്കുന്നതിനേക്കാൾ പ്രാധാന്യം പൊരുതി ജീവിക്കുന്നതി


# തോറ്റു കൊടുക്കരുത്

നാണ് എന്ന് പഠിപ്പിക്കണം. സ്ത്രീധനം വേണ്ട എന്നു പറയുന്നവരും വേണ്ട എന്നു പറഞ്ഞ് ആസ്തിയുള്ള വീട്ടിൽ നിന്ന് പെണ്ണുകെട്ടുന്നവരും സ്ത്രീകളെ ബഹുമാനിക്കുന്നവരായിരിക്കും എന്നു കരുതാനാവില്ല. നമുക്ക് പെൺകുട്ടികളെ വളർത്തുന്നതിൽ മാത്രമല്ല ഉത്തരവാദിത്തമുള്ളത്. ആൺ കുട്ടികളെ മൂല്യബോധത്തോടെ വളർത്തുന്നതിലും ഉണ്ട് എന്ന ഓർമ്മ വേണം. വലിയ ജോലിയും ശമ്പളവും മാത്രം ലക്ഷ്യം വെച്ചു വളർത്തിക്കൊണ്ടു വരുന്ന ആൺകുട്ടികൾക്ക് മനുഷ്യനും പ്രകൃതിയും എല്ലാം ഇരകളാക്കപ്പെടേണ്ടവർ മാത്രം. പെണ്ണിനെ ഒരിക്കലും തന്റെ ഒപ്പം നിർത്താൻ അവൻ ആഗ്രഹിക്കുന്നില്ല അവൻ അങ്ങനെ കണ്ടിട്ടില്ല, എവിടെ തിരഞ്ഞാലും ഒരു മാതൃക കിട്ടില്ല.

ഭർത്താവിന്റെ വീട്ടിൽ പോയാൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ച് പഠിപ്പിക്കുന്നതിനു പകരം അടിക്ക് തിരിച്ചടിയും തെറിക്ക് മുറിപ്പത്തലും പഠിപ്പിച്ചിരുന്നെങ്കിൽ ഇക്കാലത്ത് ഇത്രയും പെൺകുട്ടികൾ മരിക്കില്ലായിരുന്നു. സ്വതന്ത്രയായി നടക്കുന്ന പെൺകുട്ടികൾ പോലും വിവാഹപ്പന്തലിൽ കുനിഞ്ഞു പോകുന്ന ശിരസ് പിന്നീടൊരിക്കൽ ഉയർ ത്താനാവാത്ത വിധം അടിമ ബോധം കുത്തിവെച്ചാണ് നമ്മൾ പറഞ്ഞു വിടുന്നത്. അതു കൊണ്ട് അല്ലയോ പെൺകുട്ടികളേ, സ്ത്രീധനം വേണ്ടാ എന്നു പറയുന്നവരെ അല്ല, തന്റെ വ്യക്തിത്വത്തെ ബഹുമാനിക്കുന്നവരേയാണ് നിങ്ങൾ സ്വീകരിക്കേണ്ടതെന്ന് ഞാൻ പറയും. ഭർത്താവിന്റെ വീട്ടിൽ വെച്ച് എപ്പോൾ സ്വാതന്ത്ര്യം നഷ്ടമാവുന്നുവോ അപ്പോൾ തീരുമാനങ്ങൾ നിങ്ങൾ തന്നെ എടുക്കണം. ഈ കോവിഡ് കാലത്തും അല്ലാത്തപ്പോഴും ജീവിച്ചിരിക്കുക എന്നതു തന്നെയാണു് പ്രധാനം


കവിത

# മൗനികൾ




**ശ്രീജിത പി.വി.**

അംബേദ്കർ യൂണിവേഴ്സിറ്റിയിൽ നിന്ന് ജൻഡർ സ്റ്റഡീസിൽ MPhil ബിരുദധാരി. ഡൽഹി യൂണിവേഴ്സിറ്റി കോളേജിലെ മുൻ അസിസ്റ്റന്റ് പ്രൊഫസർ

(രോഹിത് വിമുല, അഞ്ജന (ചിന്നു സുൽഫിക്കർ), പായൽ തഡ്‌വി, തുടങ്ങിയവർ പറഞ്ഞ ഭാഷയിലൂടെ ഒരു സഞ്ചാരം)

പൊതു ഇടങ്ങൾ
നിരത്തുകൾ ,
ബദൽ വീടുകൾ
ഐ ഐ ടി കൾ
ഇവിടങ്ങളിലെല്ലാം
പൊഴിഞ്ഞു പോവുന്നവർക്ക്
ഒരു ഭാഷയുണ്ട്.
അവരുടേതല്ലാത്ത
പൊതുഭാഷയിൽ
തളം കെട്ടി മരിച്ചു പോയ ഒന്ന്.
അവർ കണ്ടെത്തിയിട്ടില്ലാത്ത ഒന്ന്.

അവരെ ഒത്തുചേർക്കുന്നത്
അവരുടെ കൂട്ടരുടെ
കണ്ടെത്തിയിട്ടില്ലാത്ത
ഭാഷതന്നെയാണെന്ന്
അറിയാൻ അവർക്ക് വഴികളില്ല.


അറിയാൻ തുടങ്ങുന്നിടം
അവരുടേതല്ലാത്ത
ഇടുങ്ങിയ വഴികളിൽ
അടഞ്ഞു പോവുകയാണ്.

പൊതിഞ്ഞു കെട്ടപ്പെടുന്ന അവരുടെ പരാജയത്തിന്റെ പറഞ്ഞിട്ടില്ലാത്ത
വാക്കുകൾ കഥയില്ലാതെ പിരിഞ്ഞു പോയ
മുത്തശ്ശിമാർ പറഞ്ഞു കൊടുത്തിട്ടില്ല.

അവർക്കതറിയില്ല. ഭാഷകൾ പരസ്പരം പൊട്ടിച്ചിരിക്കുന്നിടത്ത്
അവർ ഒരു വാക്കും മനസ്സിലാവാതെ വിറങ്ങലിച്ചു പോവാറുണ്ട്.

ഭാഷയിൽ ഇടമില്ലാത്തവർ
ഭാഷയുടെ കുത്തക മുതലാളിമാരുടെ
നാട്ടിലൂടെ നടക്കുമ്പോൾ സൂക്ഷിക്കണം.
ഭാഷാ മുതലാളിമാർ പറയുന്നിടത്തേക്ക് അവരുടെ
കൂട്ടരല്ലാത്തവരെ പിൻതുടർന്നവരാണ് അവർ.

വഴിത്താരകൾ



# ചീരുവിന്റെ ഓൺലൈൻ സമസ്യകൾ



**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

ജൂൺ മാസം സ്കൂൾ തുറന്നതു മുതൽ ചീരു ആകെ അങ്കലാപ്പിലാണ്. രാവിലെ മുതൽ കമ്പ്യൂട്ടറിന്റെ ചുവട്ടിൽ തപസ്സിലാണ്.അല്ലെങ്കിൽ മൊബൈൽ ഫോണും കൊണ്ട് വീട്ടിൽ തലങ്ങും വിലങ്ങും ഓടുന്നത് കാണാം.ഇതെല്ലം കണ്ടു ചീരുവിന്റെ അമ്മൂമ്മ വീടിന്റെ ഒരു മൂലയിൽ ഒരു ചെറു ചിരിയോടെ ഇരിപ്പുണ്ടാവും. മലയാള പദ്യവും, ഗുണിക്കലും, ഹരിക്കലും,കേട്ടെഴുത്തും , സാമൂഹ്യ പാഠവും ഒക്കെ പറഞ്ഞു നടന്നിരുന്ന ഒരു കുട്ടി കോവിഡ് തുടങ്ങിയതിൽ പിന്നെ ഉച്ചരിക്കുന്ന വാക്കുകൾ അമ്മൂമ്മയുടെ ഗ്രഹണശക്തിക്കും അപ്പുറത്താണ് . റേഞ്ച്,വാട്സപ്പ് ഗ്രൂപ്പ് , ഡേറ്റ എന്നിങ്ങനെയുള്ള വാക്കുകൾ കേട്ട് അമ്മൂമ്മ അമ്പരന്നു പോകുന്നുണ്ട്.ടീച്ചർമാർ ഓൺലൈൻ സ്ക്രീനുകളിൽ തെളിയുമ്പോൾ ചീരു ചെറിയൊരു അത്ഭുതത്തോടെയും ഉത്സാഹത്തോടെയും ആദ്യമൊക്കെ ഇരുന്നിരുന്നു .പിന്നീട് ഈ പരിപാടികളുടെ പുതുമ നഷ്ടപ്പെട്ട

പ്പോൾ അത് അലക്ഷ്യമായ ഒരു ഇരിപ്പായോ എന്ന് വീട്ടിൽ എല്ലാർക്കും സംശയമുണ്ട്.ഇടക്കൊക്കെ പാഠങ്ങൾ മനസ്സിലാക്കാൻ കഴിയാതെ, കൂട്ടുകാരെ  കാണാൻ പറ്റാതെ കൂട്ടിലടച്ചിട്ട ഒരാളെ പോലെ അക്ഷമയും അരിശവും അവൾ പ്രകടിപ്പിക്കാറുണ്ട്.വീട്ടിലിരുത്തി പഠിപ്പിക്കാനുള്ള അമ്മമാരുടെ അമിതമായ വ്യഗ്രത കാരണമാണോ എന്നറിഞ്ഞുകൂടാ.അടുത്ത ഫ്ലാറ്റിലെ എട്ടുവയസുകാരൻ  ബാൽക്കണിയിൽ നിന്ന് പാഠപുസ്തകങ്ങൾ ഓരോന്നായി  താഴേക്കെറിഞ്ഞു അവനെക്കൊണ്ട് ആകാവുന്ന രീതിയിൽ ഒരു കോവിഡ് പ്രതിസന്ധിയും ഇതിനിടയിൽ സൃഷ്ടിക്കുകയുണ്ടായി.

അച്ഛനമ്മമാർ അവരവരുടെ ജോലികളിൽ വ്യാപൃതരാകുമ്പോൾ അവളുടെ കൊച്ചു കൊച്ചു ഓൺലൈൻ  ദുഃഖങ്ങൾ അവൾ പങ്കു വെക്കുന്നത് അമ്മൂമ്മയുമായിട്ടാണ്.പുതിയ ദുരിത കാലത്തിന്റെ കുഴഞ്ഞു മറിഞ്ഞ അവസ്ഥകളിൽ പരിഭ്രമമുണ്ടെങ്കിലും അമ്മൂമ്മ അവയെ സാകൂതം വീക്ഷിക്കുന്നുണ്ട്.അവളെ ആശ്വസിപ്പിക്കുന്നുണ്ട്.കൂട്ടുകാരെ കാണാൻ പറ്റാത്തതിന്റെ വിഷമങ്ങൾ പറഞ്ഞു അവൾ ചിണുങ്ങുമ്പോൾ അമ്മൂമ്മ അവളോട് പറയും, "ശരിയാണ് മോളെ .നേരിട്ട് ടീച്ചർമാരെ കാണാൻ പറ്റുന്നില്ല.നോട്ടുകളൊക്കെ ഫോണിൽ വായിക്കേണ്ടി വരുന്നു.ചങ്ങാതിമാരൊത്ത്  കളിയ്ക്കാൻ പറ്റുന്നില്ല.പക്ഷെ അതിനൊപ്പം ചില നല്ല



കാര്യങ്ങളുമില്ലേ ?" അമ്മൂമ്മ എന്താണ് പറഞ്ഞു വരുന്നതെന്ന് ചീരുവിനു മനസ്സിലായില്ല.അവൾ അമ്മൂമ്മയുടെ കണ്ണുകളിലേക്കു സൂക്ഷിച്ചു നോക്കി.കുസൃതിയുടെ ഒരു മിന്നൽ ആ കണ്ണുകളിൽ തിളങ്ങി. ആഹാ! ഒരു കഥ മണക്കുന്നുണ്ടല്ലോ. അമ്മൂമ്മയുടെ സ്കൂൾകഥകള ചീരുവിനു എത്ര കേട്ടാലും മതിവരില്ല. പാടവും പുഴയും റെയിൽവേ പാതയും താണ്ടി ചോറ്റുപാത്രവും പുസ്തകങ്ങളുമായി കാൽനടയായി സ്കൂളിൽ പോയി വന്ന കഥകൾ.അങ്ങിനെ പാറിപറന്ന് നടന്ന സ്കൂളിൽ പോയ അമ്മൂമ്മ ഇവിടെ എന്ത് നല്ല കാര്യമാണ് കാണുന്നതെന്ന് അവൾ അമ്പരന്നു.അവളുടെ മുഖഭാവം കണ്ടു അമ്മൂമ്മ വിശദമാക്കി."ടീച്ചർമാരുടെ അടി കൊള്ളേണ്ടല്ലോ. അമ്മൂമ്മക്ക് പണ്ട് രണ്ടാം ക്ലാസ്സിൽ  കിട്ടിയ പോലെ?"

ആ കഥ അവൾ ഒരായിരം തവണ കേട്ടതാണ്.കേൾക്കുന്ന ആരുടെ ഉള്ളിലും അമർഷവും സങ്കടവും ഉണ്ടാക്കുന്ന കഥയാണത്.അമ്മൂമ്മ പണ്ട് മാളു എന്ന കുട്ടി ആയിരുന്നപ്പോൾ  കിട്ടിയ അവിശ്വസനീയമായ ശിക്ഷ .പ്രൈമറി ക്ളാസിൽ പഠിക്കുമ്പോൾ കിട്ടിയ ശിക്ഷ എഴുപത്തിഅഞ്ചാമത്തെ വയസ്സിലും ഓർക്കണമെന്നുണ്ടെങ്കിൽ അതെന്തൊരു ആഘാതമാണ് ഉണ്ടാക്കിയിട്ടുണ്ടാവുക എന്ന് ചീരു  ഇടക്കിടക്ക് ഓർക്കാറുണ്ട്.എത്ര പറഞ്ഞാലും എപ്പോൾ പറയുമ്പോഴും ആ ഓർമ്മയിൽ അമ്മൂമ്മയുടെ മുഖത്തെ പേശികൾ വലിഞ്ഞു മുറുകുന്നത് കാണാം. അമ്മൂമ്മ  ആറുവയസ്സുകാരിയായ  മാളു ആയി  മാറുന്നത് കാണാം.

"എനിക്കന്നു  നല്ല ചുരുണ്ട് കട്ടിയുള്ള മുടിയായിരുന്നു. ദിവസവും സ്കൂളിൽ പോകുമ്പോൾ വലിയമ്മ മുടി രണ്ടു വശം മെടഞ്ഞിട്ടു നിറയെ റോസാപ്പൂക്കൾ വെച്ച് തരുമായിരുന്നു. സ്കൂളിലേക്ക് നടന്നു പോകുമ്പോൾ വഴിയിൽ ചില ടീച്ചർമാരും ഞങ്ങളുടെ ഒപ്പം കൂടുമായിരുന്നു. ഒരു ടീച്ചർ സ്ഥിരം എന്നോട് പൂക്കൾ ചോദിക്കും. സ്കൂൾ എത്തുമ്പോഴേക്കും എന്റെ മുടിയിലെ ആ ഭംഗിയുള്ള പൂക്കളൊക്കെ എന്തൊക്കെയോ സൂത്രങ്ങൾ പറഞ്ഞു ടീച്ചർ കൈക്കലാക്കിയിട്ടുണ്ടാവും.തിരിച്ചു വീട്ടിലെത്തിയാൽ വലിയമ്മ ശകാരിക്കും.വൈകുന്നേരമാവുമ്പോഴേക്കും പൂക്കളൊക്കെ നീ വഴിയിൽ കളഞ്ഞു അല്ലെ? ടീച്ചർ പിച്ചിയെടുത്തതാണെന്നു പറഞ്ഞപ്പോൾ വലിയമ്മ പറഞ്ഞു, "നി  ടീച്ചർ ചോദിച്ചാൽ തരില്ല എന്ന് പറയണം.വലിയമ്മ ചീത്ത പറയും എന്ന് പറഞ്ഞാൽ  മതി, ട്ടോ ."

ആറുവയസ്സുകാരിക്ക് സമാധാനമായി.പിറ്റേന്ന് വീണ്ടും ടീച്ചർ പൂ ചോദിച്ചു ."തരാൻ പറ്റില്ല. വലിയമ്മ വഴക്കു പറയും". മാളു  തറപ്പിച്ചു പറഞ്ഞു. ടീച്ചറുടെ മുഖം കറുത്തെങ്കിലും അവർ ഒന്നും പറഞ്ഞി

ല്ല.
പിന്നീട് ഏതോ ഒരു പീരിയഡ് അവർ ക്ലാസ്സ് എടുക്കാൻ വന്നു. എന്തായിരുന്നു വിഷയം എന്നൊന്നും അമ്മൂമ്മക്ക് ഓർമ്മയില്ല. തേക്കിൻ കമ്പു കൊണ്ടുള്ള അടി തലയിൽ ആഞ്ഞു പതിച്ചതും തല ആകെ മരവിച്ചതും മാത്രമേ ഓർമയുള്ളൂ.എന്തിനാണ് അടിച്ചതെന്നു ഒരു പിടിയും ഇല്ല. ചോദ്യമൊന്നും ചോദിച്ചിട്ടില്ല. താൻ എന്തെങ്കിലും അശ്രദ്ധ കാണിച്ചോ എന്നും അറിയില്ല. അമ്പരന്നു എഴുന്നേറ്റു നിൽക്കുമ്പോൾ തലയിൽ എന്തോ

അരിക്കുന്നതു പോലെ ഒരു തോന്നൽ. മാളു നിബിഡമായ മുടിചുരുളുകളുടെ ഉള്ളിലേക്ക് കയ്യിട്ടപ്പോൾ ഒരു നനവാണ് അനുഭവപ്പെട്ടത്.പുറത്തേക്കെടുത്ത കയ്യിൽ ചോരയായിരുന്നു. പിന്നീട് അവിടെ ആകെ ബഹളമായിരുന്നു.1950 കളുടെ തുടക്കമാണിത്.സ്കൂളിന് എതിർവശമുള്ള ഒരു പരിചയക്കാരിയുടെ വീട്ടിൽ ടീച്ചർ അമ്മൂമ്മയെ കൊണ്ടുപോയി ,നെറുകയിൽ ആഴമുള്ള ആ മുറിവിൽ



അട്ടക്കരി പൊത്തിവെച്ചു. ആശുപത്രി ദൂരെയാണ്.മാത്രമല്ല ആ കൊച്ചു ഗ്രാമത്തിൽ എല്ലാര്ക്കും എല്ലാരേയും അറിയാം. വീട്ടുകാർ അറിഞ്ഞാൽ ടീച്ചർക്ക് പ്രശ്നമാണ്. “വീട്ടിൽ പറഞ്ഞാൽ വഴിയേ പോകുന്ന ലോറിയിൽ പിടിച്ചിടും” എന്ന് ടീച്ചർ കുട്ടിയെ ഭീഷണിപ്പെടുത്തി. ഭീഷണിയാണെന്ന് കുട്ടിക്ക് അറിയില്ലായിരുന്നു. അവൾ ഭയന്നു വിറച്ചു മുറിവിന്റെ വേദന അമർത്തിപ്പിടിച്ചു.

വൈകീട്ട് വീട്ടിൽ എത്തി സന്ധ്യക്ക് വലിയമ്മയുടെ കൂടെ കുളത്തിൽ കുളിക്കാൻ പോയപ്പോളാണ് കാര്യങ്ങൾ വലിയമ്മ അറിയുന്നത്.മാളു ഒന്നും പറഞ്ഞില്ലെങ്കിലും അട്ടക്കരി വെച്ച വീട്ടിലെ സ്ത്രീയും കുളിക്കാനെത്തിയിരുന്നു.അവർ പറഞ്ഞു “മോളെ തല കുളിപ്പിക്കണ്ട.നെറുകയിൽ മുറിവുണ്ട്.” മുറിവിന്റെ ആഴം കണ്ടു അമ്പരന്നു വലിയമ്മയും വലിയച്ഛനും ഉടനെ ആശുപത്രിയിൽ എത്തിച്ചു വേണ്ട വൈദ്യ സഹായം ഉറപ്പാക്കി.മുറിവ് കണ്ടു അന്നത്തെ ഡോക്ടർമാരും സ്തബ്ധരായത്രേ.”ഇതെന്തൊരു ടീച്ചറാണ്!” ആ സ്കൂളിൽ ഇനി കുട്ടി പഠിക്കാൻ പോകേണ്ടെന്നു വീട്ടുകാർ തീരുമാനിച്ചു. മാളുവിന്റെ ആ വർഷം അങ്ങിനെ പോയി. അടുത്ത കൊല്ലം വേറൊരു സ്കൂളിൽ ചേർത്തി . പക്ഷെ വീട്ടുകാർ ഒരു സ്കൂൾ മാറ്റത്തിൽ കാര്യങ്ങൾ നിർത്തിയില്ല. വലിയച്ഛനും ഒരു മാഷായതു കൊണ്ടായിരിക്കണം, എ.ഇ.ഒയിനോട് പരാതിപ്പെട്ടു. മേലധികാരികൾ ആ കൊച്ചു പ്രൈമറി സ്കൂളിലെത്തി അന്വേഷണം നടത്തി ടീച്ചറെ സസ്പെൻഡ് ചെയ്തു. അമ്മൂമ്മ പിന്നെയും ടീച്ചറെ പല പരിപാടികൾക്കും കാണാറുണ്ടെങ്കിലും സംസാരിക്കാറില്ലായിരുന്നു.

ഇന്ന് ഇങ്ങനെയൊന്നും ടീച്ചർമാർ കുട്ടികളെ അടിച്ചു പഠിപ്പിക്കാൻ പാടില്ലെന്നാണ് വെപ്പ്.ചൂരൽ പാടെ ഇപ്പോഴും ഉപേക്ഷിച്ചിട്ടില്ലെന്ന് ചീരുവിനറിയാം. സ്വന്തം മക്കളെ പഠിപ്പിക്കണം എന്ന വിചിത്രമായ നിർദ്ദേശവുമായി സ്കൂളിൽ എത്തുന്ന അച്ഛനമ്മമാരെ കണ്ടു അവൾ അന്തം വിട്ടു നിന്നിട്ടുണ്ട്.ഇപ്പോൾ ഈ ഓൺലൈൻ കാലത്തു ടീച്ചർമാർക്കു കൊടുക്കാൻ പറ്റാത്ത അടിയൊക്കെ അച്ഛനമ്മമാർ തന്നെ ആയിരിക്കുമോ കൊടുക്കുന്നുണ്ടാവുക. അതോർത്തപ്പോൾ ചീരുവിനു സങ്കടം വന്നു.

കഥ പറഞ്ഞു കഴിയുമ്പോഴേക്കും അമ്മൂമ്മയും മറ്റൊരു കാലത്തും, സ്ഥലത്തും എത്തിക്കഴിഞ്ഞിരുന്നു .പക്ഷേ ഇത്തവണ പെട്ടെന്ന് തന്നെ തിരികെ ചീരുവിന്റെ ഓൺലൈൻ ക്ലാസ്സിലേക്കെത്തി. എന്തൊക്കെ പ്രയാസമുണ്ടെങ്കിലും ടീച്ചർമാർക്കു കംപ്യൂട്ടറിലൂടെ അടിക്കാൻ പറ്റില്ലല്ലോ .ചീരുവും അമ്മൂമ്മയും പൊട്ടിച്ചിരിച്ചു.വീണ്ടും ഓൺലൈനിൽ ക്ലാസ്സിലെത്തുമ്പോൾ അതുവരെ ഇല്ലാതിരുന്ന ഒരുന്മേഷവും, ചിരിയും ചീരുവിന്റെ മുഖത്ത് പടർന്നു.പക്ഷെ ചില കൂട്ടുകാരെ ഓർത്തു അവൾക്കു വല്ലാത്ത വിഷമവും തോന്നി...

കവിത

**മഹിത്ത്**
ട്രാൻസ്മെൻ



# ആടിമാസം



ആടിമാസ കുളിരെ നീ പോരു
കാത്തു വെച്ച കനവിൽ നീയുണ്ട്
പൂത്തിടുന്ന പുളകം ചൂടിക്കാം
പൂമണവും വീശി വരവേൽക്കാം

മന്ദഹാസം തൂകി നീ വന്നാൽ
മാരിവില്ലിൻ ഏഴഴകാണല്ലോ
ചന്തമോലും പൂഞ്ചേലയുമായി
സ്വന്തമാക്കാൻ ഞാനും വരുമല്ലോ

നീ വന്നുചേരും പൂവനിയിൽ
കുളിർകാറ്റായ് പുൽകിയുണർത്താം ഞാൻ

അഴകിന്റെ പാൽക്കുടവും തൂവി
ആശിച്ച കിനാക്കൾ കതിരാകും

ശാസ്ത്രം

**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ



# സാറാ ഗിൽബർട്ടിന്റെ വാക്സിൻ വിജയഗാഥ

കോവിഡ്-19 വൈറസ്സിനു മുന്നിൽ ലോകം വിറച്ചു നിൽക്കുന്ന സമയത്ത് കോവിഡിനെ പ്രതിരോധിക്കാൻ ശേഷിയുള്ള വാക്സിൻ തേടിയുള്ള അന്വേഷണത്തിലായിരുന്നു ഗവേഷകർ. എന്നാൽ ലോകം കൊട്ടിഘോഷിച്ച പല വാക്സിൻ ഗവേഷണങ്ങൾക്കും ചുക്കാൻ പിടിച്ചത് വനിതകളായിരുന്നു എന്ന് എത്ര പേർക്കറിയാം? അത്തരമൊരു വിജയഗാഥയാണ് ഡെയിം സാറാ കാതറീൻ ഗിൽബർട്ട് എന്ന സാറാ ഗിൽബർട്ടിന്റേത്. കോവിഡ്-19 വൈറസ്സിന്റെ ജനിതക രഹസ്യങ്ങൾ പുറത്തുവന്നയുടൻ തന്നെ വാക്സിൻ ഗവേഷണം ആരംഭിച്ച സാറാ ഗിൽബർട്ടിന്റെ ശ്രമങ്ങൾ വിജയത്തിലെത്താൻ വേണ്ടിവന്നത് ഏതാനും മാസങ്ങൾ മാത്രം! അതാണ് ഓക്സ്ഫഡ് വാക്സിൻ.ശാസ്ത്രത്തിൽ തികച്ചും വ്യത്യസ്തമായത് എന്തെങ്കിലും ചെയ്യാനാണ് തനിക്കിഷ്ടമെന്നു പറയുന്ന ഈ ബ്രിട്ടീഷ് വാക്സിനോളജിസ്റ്റ് ദീർഘകാല വാക്സിൻ ഗവേഷണങ്ങളിലൂടെ ആർജ്ജിച്ച അറിവും അനുഭവസമ്പത്തും കൈമുതലാക്കിയാണ് ആരെയും അമ്പരപ്പിക്കുന്ന വേഗത്തിൽ ഓക്സ്ഫഡ് വാക്സിൻ ഡിസൈൻ ചെയ്തത്. സാറയുടെ തന്നെ വാക്കുകളിൽ പറഞ്ഞാൽ വൈറസ്സിനെതിരെയുള്ള ഒരു പടയോട്ടം തന്നെയായിരുന്നു അത്.



1962-ൽ നോതാംപ്റ്റൺഷയറിലെ കെറ്ററിങ്ങിലാണ് സാറാ ഗിൽബർട്ടിന്റെ ജനനം. കെറ്ററിങ് ഗേൾസ് ഹൈ സ്ക്കൂളിൽ പഠിക്കുന്ന കാലത്തു ഭാവിയിൽ വൈദ്യശാസ്ത്രം പഠിക്കാനാണ് ആ പെൺകുട്ടി ആഗ്രഹിച്ചിരുന്നത്. സാക്സഫോൺ വായിക്കുന്നതിലും തല്പരയായിരുന്നു സാറ.ഈസ്റ്റ് ആംഗ്ലിയ സർവ്വകലാശാലയിൽ നിന്ന് ജീവശാസ്ത്രത്തിൽ ബിരുദം നേടിയ സാറ ഹൾ സർവ്വകലാശാലയിൽ നിന്നുമാണ് ഡോക്റ്ററേറ്റ് നേടിയത്. റോഡോസ്പോറിയം ടോറുലോയ്ഡ്സ് എന്ന യീസ്റ്റിന്റെ ജനിതകവും ജൈവരസതന്ത്രവുമായിരുന്നു ഗവേഷണ വിഷയം.ഡോക്റ്ററേറ്റ് നേടിയ ശേഷം ബ്രൂയിങ് ഇൻഡസ്ട്രി റിസർച്ച് ഫൗണ്ടേഷനിൽ പോസ്റ്റ് ഡോക്റ്ററൽ ഗവേഷകയാ

യി ചേർന്ന സാറ 1990-ൽ ഡെൽറ്റ ബയോടെക് നോളജി എന്ന ഫാർമസ്യൂട്ടിക്കൽ ഗവേഷണസ്ഥാപനത്തിൽ ഗവേഷകയായി. എന്നാൽ 19994-ൽ ആഡ്രിയൻ ഹില്ലിന്റെ ലബോറട്ടറിയിൽ ചേർന്ന് മലേറിയ രോഗാണുവും ആതിഥേയ കോശങ്ങളും തമ്മിലുള്ള പരസ്പര പ്രവർത്തനങ്ങളെക്കുറിച്ചു നടത്തിയ ഗവേഷണങ്ങൾ ശ്രദ്ധേയമായി. 1998-ൽ ഒറ്റ പ്രസവത്തിൽ മൂന്നു കുട്ടികൾക്ക് ജന്മം നൽകിയ സാറ കുടുംബത്തിന്റെയും കുട്ടികളുടെയും പേരിൽ ഗവേഷണത്തിൽ നിന്നും വിട്ടു നിന്നില്ല. 2004-ൽ ഓക്സ്ഫഡ് സർവ്വകലാശാലയിൽ റീഡറായി. 2010-ൽ ജന്നർ ഇൻസ്റ്റിയൂട്ടിൽ പ്രഫസർ ആയി ജോലി ചെയ്യുന്ന സമയത്ത് ഇൻഫ്ലുവൻസ വാക്സിൻ വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണങ്ങളിലും അതിന്റെ ക്ലിനിക്കൽ ട്രയലിലും പ്രധാന പങ്കു വഹിച്ചു. 2014-ൽ എബോള വാക്സിന്റെ ക്ലിനിക്കൽ ട്രയൽ നടന്നപ്പോൾ അതിനു നേതൃത്വം നൽകിയതും സാറയായിരുന്നു. 2012-ൽ മെർസ് (മിഡിൽ ഈസ്റ്റ് റസ്പിറേറ്ററി സിൻഡ്രോം) പൊട്ടിപ്പുറപ്പെട്ടപ്പോൾ അതിനെക്കുറിച്ചു പഠിക്കാനായി സാറാ ഗിൽബർട്ട് സൗദി അറേബ്യയിലേക്ക് യാത്ര ചെയ്തു. അതിനെതിരെയുള്ള വാക്സിൻ വികസിപ്പിക്കുന്നതിന്റെ ഭാഗമായി മെർസ് വൈറസ്സിലെ സ്പൈക്ക് പ്രോട്ടീനു കാരണമായ ജീൻ ചിമ്പൻസികളിൽ ജലദോഷത്തിനു കാരണമാവുന്ന അഡിനോവൈറസ്സിൽ സന്നിവേശിപ്പിച്ചു. ഇങ്ങനെ ജനിതകമാറ്റം വരുത്തിയ അഡിനോവൈറസ്സിനെ മനുഷ്യകോശങ്ങളിൽ പ്രയോഗിച്ചാൽ സ്പൈക്ക് പ്രോട്ടീൻ നിർമ്മിക്കാൻ തുടങ്ങുകയും അപ്പോൾ അതിനെതിരെ ശരീരത്തിലെ രോഗപ്രതിരോധ സംവിധാനം ഉണർന്നു പൂർവ്വാധികം ശക്തമായി പ്രവർത്തിക്കുകയും ചെയ്യും. ശരീരത്തെ ഒരു മോക്ക് റണ്ണിനു തയ്യാറാക്കിക്കൊണ്ടുള്ള ഈ വാക്സിൻ വിദ്യ തന്നെയാണ് കോവിഡ്-19 വൈറസ്സിനെതിരെയുള്ള ഓക്സ്ഫഡ് വാക്സിൻ വികസിപ്പിച്ചെടുക്കുന്നതിൽ സാറാ ഗിൽബർട്ട് പ്രയോഗിച്ചത്.

താൻ വികസിപ്പിച്ചെടുത്ത കോവിഡ് വാക്സിൻ തന്റെ മക്കളിൽത്തന്നെ പ്രയോഗിച്ചാണ് ശരീരത്തിൽ ആന്റിബോഡി നിർമ്മാണം നടക്കുന്നുണ്ടോ എന്ന് സാറാ ഗിൽബർട്ട് പരിശോധിച്ചത്. സാറയുടെ പെൺമക്കളായ കെയ്റ്റ്ലിനും സൂസന്നയും മകനായ ഫ്രെഡ്ഡിയുമാണ് വാക്സിൻ പരീക്ഷണത്തിൽ പങ്കാളികളായത്. മൂവരും ബയോകെമിസ്ട്രി വിദ്യാർഥികളാണ്. വാക്സിൻ ഫലപ്രദമെന്ന സൂചന ലഭിച്ചതോടെ കുരങ്ങുകളിൽ വാക്സിൻ




പരീക്ഷണം ആരംഭിച്ചു. ക്ലിനിക്കൽ ട്രയലുകൾ ഫലപ്രദമെന്നു കണ്ടതോടെ കോവിഡ് വൈറസ്സിനെതിരെയുള്ള വാക്സിൻ യാഥാർഥ്യമായി. ഓക്സ്ഫഡുമായുള്ള കരാർ അനുസരിച്ച് ആസ്ട്രസെനക കമ്പനി വൻതോതിൽ വാക്സിൻ നിർമ്മാണവും തുടങ്ങി. ദീർഘനാൾ വാക്സിൻ ഗവേഷണത്തിൽ മുഴുകിയതിന്റെ അനുഭവസമ്പത്താണ് അതി വേഗം ഓക്സ്ഫഡ് വാക്സിൻ വികസിപ്പിച്ചെടുക്കാൻ തന്നെ സഹായിച്ചതെന്ന് സാറാ ഗിൽബർട്ട് പറയുന്നു.വിവാഹിതയും മൂന്നു മക്കളുടെ അമ്മയും ആയിട്ടും ഗവേഷണത്തിൽ നിന്നും മാറിനിൽക്കാതെ, ഒരു മഹാമാരിക്കെതിരെയുള്ള പോരാട്ടത്തിൽ ലോകത്തിനു തുണയാവുന്ന വാക്സിൻ വികസിപ്പിച്ചെടുത്ത സാറാ ഗിൽബർട്ട് എന്ന, ഇപ്പോൾ 59 വയസ്സുള്ള ഗവേഷകയുടെ ജീവിതം ശാസ്ത്രരംഗത്തെ സ്ത്രീകൾക്ക് എന്നും പ്രചോദനമേകുന്നതാണ്.


AVT
QUALITY YOU CAN TRUST
SINCE 1925
AVT pure
Green tea
Infuse Health
AVT
Garden Fresh
CTC DUST TEA
STRENGTH SEALED - IN
AVT PREMIUM
Garden Fresh
CTC DUST TEA
AVT
GOLD cup
PREMIUM
dust tea
AVT PREMIUM